കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പ്രസിദ്ധീകരിക്കുന്ന
കുട്ടികളുടെ മാസിക

# തളിര്

2024 ജൂൺ
വില ₹25




# ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച പുതിയ പുസ്തകങ്ങൾ





ഓടിവായോ കീയോ
**ഡോ. ടി പി കലാധരൻ**
(ചിത്രപുസ്തകം)
വില ₹90




അമ്മയും നന്മയും
**ഡോ. സ്മിത നായർ പി ജി**
(ചിത്രപുസ്തകം)
വില ₹90



ആകാശമത്സ്യം
**ഡോ. ടി പി കലാധരൻ**
(ചിത്രപുസ്തകം)
വില ₹90




മീശ
**ഷിനോജ് രാജ്**
(ചിത്രപുസ്തകം)
വില ₹60




കുഞ്ഞൂട്ടി കവിതകൾ
**ഡോ. നമിത യു**
(ചിത്രപുസ്തകം)
വില ₹50




ഗുഡ്നൈറ്റ്
**സൈജ എസ്**
(ചിത്രപുസ്തകം)
വില ₹50

## കൂടുതൽ പുസ്തകങ്ങൾക്ക്

**website : www.ksicl.org**

**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, പാളയം, സംസ്കൃത കോളേജ് കാമ്പസ്, തിരുവനന്തപുരം 34, ഫോൺ** 0471-233 3790, e-mail : director@ksicl.org
**താഴെ കാണുന്ന അക്കൗണ്ട് നമ്പറിൽ പണം അടച്ചതിനു ശേഷം മൊബൈൽ നമ്പറിലേക്ക് രസീതും വിലാസവും വാട്സാപ്പ് മെസേജ് ചെയ്യുക.** MOB: 8547971483
ACCOUNT NUMBER : 67178297569. IFSC : SBIN0000941

---

## തളിര് മാസിക തപാലിൽ ലഭിക്കാൻ

**വാർഷികവരിസംഖ്യയായ 250 രൂപ**
**ബാങ്ക് ട്രാൻസ്ഫർ/മണിയോർഡർ/ഡിഡി ആയി അയയ്ക്കുക.**
**ACCOUNT NUMBER : 30583524448 | IFS Code : SBIN0004360**
**BANK: SBI - SPL PBB, THIRUVANANTHAPURAM**

ഓൺലൈൻ ട്രാൻസ്ഫർ മുഖേന വരിസംഖ്യ അടയ്ക്കുമ്പോൾ താമസം കൂടാതെ മാസിക ലഭിക്കുന്നതിന് ബാങ്ക് ട്രാൻസ്ഫർ വിവരങ്ങളും മാസിക ലഭിക്കേണ്ട പൂർണവിലാസവും (പിൻകോഡും മൊബൈൽനമ്പറും ഉൾപ്പെടെ) കാണിച്ച് ഇൻസ്റ്റിറ്റ്യൂട്ടിലേക്ക് ഒരു കത്ത്/ ഇമെയിൽ (thaliru@ksicl.org)അയക്കേണ്ടതാണ്. **8547971483** എന്ന നമ്പറിലേക്ക് വാട്സാപ്പ് ആയും രസീതും വിലാസവും അയക്കാവുന്നതാണ്.

പത്തു വയസ്സിനു മുകളിലുള്ള
കുട്ടികൾക്കായുള്ള
പ്രസിദ്ധീകരണം

ജൂൺ 2024
വില ₹25
വാർഷികവരിസംഖ്യ ₹250

# തളിര്

Vol:31, Issue: 6
June 2024

## ഉള്ളടക്കം



### പ്രകൃതിസന്ദേശം

6

**സച്ചിദാനന്ദൻ**

അണുക്കളെപ്പോലും പടക്കോപ്പാക്കി നീ
അറിക, ആനയും മരവും മൈനയും
ഒരു പോലാണെനി,ക്കവരുമീ ഭൂമി-
ക്കവകാശമുള്ളോർ, അവരാദ്യം വന്നോർ.


### കൊച്ചുചാൾസിന്റെ ഛായാചിത്രം

14

**കെ സതീഷ്**

കൊച്ചുചാൾസിന്റെയും അനിയത്തിയുടെയും ചിത്രം വരയ്ക്കാനാണ് എലൻ ഷാർപ്ള്സ് എത്തുന്നത്. പിന്നീട് ലോകപ്രശസ്തമായിത്തീർന്ന ആ ചിത്രം പശ്ചാത്തലമാക്കി ഒരു കഥ.





### ജീബൻ സ്മൃതി

**ബാബു രാമചന്ദ്രൻ**

8

ഇന്ത്യയുടെ ദേശീയഗാനം രചിച്ച രബീന്ദ്രനാഥ് ടാഗോറിന്റെ കുട്ടിക്കാലംപോലും വലിയൊരു പാഠപുസ്തകമാണ്. ബാല്യകാലത്തിലൂന്നി രബിയുടെ ജീവിതത്തിലേക്കൊരു യാത്ര.

അത്യാഗ്രഹം വേണ്ട..........7
പള്ളിയറ ശ്രീധരൻ
പൂക്കൾ..........13
എൻ പി ചന്ദ്രശേഖരൻ
സാഗരം നീലസാഗരം..........18
പ്രദീപ് ഓർക്കാട്ടേരി
സാഞ്ചി ബുദ്ധസ്മാരകം..........22
കെ രമ
പറക്കും മുറി..........25
വിമീഷ് മണിയൂർ
അന്ധരുടെ രാജ്യം..........26
എച്ച് ജി വെൽസ്
പുനരാഖ്യാനം: വിഷ്ണുരാജ് വി ആർ
ബഹിരാകാശത്തെ കാലാവസ്ഥ..30
ശ്യാം വി എസ്
മടിയൻ..........34
അരുൺ രവി
തണലാവണം..........38
ഹാജറ കെ എം
ഭാഷാപരിചയം..........39
സാബു കോട്ടുക്കൽ
വീണ്ടെടുക്കാം ഭൂമിയെ..........40
സീമ ശ്രീലയം
ഇളംതളിര്..........44

ഇൻസ്റ്റിറ്റ്യൂട്ട് ചെയർമാൻ
**സജി ചെറിയാൻ**
(ബഹു. സാംസ്കാരിക വകുപ്പു മന്ത്രി)

സ്ഥാപക എഡിറ്റർ
**സുഗതകുമാരി**

എഡിറ്റർ
**പള്ളിയറ ശ്രീധരൻ**

പത്രാധിപസമിതി
**കെ രമ**
**കെ എൻ കുട്ടി കടമ്പഴിപ്പുറം**
**ചേർത്തല രാജൻ**
**ആലപ്പി രമണൻ**

എക്സിക്യൂട്ടീവ് എഡിറ്റർ
**നവനീത് കൃഷ്ണൻ എസ്**
**അഞ്ജന സി ജി**
**സോബിൻകുമാർ കെ എസ്**

ഡിസൈൻ , ലേഔട്ട്
**നവനീത് കൃഷ്ണൻ എസ്**

കവർ
**ബോബി എം പ്രഭ**

പ്രൊഡക്ഷൻ
**സുബിൻ കെ സുഭാഷ്**

**തളിര്**
കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം
തിരുവനന്തപുരം 695 034

**ഫോൺ**
0471-233 3790, 8547971483
e-mail : thaliru@ksicl.org,
director@ksicl.org

**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണം**
1970 മുതൽ പ്രസിദ്ധീകരിക്കുന്നത്
www.ksicl.org




വര: ബോബി എം പ്രഭ

# വായിച്ചു വളരാം ചിന്തിച്ചു വിവേകം നേടാം

അവധിക്കാലം കഴിഞ്ഞു. സ്കൂളുകളൊക്കെ തുറന്നു. പ്രവേശനോത്സവത്തിന്റെ മധുരവും ആഹ്ലാദവുമുള്ള പുതുമകളാവും നിങ്ങളുടെ മുന്നിൽ. പുതിയ ക്ലാസ്, പുസ്തകങ്ങൾ, അധ്യാപകർ... അങ്ങനെ പുതുമകളേറെ. കൂട്ടുകാരോടും പറയാനുണ്ടാകും ഏറെയേറെ അവധിക്കാല വിശേഷങ്ങൾ. അതൊക്കെ പങ്കുവച്ച്, പുതിയ പുതിയ പാഠഭാഗങ്ങൾ പഠിച്ച്, പുത്തനറിവുകൾ പങ്കുവച്ച് മിടുക്കരായി വളരാൻ കഴിയട്ടേ. സ്കൂളിലെ പാഠഭാഗങ്ങൾക്കൊപ്പം വായിച്ചും നിരീക്ഷിച്ചും കണ്ടും പുതിയ പുതിയ അറിവുകൾ സ്വായത്തമാക്കാൻ കഴിയണം. അപ്പോഴേ ലോകത്തെ മുന്നോട്ടു നയിക്കുന്ന മികച്ച പൗരരായി മാറാൻ കഴിയൂ.

വായനയാണ് അറിവിലേക്കുള്ളൊരു മികച്ച വഴി. മനുഷ്യനെ ഇന്നത്തെ ആധുനികമനുഷ്യനാക്കിയത് അക്ഷരവും വായനയുമാണ്. ജൂൺ 19 വായനദിനമാണ്. കേരള ഗ്രന്ഥശാലാ സംഘം രൂപീകരിച്ച കെ എൻ പണിക്കരുടെ ചരമദിനമാണ് നമ്മൾ വായനദിനമായി ആചരിക്കുന്നത്. വായിച്ചു വളരുക, ചിന്തിച്ചു വിവേകം നേടുക എന്നാണ് അദ്ദേഹം കുട്ടികളോട് വിളിച്ചുപറഞ്ഞത്. അതിനാൽ നല്ല പുസ്തകങ്ങൾ വായിക്കൂ. വായിച്ച പുസ്തകങ്ങളെക്കുറിച്ച് കുറിപ്പുകളും തയ്യാറാക്കൂ. നിങ്ങൾ തയ്യാറാക്കിയ കുറിപ്പുകൾ കൂട്ടുകാരുമായി പങ്കുവയ്ക്കണം. തളിരിലേക്കും അവ അയച്ചുതരണം.

ലോകപരിസ്ഥിതിദിനമാണ് ജൂൺ 5ന്. സ്കൂൾ തുറക്കുന്നതുതന്നെ ലോകപരിസ്ഥിതിദിനം ആചരിച്ചുകൊണ്ടാണെന്നു പറയാം. പരിസ്ഥിതിയെക്കുറിച്ച് അവബോധമുള്ള

ഒരു തലമുറ ഇപ്പോൾ വളർന്നുവരുന്നുണ്ട് എന്നത് ആശാവഹമാണ്. ആ തലമുറയുടെ ഭാഗമാണ് നിങ്ങളെല്ലാവരും. നമുക്കൊരിക്കലും ഭൂതകാലത്തേക്ക് തിരിച്ചുപോകാനാവില്ല. എന്നാൽ കാടുകൾ വളർത്തിയും പട്ടണങ്ങളെ ഹരിതാഭമാക്കിയും മഴവെള്ളത്തെ ശരിയായ രീതിയിൽ സംഭരിച്ചും മണ്ണിന്റെ ഫലഭൂയിഷ്ഠതയെ നിലനിർത്തിയുള്ള കൃഷിരീതികൾ അവലംബിച്ചുമെല്ലാം നമുക്ക് പച്ചപ്പുനിറഞ്ഞ ഭൂതകാലത്തിലേക്ക് തിരിച്ചുപോകാനാകും. ഓരോ പരിസ്ഥിതിദിനത്തിലും കൂടുതൽ കൂടുതൽ പച്ചപ്പിലേക്ക് നമുക്ക് ഭൂമിയെ നയിക്കാം.

ലോക സൈക്കിൾദിനം(ജൂൺ 3), ലോക ഭക്ഷ്യസുരക്ഷാ ദിനം(ജൂൺ 7), ലോകസമുദ്രദിനം(ജൂൺ 8), അന്താരാഷ്ട്ര ആൽബനിസം ദിനം(ജൂൺ 13), ലോക രക്തദാനദിനം(ജൂൺ 14), അന്താരാഷ്ട്ര ഛിന്നഗ്രഹദിനം(ജൂൺ 30) തുടങ്ങി നിരവധി ദിനാചരണങ്ങൾ ജൂൺ മാസത്തിൽ നടക്കുന്നുണ്ട്. ഇവയെക്കുറിച്ചെല്ലാം അറിയാനും അറിഞ്ഞവ കൂട്ടുകാരുമായി പങ്കുവയ്ക്കാനും ശ്രമിക്കണം. തളിരിൽ ഇത്തരം ദിനാചരണങ്ങളെക്കുറിച്ചുള്ള ലേഖനങ്ങൾ വരാറുണ്ട്. അതു വായിക്കണം. ഈ ദിനാചരണങ്ങളുടെ ഭാഗമായി എങ്ങനെ മാറാമെന്നും ചിന്തിക്കണം.

നല്ലൊരു അധ്യയനവർഷം എല്ലാവർക്കും ആശംസിക്കുന്നു.

സ്നേഹത്തോടെ,

**പള്ളിയറ ശ്രീധരൻ**
എഡിറ്റർ

**മനുഷ്യനെ ഇന്നത്തെ ആധുനികമനുഷ്യനാക്കിയത് അക്ഷരവും വായനയുമാണ്. ജൂൺ 19 വായനദിനമാണ്. കേരള ഗ്രന്ഥശാലാ സംഘം രൂപീകരിച്ച കെ എൻ പണിക്കരുടെ ചരമദിനമാണ് നമ്മൾ വായനദിനമായി ആചരിക്കുന്നത്. വായിച്ചു വളരുക, ചിന്തിച്ചു വിവേകം നേടുക എന്നാണ് അദ്ദേഹം കുട്ടികളോട് വിളിച്ചുപറഞ്ഞത്. അതിനാൽ നല്ല പുസ്തകങ്ങൾ വായിക്കൂ. വായിച്ച പുസ്തകങ്ങളെക്കുറിച്ച് കുറിപ്പുകളും തയ്യാറാക്കൂ. നിങ്ങൾ തയ്യാറാക്കിയ കുറിപ്പുകൾ കൂട്ടുകാരുമായി പങ്കുവയ്ക്കണം. തളിരിലേക്കും അവ അയച്ചുതരണം.**



## ഹോർത്തൂസ് മലബാറിക്കൂസിലൂടെ

### നെല്ലിപ്പുളി

**ശാസ്ത്രീയനാമം:**
**ഫില്ലാന്തസ് അസിഡസ്**
(Phyllanthus acidus)

ഇതിൽ പറഞ്ഞിരിക്കുന്ന കനാന എന്ന സ്ഥലം കണ്ണൂരാണ്.

**ഔഷധഗുണങ്ങൾ**
വേരിന്റെയും തടിയുടെയും തൊലി കടുകും ജീരകവും ചേർത്തുകഴിച്ചാൽ ഛർദ്ദിയും വയറിളക്കവും മാറ്റുന്നു.
മഞ്ഞക്കൂവ കൂടെ ചേർത്തു കൈകാൽവേദനയ്ക്കുള്ള മരുന്നായി ഉപയോഗിക്കാം.



ഡോ. ബി ഇക്ബാൽ തയ്യാറാക്കിയ *കുട്ടികളുടെ ഹോർത്തൂസ് മലബാറിക്കൂസ്* എന്ന പുസ്തകത്തിൽനിന്ന്. പ്രസാധനം : ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്

# പ്രകൃതിസന്ദേശം

സച്ചിദാനന്ദൻ

ഉരുകുന്നൂ മഞ്ഞ് മലയിൽ വെള്ളി പോൽ,
ഉരുകുന്നൂ മഞ്ഞ് ധ്രുവങ്ങളിൽ കൂടി.
തിളയ്ക്കുന്നൂ കടൽ അടുപ്പിൽ വെച്ച പോൽ
വിറയ്ക്കുന്നൂ ഭൂമി പനി പിടിച്ച പോൽ.

പറക വയ്യെപ്പോൾ മഴയാം, വേനലാം
പറക വയ്യെപ്പോൾ ഇല പൊഴിഞ്ഞിടും
പറക വയ്യെപ്പോൾ മലർ വിരിഞ്ഞിടും:
ഇടറിപ്പോകുന്നൂ ഋതുക്കൾ തൻ താളം.

ഇതാരു ചെയ്യുന്നൂ കുലം മുടിക്കുവോൻ?
ഭയന്നിരിക്കുന്നൂ മനുഷ്യരൊക്കെയും.
പറയുന്നൂ അമ്മ പ്രകൃതി നമ്മോട്
വിരൽ ചൂണ്ടി : “നീയേ നിനക്കു ശത്രുവായ്!”

കരുതി ഭൂമി തന്നരചൻ നീയെന്ന്,
അരുതരുതെന്നു വിലക്കി ഞാനന്നേ.
പല കുറി നൽകീ വിപദ്സന്ദേശങ്ങൾ:
പ്രളയം, കാട്ടുതീ, വരൾച്ച, വ്യാധികൾ.

ചെവിക്കൊള്ളാതെ വൻമല നിരത്തി നീ,
വനങ്ങൾ വെട്ടി നീ, കുളം നികത്തി നീ,
പുഴകൾ വറ്റിച്ചു, തടാകങ്ങൾക്കു മേൽ
പണിതു മേടകൾ പല നിലകളിൽ.

അണുക്കളെപ്പോലും പടക്കോപ്പാക്കി നീ
അറിക, ആനയും മരവും മൈനയും
ഒരു പോലാണെനി,ക്കവരുമീ ഭൂമി-
ക്കവകാശമുള്ളോർ, അവരാദ്യം വന്നോർ.

സഹചരർ നിങ്ങൾ, അടിമകളില്ല,
യജമാനരില്ല, ഒരമ്മ പെറ്റവർ.
അടക്കുകീയാർത്തി, മദം, ക്രൗര്യം, ഹിംസ,
മുടിക്കുമല്ലെങ്കിൽ മനുഷ്യവംശം ഞാൻ.

പടയൊരുക്കേണ്ട, മുടിച്ചു തിന്നേണ്ട,
കരുണ പോരുമേ, സഹജമൈത്രിയും.
വരിക, രണ്ടല്ല പ്രകൃതിയും മർത്ത്യ-
കുലവും, ഒന്നിച്ചേയതിജീവിക്കു നാം!



വര: വെങ്കി

# അത്യാഗ്രഹം വേണ്ട

**പള്ളിയറ ശ്രീധരൻ**



വര: എൻ ജി സുരേഷ്കുമാർ പുല്ലങ്ങടി

അമേരിക്കയിലെ വലിയ വ്യവസായിയാണയാൾ. വലിയ വീട്, സ്വന്തമായി വ്യവസായശാലകൾ, ധാരാളം ജോലിക്കാർ... ആകെ തിരക്കുപിടിച്ച ജീവിതം.

ഒരിക്കലും ഒരു വിശ്രമവും കിട്ടുന്നില്ല. ശരിക്ക് ഉറങ്ങിയിട്ട് കാലം കുറേ ആയി. ആ തിരക്കിനിടയിൽ അല്പം മോചനം അയാൾ ആഗ്രഹിച്ചു.

ഒരു ദിവസം ആരോടും പറയാതെ ആഫ്രിക്കയിലെ ഒരു നഗരത്തിലേക്ക് വിമാനയാത്ര നടത്തി. യാത്ര പോകുന്ന കാര്യം പറഞ്ഞാൽ പോകുന്ന സ്ഥലത്ത് സ്വൈരം തരില്ല. ആഫ്രിക്കയിലെ ആ നഗരത്തിൽനിന്ന് അയാൾ ഒരു ലക്ഷ്യവുമില്ലാതെ യാത്ര തുടർന്നു. ഒടുവിൽ ഒരു തീരത്തെത്തി. ശാന്തമായ അന്തരീക്ഷം. തികച്ചും ഗ്രാമം. ഇത് അയാൾക്ക് വളരെ ഇഷ്ടപ്പെട്ടു. അയാൾ കടൽത്തീരത്തു ചെന്നു. അവിടെ കടലിൽനിന്ന് ഒരാൾ മീൻപിടിക്കുന്നതു കണ്ടു. കുറച്ചുകഴിഞ്ഞപ്പോൾ അയാൾ മീൻപിടുത്തം മതിയാക്കി. വലയും മീൻകുട്ടയുമെടുത്ത് വീട്ടിലേക്കു പോകാൻ തുടങ്ങി.

"ഹലോ, താങ്കൾ ഒരു മീൻപിടുത്തക്കാരനാണ് എന്ന് മനസ്സിലായി. അല്പം മാത്രമല്ലേ മീൻ പിടിച്ചുള്ളൂ. മീൻപിടുത്തം മതിയാക്കി എന്താണ് ഇത്ര വേഗം മടങ്ങിപ്പോകുന്നത്? വേറെ ജോലി വല്ലതുമുണ്ടോ?"

അയാൾ ആ മീൻപിടുത്തക്കാരനോടു ചോദിച്ചു.

"ഏയ്, വേറെ ജോലി ഒന്നുമില്ല. ഇന്ന് ഇത്ര മീൻ മതി."

"സമയം കുറച്ചല്ലേ ആയുള്ളൂ. രാത്രി ആവാൻ ഇനിയും ധാരാളം സമയമുണ്ട്. കുറച്ചു കൂടി സമയം മീൻ പിടിച്ചു കൂടേ?"

"ഇന്നത്തേക്ക് ഇതു മതി."

"ഇത്ര നേരത്തെ വീട്ടിൽ പോയിട്ട് താങ്കൾ എന്തു ചെയ്യും?"

"എനിക്ക് ഭാര്യയും മക്കളുമുണ്ട്. കുറച്ചു സമയം അവരോടൊത്ത് ചെലവഴിക്കും, ടി വി കാണും, ഫുട്ബോൾ കളിക്കും, പിന്നെ ഉറങ്ങും."

"ചങ്ങാതീ, കുറച്ചുകൂടി മീൻപിടിക്കൂ. അത് വിറ്റാൽ നിങ്ങൾക്ക് കൂടുതൽ പണം കിട്ടും."

"എന്നിട്ടോ?"

"മീൻപിടിക്കാൻ ഒരു തോണി വാങ്ങാം. തോണി ഉണ്ടായാൽ കൂടുതൽ മീൻപിടിക്കാം. അതു വിറ്റ് നിങ്ങൾക്ക് ഒരു ബോട്ട് വാങ്ങാം. ഒന്നോ രണ്ടോ ജോലിക്കാരെ വെയ്ക്കാം. കൂടുതൽ മീൻ കിട്ടും."

"എന്നിട്ട്?"

"മീൻ സംസ്കരണശാല തുടങ്ങാം. വീട് മോടിപിടിപ്പിക്കാം. ധനം കൂടിയാൽ പിന്നെ ജോലിയൊന്നും എടുക്കേണ്ടതില്ല. താങ്കൾക്ക് ടി വി കണ്ട്, ഫുട്ബോൾ കളിച്ച്, ഭാര്യയോടും മക്കളോടുമൊപ്പം സമയം ചെലവഴിച്ച് ജീവിക്കാം."

"അതിന് ഇത്രയൊക്കെ അധ്വാനിക്കേണ്ടതുണ്ടോ? അതുതന്നെയല്ലേ ഞാനിപ്പോഴും ചെയ്തുകൊണ്ടിരിക്കുന്നത്?"

ഉള്ളതു കൊണ്ട് സംതൃപ്തിപ്പെടുക. അത്യാഗ്രഹം ഒരിക്കലും നല്ലതല്ല. ആഗ്രഹം ആവശ്യംതന്നെ; പക്ഷേ അത്യാഗ്രഹം വേണ്ട.

ജീവചരിത്രം

# ജീബൻ സ്മൃതി

ബാബു രാമചന്ദ്രൻ


രബീന്ദ്രനാഥ് ടാഗോറിന് സാഹിത്യത്തിനുള്ള നൊബേൽ സമ്മാനം നേടിക്കൊടുത്തത് *ഗീതാഞ്ജലി* എന്ന കൃതിയാണ്. എന്നാൽ ഈ കവിതാസമാഹാരം ഇല്ലായിരുന്നെങ്കിൽപ്പോലും രബീന്ദ്രനാഥ് ടാഗോറിനെ ലോകം ആദരിക്കുകതന്നെ ചെയ്യേനെ.

**രബീന്ദ്രനാഥ് ടാഗോർ**

**ജനനം 1861**
**മരണം 1941**



▲ ടാഗോറിന്റെ ഒപ്പ്





**1861** മെയ് ഏഴാം തീയതി, ജോരാസങ്കോ ഠാക്കൂർ ബാഡിയിൽ ശാരദ ദേവിയുടെയും ഭർത്താവ് ദേബേന്ദ്രനാഥ് ടാഗോറിന്റെയും സന്താനമായിട്ടാണ് രബീന്ദ്രനാഥ് ടാഗോർ ജനിക്കുന്നത്. കുട്ടിക്കാലത്ത് 'രബി' എന്ന ചെല്ലപ്പേരിൽ വിളിക്കപ്പെട്ട ആ കുഞ്ഞ്, വളർന്നു വലുതാവുമ്പോൾ ആ കുടുംബത്തിന്റെയും പിറന്ന നാടിന്റെയും യശസ്സ് വാനോളമുയർത്തുമെന്ന് അവനോ, അവന്റെ ഉറ്റവരോ സ്വപ്നത്തിൽപ്പോലും വിചാരിക്കുന്നില്ല.

വീട്ടിലെ പതിനാലു കുഞ്ഞുങ്ങളിൽ ഏറ്റവും ഇളയവനാണ് രബി. അവന്റെ അച്ഛൻ സദാ നാടുചുറ്റുന്നൊരു മഹർഷി. അമ്മ ശാരദ ദേവിയുടെ ആരോഗ്യമാണെങ്കിൽ സദാ കയ്യാലപ്പുറത്തും. അതുകൊണ്ടുതന്നെ, മാതാപിതാക്കളുടെ നേരിട്ടുള്ള ശ്രദ്ധ പലപ്പോഴും കുഞ്ഞു രബിയിലേക്ക് എത്തിയിരുന്നില്ല. ഇങ്ങനെ അമ്മയുടെ സ്നേഹം കുഞ്ഞുന്നാളിൽ കിട്ടാതിരുന്നതിന്റെ സങ്കടം അവനെ പിന്നീടങ്ങോട്ട് മരിക്കും വരെയും അലട്ടുന്നുണ്ട്.

എങ്കിലും സമ്പന്നകുടുംബം ആയിരുന്നതുകൊണ്ട്, അവനെ പരിചരിക്കാൻ എമ്പാടും സേവകരുണ്ടായിരുന്നു. ജോരാസങ്കോ ഠാക്കൂർബാഡിയുടെ ഒഴിഞ്ഞ ഇടനാഴികളിൽ സ്വന്തമായുണ്ടാക്കിയ കളിപ്പാട്ടങ്ങളുംവെച്ച് ഒറ്റയ്ക്കിരുന്നു കളിക്കുക അവന്റെ ശീലമായിരുന്നു. രബിയുടെ ഹൃദയത്തിൽ ഭാവന കൂടുകൂട്ടിയതും ഒരുപക്ഷേ ഈ ഏകാന്തസുന്ദര ബാല്യകാലദിനങ്ങളിൽ തന്നെയാവും.

ടാഗോർ 'ജീബൻ സ്മൃതി' എന്നപേരിൽ തന്റെ ആത്മകഥ എഴുതാൻ തുടങ്ങുന്നത് നാല്പത്തേഴാം വയസ്സിലാണ്. ഏതാണ്ട് അമ്പത് വയസ്സിനുള്ളിൽ അദ്ദേഹമത് എഴുതി പൂർത്തിയാക്കുകയും ചെയ്തു. ഇതു പിന്നീട് *My Reminiscences* എന്ന പേരിൽ ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്യപ്പെടുന്നുണ്ട്. പിന്നീടദ്ദേഹം എൺപതുവയസ്സുവരെ ജീവിച്ചിരിക്കുകയും പിൽക്കാല ജീവിതാനുഭവങ്ങളെക്കുറിച്ച് പിന്നെയും പലകുറി എഴുതുകയും ചെയ്യുന്നുണ്ട് എന്നത് വേറെ കാര്യം.

നല്ല ഒന്നാന്തരം വികൃതിക്കുട്ടനായിരുന്നു രബി. അവന്റെ കുറുമ്പത്തരങ്ങൾകൊണ്ട് ടാഗോർ കുടുംബത്തിലെ പരിചാരകർ വലഞ്ഞു. അവർ അവനെ അടക്കിയിരുത്താൻ വേണ്ടി രാമായണത്തിലെ സീതാപഹരണത്തിന്റെ കഥ പറഞ്ഞുകൊടുത്തു. ശേഷം, ചോക്കുകൊണ്ട് ചുറ്റിനും വട്ടത്തിലൊരു ലക്ഷ്മണരേഖ വരച്ചുവെച്ച്, അത് താണ്ടിയാൽ രാവണൻ വന്നു തട്ടിക്കൊണ്ടുപോകും എന്നുപറഞ്ഞ് അവനെ അവർ ഭയപ്പെടുത്തി, അടക്കിയിരുത്തി.

ടാഗോർ കുടുംബത്തിലെ പതിവനുസരിച്ച് അവിടത്തെ ഏറ്റവും മുതിർന്ന കുട്ടിക്കു മാത്രമേ സ്കൂളിൽ പോയി പഠിക്കാനുള്ള ഭാഗ്യം സിദ്ധിച്ചിരുന്നുള്ളൂ. ഇളയ മക്കളെ പഠിപ്പിക്കാൻ വീട്ടിൽ ട്യൂട്ടർ വരും. ഏറ്റവും ഇളയവനായ രബി ഒരു സുപ്രഭാതത്തിൽ അവനും സ്കൂളിൽ പോവണം എന്ന് വാശി പിടിക്കാൻ തുടങ്ങി. പഠിപ്പിക്കാൻ വന്ന ട്യൂട്ടറെ ഈ വാശി ചൊടിപ്പിച്ചു. അയാൾ രബിയെ ചൂരലിന് കണക്കറ്റു പ്രഹരിച്ചു. ആ മർദ്ദനം അവന്റെ മനസ്സിൽ ഒരിക്കലും മായാത്ത മുറിവുകൾ വീഴ്ത്തി. കുറെക്കൂടി മുതിർന്നപ്പോൾ വീട്ടുകാർ അവനെ The Oriental Seminary School എന്ന ബോർഡിങ് സ്കൂളിൽ ചേർത്തു. അച്ചടക്കം ഏറെ കർശനമായിരുന്ന അവിടെ നിന്നും നിസ്സാരകാര്യങ്ങളുടെ പേരിൽ രബിക്ക് നിരന്തരം മർദ്ദനങ്ങൾ ഏൽക്കേണ്ടി വന്നു. അധികം വൈകാതെ അവിടത്തെ പഠിത്തം മതിയാക്കി ഒരു സാധാരണ സ്കൂളിലേക്ക് അവൻ മാറി. അവിടെയും പക്ഷേ അധ്യാപകരുടെ പീഡനമുറകൾക്ക് അറുതിയുണ്ടായില്ല. ഈ രണ്ടു സ്കൂളുകളിലെ ദുരനുഭവത്തിനു ശേഷം, The Bengal Academy എന്ന പുതിയൊരു സ്കൂളിൽ ചേർന്ന് അവൻ പഠിത്തം തുടരുന്നു. പക്ഷേ, എന്തുകൊണ്ടോ ഈ പരമ്പരാഗത വിദ്യാലയങ്ങൾ ഒന്നുംതന്നെ രബിയെ പഠിത്തത്തിലേക്ക് ആകർഷിക്കുന്നതിൽ വിജയിക്കുന്നില്ല.

അച്ഛൻ ദേബേന്ദ്രനാഥ് ടാഗോർ ഒരു താപസപ്രകൃതനായിരുന്നു. ഒരു ദിവസം അദ്ദേഹം മകനെ അടുത്തുവിളിച്ച്, 'മോനേ രബീ, അച്ഛൻ ഹിമാലയത്തിലേക്ക് ഒരു യാത്ര പോവുകയാണ്. നീ പോരുന്നോ?' എന്നു ചോദിക്കുന്നു. ആ ചോദ്യം കേട്ടമാത്രയിൽ അവൻ മറ്റൊന്നും ആലോചിക്കാതെ അച്ഛനൊപ്പം ഇറങ്ങിപ്പുറപ്പെട്ടു.

ഇന്നത്തെ കാലമല്ല, നൂറ്റമ്പത് കൊല്ലം മുമ്പ് ഇന്ന് കാണുന്നപോലുള്ള യാത്രാസംവിധാനങ്ങൾ ഒന്നുമില്ല. കിഴക്ക് കടൽക്കരയിൽ കിടക്കുന്ന കൊൽക്കത്തയിൽനിന്ന് അങ്ങ് വടക്ക് ഹിമാലയത്തിന്റെ ശിഖരങ്ങളിലേക്കുള്ള യാത്ര ഏറെ ദുഷ്കരമായ ഒന്നായിരുന്നു. ജീവിതത്തെക്കുറിച്ചുള്ള രബിയുടെ അന്നോളമുള്ള കാഴ്ചപ്പാടുകളെ അട്ടിമറിച്ച അനുഭവമായിരുന്നു അച്ഛനോടൊപ്പമുള്ള ഈ ഹിമാലയൻ യാത്ര. ഇന്ന് ശാന്തിനികേതൻ എന്ന് നമ്മളറിയുന്ന ആ സ്ഥലത്തുനിന്നാരംഭിച്ച ആ ഹിമാലയ യാത്രയുടെ ആദ്യത്തെ പിറ്റ്സ്റ്റോപ്പ് അമൃതസർ ആയിരുന്നു. അവിടെ അവർ കുറച്ചുനാൾ ചെലവിടുന്നു. ആ ദിവസങ്ങളിൽ എന്നും അവർ സുവർണ്ണക്ഷേത്രത്തിൽ ചെന്ന് പ്രാർത്ഥനകളിൽ മുഴുകുമായിരുന്നു.

അമൃതസറിൽനിന്ന് വീണ്ടും യാത്ര തുടരുന്ന അവർ, സമുദ്രനിരപ്പിൽനിന്ന് ആറായിരത്തിലധികം അടി ഉയരത്തിൽ കിടക്കുന്ന ഡൽഹൗസിയിലെത്തുന്നു. യാത്രയ്ക്കിടയിൽ അച്ഛൻ മകന് സംസ്കൃതം, ഇംഗ്ലീഷ്, ബംഗ്ലാ എന്നീ ഭാഷകളിലും ആധ്യാത്മികസാഹിത്യത്തിലും ശാസ്ത്രത്തിലും പുതിയ അറിവുകൾ പകർന്നുനൽകിക്കൊണ്ടിരുന്നു. രബിയാണെങ്കിൽ മുമ്പൊന്നുമില്ലാതിരുന്നത്ര ആവേശത്തോടെ ആ അറിവെല്ലാം സ്വായ

ത്തമാക്കാനും ശ്രമിച്ചു. ഹിമവാന്റെ മടിയിൽ ചെലവിട്ട അടുത്ത നാലുമാസം അവന്റെ ജീവിതത്തെ ആകെ മാറ്റിമറിച്ചു. ആ കാലത്തിനുള്ളിൽ അവൻ രാമായണം സംസ്കൃതത്തിൽ ഹൃദിസ്ഥമാക്കി. ഓരോ വരിയും അവനു മനഃപാഠമായിരുന്നു. ആ കുഞ്ഞിന്റെ രക്തത്തിൽ ഓടിയിരുന്ന സാഹിത്യ, പ്രകൃതി താത്പര്യങ്ങളെ ഹിമാലയവാസം പുറത്തെത്തിച്ചു, തേച്ചുമിനുക്കി.

ഹിമാലയത്തിൽനിന്ന് മടങ്ങിവന്ന രബിയുടെ ജീവിതം പാടെ മാറിമറിഞ്ഞു. അച്ഛന് കൂട്ടുപോയി അറിവുള്ളവനായി മടങ്ങിയെത്തിയ അവനു ജോരാസങ്കോ ഠാക്കൂർബാഡിയിൽ കൂടുതൽ ബഹുമാനം കിട്ടി. വീട്ടിൽ വന്നുപോയിരുന്ന ബന്ധുക്കൾ, രബിയുടെ ഹിമാലയൻ കഥകളും രാമായണവും മറ്റും കേൾക്കാൻ അവനരികിൽ കാതോർത്തിരുന്നു. മകന്റെ ഈ മാറ്റം അപ്പോഴേക്കും രോഗഗ്രസ്തയായി കിടപ്പിലായിരുന്ന അമ്മ ശാരദയെയും ഏറെ സന്തോഷിപ്പിച്ചു.



▲
ചെറുപ്പക്കാരനായ ടാഗോർ. ലണ്ടനിൽ വച്ചെടുത്ത ഫോട്ടോ.

## പ്രതിഭയുടെ മിന്നലാട്ടം

പന്ത്രണ്ടാം വയസ്സിൽ രബി 'അഭിലാഷ' എന്ന പേരിൽ സുദീർഘമായ ഒരു കവിതയെഴുതി. അന്നത് തത്വബോധിനി പത്രിക എന്നൊരു മാസികയിൽ അച്ചടിച്ച് വരികയും ചെയ്തു. ഇതിനു പിന്നാലെ ദേബേന്ദ്രനാഥ് ടാഗോർ മകനെ St. Xaviers എന്നൊരു പുതിയ സ്കൂളിൽ ചേർത്ത് അവന്റെ മുറിഞ്ഞുപോയ ഔപചാരിക വിദ്യാഭ്യാസത്തിന് തുടർച്ച നൽകാൻ ശ്രമിച്ചു. പക്ഷേ, 1875 ൽ രബി വീണ്ടും സ്കൂൾ പഠിപ്പ് മതിയാക്കി. വീട്ടിലിരുന്നായി തുടർപഠനം.

എല്ലാം ഏറെക്കുറെ സമാധാനപൂർണ്ണമായി പോവുന്നതിനിടെ അവന്റെ അമ്മ ശാരദയുടെ ആരോഗ്യം വല്ലാതെ വഷളാവുന്നു. ഏറെക്കാലം രോഗാതുരയായി ചെലവിട്ട ശേഷം, ഒടുവിൽ 1876 മാർച്ച് 8 ന് ടാഗോറിന്റെ അമ്മ മരണത്തിനു കീഴടങ്ങി. അമ്മയുടെ മരണം അന്ന് കൗമാരപ്രായക്കാരനായിരുന്ന രബിയെ മാനസികമായി വല്ലാതെ തളർത്തുന്നുണ്ട്. തിരികെ ഹിമവാന്റെ മടിയിൽ ചെന്നഭയം പ്രാപിച്ചാലോ എന്ന് അവൻ ആദ്യമോർത്തു. പക്ഷേ, കൊണ്ടുപോകാൻ ആരുമില്ലായിരുന്നു. ഈ ഘട്ടത്തിൽ അവനു തുണയാകുന്നത്, ജ്യേഷ്ഠൻ ജ്യോതിരീന്ദ്രനാഥ് ടാഗോറും ചേട്ടത്തിയമ്മ കാദംബരി ദേവിയുമാണ്. കാദംബരിക്ക് രബിയെക്കാൾ ചില്ലറ വയസ്സിന്റെ മൂപ്പേ ഉണ്ടായിരുന്നുള്ളൂ. രബിക്ക് ഒരേസമയം പുതിയൊരമ്മയെയും സ്നേഹിതയെയുമാണ് കിട്ടിയത്. കാദംബരി ദേവിയുടെ സ്നേഹമസൃണമായ പരിചരണങ്ങളിൽ അവൻ അമ്മ മരിച്ച സങ്കടത്തിൽ നിന്ന് പതിയെ കരകയറി.

അവൻ വീണ്ടും കവിതകൾ എഴുതിത്തുടങ്ങി. പതിനാലാം വയസ്സിൽ അവൻ 'ബൻഫൂൽ' എന്ന പേരിൽ 1600 വരികളുള്ള ഒരു മഹാകാവ്യം തന്നെ രചിച്ചു. ഈ കവിത അന്ന് ഗ്യാനാങ്കുർ മാസികയിൽ അച്ചടിച്ചുവന്നു. അത് വളരെ ജനപ്രിയമാവുകയും ചെയ്തു.

1876ൽ ബ്രിട്ടീഷ് ഇന്ത്യയുടെ പുതിയ വൈസ്രോയിയായി ലിറ്റൻ പ്രഭു സ്ഥാനമേൽക്കുന്നു. അക്കൊല്ലം തന്നെയാണ് വിക്ടോറിയാ രാജ്ഞിയെ 'കൈസർ എ ഹിന്ദ്' അഥവാ ഇന്ത്യയുടെ ഭരണാധികാരി ആയി പ്രഖ്യാപിച്ച 1876 -ലെ പ്രൊക്ലമേഷനും ഉണ്ടാവുന്നത്. അധികാരമേറ്റ പാടെ ലിറ്റൻ പ്രഭു ചെയ്യുന്നത് ബ്രിട്ടീഷ് ഇന്ത്യയിലെ നാട്ടുരാജാക്കന്മാരെ എല്ലാം ക്ഷണിച്ചുവരുത്തി, ദില്ലിയിൽ ഒരു റോയൽ ദർബാർ സംഘടിപ്പിക്കുകയാണ്. 1877 ലെ പുതുവത്സരദിനത്തിൽ, ലിറ്റൻ പ്രഭു കുടുംബസമേതം ഒരു ആനപ്പുറത്തേറി ഘോഷയാത്രയായിട്ടാണ് അന്ന് ആ ദർബാറിൽ

പങ്കെടുക്കാനെത്തിയത്. 1877ൽ നടന്ന ഹിന്ദു മേളയുടെ പതിനൊന്നാം സമ്മേളനത്തിൽ, അന്ന് കഷ്ടി പതിനാറു വയസ്സ് തികഞ്ഞിരുന്ന രബി എന്ന പയ്യൻ, ലിറ്റൻ പ്രഭുവിന്റെ ഈ റോയൽ ദർബാറിനെ കണക്കറ്റു പരിഹസിച്ചുകൊണ്ട് 'ദില്ലി ദർബാർ' എന്ന പേരിൽ ഒരു ആക്ഷേപഹാസ്യ കവിത ആലപിക്കുന്നു. അതിനു ശേഷം, രബീന്ദ്ര നാഥ് ടാഗോറിന്റെ കവിതകൾ ആളുകൾ തേടിപ്പിടിച്ചു വായിച്ചുതുടങ്ങി.


## പുതിയ പ്രഭാതങ്ങൾ

മനുഷ്യൻ ഏറ്റവും അധികം സർഗാത്മകത പ്രകടിപ്പിക്കുക, ഏകാന്തതയുടെ പാരമ്യത്തിൽ എത്തിനിൽക്കുമ്പോഴാണ് എന്നു പറയാറുണ്ട്. തന്റെ ജീവിതത്തിലെ ആ ദുഃഖസന്ധിയെ മറികടക്കാൻ വേണ്ടി രബീന്ദ്രനാഥ ടാഗോറും ആശ്രയിച്ചത് എഴുത്തിനെത്തന്നെയാണ്. അദ്ദേഹം നാടകങ്ങൾ എഴുതി, അവയിൽ അഭിനയിച്ചു. കവിതകളെഴുതി, അവയ്ക്ക് സംഗീതം പകർന്നു പാടി. ടാഗോർ കുടുംബം അക്കാലത്ത് 'ഭാരതി' എന്നൊരു മാസിക പ്രസിദ്ധീകരിച്ചിരുന്നു. ഇതിനു പുറമെ 'ബാലക്' എന്ന പേരിൽ കുട്ടികൾക്കുള്ളൊരു മാസിക ടാഗോർ ഒറ്റയ്ക്കും നടത്തിയിരുന്നു. ബാലകിൽ അക്കാലത്ത് ശിശു മനഃശാസ്ത്രത്തെ അഗാധമായി വിശകലനം ചെയ്തുകൊണ്ടുള്ള നിരവധി പഠനങ്ങൾ പ്രസിദ്ധപ്പെടുത്തിയിരുന്നു. ഈ രണ്ടു മാസികകൾക്കും ബംഗാളിൽ നിരവധി വായനക്കാരും ഉണ്ടായിരുന്നു.

ഇക്കാലത്തു തന്നെയാണ് അദ്ദേഹത്തിന്റെ അക്കാലത്തെ കവിതകൾ ഒന്നിച്ചു സംഗ്രഹിച്ചുകൊണ്ട് 'Sonar Tori' എന്നൊരു കവിതാസമാഹാരം പുറത്തിറങ്ങുന്നത്. ഈ പുസ്തകം മധുരനാരങ്ങപോലെ ചെലവായി. പിന്നാലെ പോസ്റ്റ് മാസ്റ്റർ, ചിത്രാ, നദി, ചൈതാലി, വിദായി അഭിശാപ്, വൈകുണ്ഡ് കഥാ, ചിർ കുമാർ സഭ, കാബൂളിവാല തുടങ്ങി ഒന്നിന് പിന്നാലെ ഒന്നായി നിരവധി കൃതികൾ പുറത്തുവന്നു. ഇക്കൂട്ടത്തിൽ കാബൂളിവാല എന്ന നോവൽ ഇന്ത്യൻ വെള്ളിത്തിരയിൽ നിരവധി ഭാഷകളിൽ പലവട്ടം സിനിമാരൂപത്തിൽ പുറത്തുവന്നു.

അങ്ങനെ എല്ലാം ഏറെക്കുറെ സമാധാനപരമായി പൊയ്ക്കൊണ്ടിരിക്കെ നാട്ടിൽ ചില കോളിളക്കങ്ങളുണ്ടാവുന്നു. 1897 ൽ ബ്രിട്ടീഷുകാർക്കെതിരെ അക്രമം അഴിച്ചുവിടാൻ ആഹ്വാനം ചെയ്യുന്ന ലേഖനം എഴുതി എന്നാരോപിച്ച് ബാലഗംഗാധര തിലകനെ ബ്രിട്ടീഷ് പോലീസ് രാജ്യദ്രോഹക്കുറ്റം ചുമത്തി അറസ്റ്റുചെയ്യുന്നു. തിലകനെ തുറുങ്കിലടച്ചു എന്ന വിവരം പുറത്തുവന്നതോടെ ആസേതുഹിമാചലം ജനരോഷം ആർത്തിരമ്പി. സ്വാതന്ത്ര്യസമരത്തിന്റെ തീച്ചൂളയിലേക്ക് എടുത്തുചാടാതിരിക്കാൻ അന്ന് രബീന്ദ്രനാഥിനും ആയില്ല. കൽക്കത്തയിൽ ചേർന്ന മഹാസമ്മേളനത്തിൽ സംബന്ധിച്ചുകൊണ്ട് അദ്ദേഹവും ബ്രിട്ടീഷുകാർക്കെതിരെ ആഞ്ഞടിച്ചു.

ലോകം പുതിയ നൂറ്റാണ്ടിലേക്ക് കാലെടുത്തുവെയ്ക്കുന്ന കാലമായിരുന്നു അത്. പഴയനൂറ്റാണ്ടിനു വിടപറഞ്ഞുകൊണ്ടുള്ള ടാഗോറിന്റെ സുദീർഘ കവിത, 'നൂറ്റാണ്ടിന്റെ അന്ത്യം' പുറത്തു



സാഹിത്യത്തിൽ മാത്രമല്ല ശാസ്ത്രവിഷയങ്ങളിലും വലിയ താത്പര്യമുണ്ടായിരുന്നു ടാഗോറിന്. വിഖ്യാത സയന്റിസ്റ്റായ ആൽബർട്ട് ഐൻസ്റ്റൈനിനെ ടാഗോർ കണ്ടുമുട്ടിയപ്പോൾ എടുത്ത ഫോട്ടോ.

വരുന്നു. അക്കൊല്ലം തന്നെയാണ് ടാഗോർ തന്റെ വിശ്വപ്രസിദ്ധ പാഠശാലയായ ശാന്തിനികേതനത്തിനും തറക്കല്ലിടുന്നത്. ശാന്തിനികേതൻ ഇന്നും ലോകത്തിലെ ഏറ്റവും നല്ല വിദ്യാലയങ്ങളിൽ ഒന്നാണ്.

1901 ഡിസംബർ 21 ന് അദ്ദേഹം ബ്രഹ്മചര്യ ആശ്രമം എന്ന പേരിൽ ശാന്തിനികേതനിൽ ഒരു



ശാന്തിനികേതൻ സന്ദർശിച്ച ഗാന്ധിജിയും ഭാര്യ കസ്തൂർബയും രബീന്ദ്രനാഥ് ടാഗോറിനും ശാന്തിനികേതനിലെ അന്തേവാസികൾക്കുമൊപ്പം.

വിദ്യാശ്രമം ആരംഭിച്ചു. അഞ്ചു വിദ്യാർഥികൾ. അഞ്ച് അധ്യാപകർ. നമുക്ക് ഏറ്റവും അധികം പഠിക്കാനുള്ളത് പ്രകൃതിയിൽനിന്നു തന്നെയാണ് എന്നായിരുന്നു ടാഗോറിന്റെ സങ്കല്പം. അതുകൊണ്ട് ക്ളാസ്സുകൾ പലപ്പോഴും മരച്ചുവട്ടിൽത്തന്നെ ആയിരുന്നു. ശാന്തിനികേതനത്തിൽ ലോകോത്തര വിദ്യാഭ്യാസം ആർജിക്കാനുള്ള സാഹചര്യം ഒരുക്കണം എന്ന് ടാഗോറിന് നിർബന്ധമുണ്ടായിരുന്നു. അതുകൊണ്ട് ലോകത്തിന്റെ പല ഭാഗങ്ങളിൽനിന്നായി അതതു മേഖലകളിലെ മികച്ച അധ്യാപകരെ അദ്ദേഹം അവിടേക്ക് കൊണ്ടുവന്നു. കാമ്പസിൽ താമസിച്ചുകൊണ്ടുതന്നെ അവർ കുട്ടികളെ പഠിപ്പിച്ചു. സ്വന്തം വസ്തുവകകൾ വിറ്റും ഭാര്യയുടെ ആഭരണങ്ങൾ പണയം വെച്ചും കടമെടുത്തും ഒക്കെയാണ് ടാഗോർ അന്ന് ശാന്തിനികേതനിലെ കെട്ടിടങ്ങൾ പണിയിച്ചതും മറ്റു ചെലവുകൾ നോക്കിയതും.

ശാന്തിനികേതനിൽ നിഷ്കർഷിച്ചിരുന്ന ചിട്ടകളും ഏറെ കർക്കശമായിരുന്നു. കുട്ടികൾ രാവിലെ നാലുമണിക്ക് എഴുന്നേൽക്കണം. കുളിച്ചുടുപ്പുമാറി വന്നിരുന്ന് ഭോപാലി രാഗം ആലപിക്കണം. ശേഷം ഒരു പ്രഭാതഭേരിയുണ്ട്. രാവിലെ ഏഴുമണിയോടെ യോഗയും മറ്റു വ്യായാമങ്ങളും ചെയ്തുതുടങ്ങണം. അത് തീർന്നാലുടൻ പഠനം ആരംഭിക്കും. പത്തുമണിക്ക് പ്രാതൽ. ഒരല്പം വിശ്രമം. ഉച്ചയ്ക്കുശേഷം വീണ്ടും പഠനം തുടരും. അത് പുസ്തകങ്ങൾ ആവാം, എന്തെങ്കിലും കൈത്തൊഴിൽ ആവാം. വൈകുന്നേരങ്ങൾ കായികവിനോദങ്ങൾക്കുള്ളതാണ്. ശേഷം ചിത്രം വര, ശിൽപ്പകല, സംഗീതം, അഭിനയം തുടങ്ങിയവയിൽ പരിശീലനം. അതിലും എല്ലാവരും നിർബന്ധമായും പങ്കെടുക്കണം.

വൈവിധ്യങ്ങൾ ഏറെയുള്ള മനുഷ്യനായിരുന്നു ടാഗോർ. മനുഷ്യന്റെയും ദേശത്തിന്റെയും ജീവിതവൈവിധ്യങ്ങളിൽ അദ്ദേഹം അടിയുറച്ചു വിശ്വസിച്ചിരുന്നു. ഈ ജീവിതവൈവിധ്യങ്ങളെ ഇല്ലാതാക്കി, ഏകശിലാത്മകമായ പ്രതിലോമ സങ്കല്പങ്ങളിലേക്ക് ചുരുങ്ങാൻ നമ്മൾ നിർബന്ധിക്കപ്പെടുന്ന ഈ വർത്തമാനകാലത്തിൽ, ആയിരം കൈകളോടെ കലയിലും ജീവിതത്തിലും നിരന്തരം ഇടപെട്ടുകൊണ്ടിരുന്ന ഗുരുദേവ് രബീന്ദ്രനാഥ് ടാഗോർ എന്ന അപൂർവ ജന്മത്തെക്കുറിച്ചുള്ള ഓർമ്മകൾ, കുറേക്കൂടി വിവേകത്തോടെ ജീവിക്കാൻ നമ്മളെ പ്രേരിപ്പിച്ചേക്കാം.

# പൂക്കൾ

എൻ പി ചന്ദ്രശേഖരൻ

പൂക്കൾ വിരിയുന്നതെന്തിനാണ്?
പൂ കാണാൻ കാക്കുന്നോർക്കായിട്ടാണ്.
കാക്കുന്നോരാരാണ് പൂക്കൾ കാണാൻ?
പൂക്കാലം ഓർത്തിരിക്കുന്നോരാണ്.

ഓർക്കുന്നോർ ആരാണ് പൂവുകാലം?
കമ്പിളിയില്ലാത്തോരുണ്ടവരിൽ,
തീക്കൂടില്ലാത്തോരുമുണ്ടവരിൽ;
ചന്ദ്രികാമുറ്റങ്ങൾ, ചാമരങ്ങൾ,

സ്വന്തമായില്ലാത്തോരുണ്ടവരിൽ;
പേമാരിക്കാലത്ത് ചോരാക്കൂര
പേരിനില്ലാത്തോരുമുണ്ടവരിൽ;
സൂര്യാഘാതപ്പേടികൂടാതൊരു
വേനൽ കൊതിപ്പോരുമുണ്ടവരിൽ.
അവരുടെ സ്വപ്നപ്രതീകമായി
ഒരു വേളയെങ്കിലും മാറാനല്ലോ,
വഴിയിലും വയലിലും വേലിയ്ക്കലും
വലയുന്ന പുല്ലും പൂ ചൂടിടുന്നു!

പൂവില്ലാതുള്ളൊരു കാലമുണ്ടോ,
പൂക്കാലം പിന്നെന്തേ പൂക്കാലമായ്?
ആണ്ടിലൊരു കുറി വന്നു പോകും
പല പൂവിൻകാലം പൂക്കാലമല്ല.
പൂക്കാലം ആരാരും കണ്ടിട്ടില്ല
പൂക്കാലം നമ്മുടെ മോഹം മാത്രം.
പൂക്കാലത്തൊക്കെയും പൂക്കളാകും
പൂക്കളല്ലാതൊന്നുമില്ലാതാകും.

ഇലയന്നു ചില്ലതൻ പൂവായ് മാറും
ചില്ല മരത്തിന്റെ പൂവായ്ത്തീരും,
മരമന്നു മന്നിന്റെ പൂവായാടും
മന്നോ വിശ്വത്തിന്റെ പൂവായ്പ്പാടും.
മലകളും കരകളുമന്നു പൂക്കൾ
കിളികളും വയൽകളുമൊക്കെ പൂക്കൾ;
മീൻനിരക്കൂട്ടങ്ങൾ, മൃഗജാലങ്ങൾ,
മൺതരികൾപോലും തേൻപൂവുകൾ:
എവിടെത്തിരിഞ്ഞൊന്നു നോക്കിയാലും
അവിടെല്ലാം അന്നല്ലോ പൂക്കൾ കാണൂ!

പൂക്കൾ നമുക്കുള്ള സാന്ത്വനങ്ങൾ
പൂക്കാലം വരുമെന്ന വാഗ്ദാനങ്ങൾ.
പൂക്കൾ, പോന്നെത്തുന്ന പൂക്കാലത്തിൻ
പൂങ്കൊടികൾ-വഴിക്കൊടികൾ-മാത്രം.
പൂക്കാലം വരുവോളം പൂക്കളായി
പൂക്കാലം നോൽക്കുന്നോരാക നമ്മൾ,
പൂവായി മാറണം നമ്മളൊക്കെ
പൂവായിക്കാണപ്പെടാത്ത പൂക്കൾ;
പൂവായ് വിടരണം നമ്മളൊക്കെ
പൂവാകണം നീയെൻ പൂന്തേൻപൂവ്
പൂവായി മാറാം ഞാൻ നിന്റെ പൂവ്!



വര: സുധീർ പി വൈ

കഥ



# കൊച്ചുചാൾസിന്റെ ഛായാചിത്രം

**കെ സതീഷ്**

അമ്മ പിയാനോയിൽ വിവാൾഡിയുടെ 'വസന്തം' എന്ന സംഗീതശിൽപ്പം വായിക്കുകയാണ്. അത് ആസ്വദിച്ചുകൊണ്ട് കൊച്ചു ചാൾസ് തുറന്നിട്ട വലിയ ജനാലയിലൂടെ ഉദ്യാനത്തിലേക്കു നോക്കി. പെട്ടെന്നെങ്ങുനിന്നോ തെന്നിപ്പറന്നും ചാഞ്ചാടിയുമെത്തിയ മൂന്നാലു തുമ്പികൾ അവന്റെ കണ്ണിൽപ്പെട്ടു. പിയാനോയുടെ കട്ടകളിൽ അമ്മയുടെ നീൾ വിരലുകളുടെ നൃത്തം തുടർന്നു. അതിൽനിന്നുതിർന്ന സംഗീതത്തിനൊത്തെന്നപോലെ തുമ്പികളുടെ നൃത്തം. വസന്തം ഉദ്യാനത്തെയാകെ രോമാഞ്ചമണിയിച്ചിരുന്നു. വർണ്ണശബളമായ പക്ഷികൾ പൂക്കളും തളിരിലകളും നിറഞ്ഞ ശാഖകൾ തോറും തത്തിക്കളിച്ചു.

അമ്മ പിയാനോ വായന നിർത്തി വീണ്ടും കിടക്കയിലേക്കു ചാഞ്ഞു. അമ്മ ഈയിടെയായി ഇങ്ങനെയാണ്. എപ്പോഴും വയ്യായ്ക. മിക്കപ്പോഴും കിടത്തം തന്നെ. വല്ലപ്പോഴും മാത്രം കൊച്ചു ചാൾസിനൊപ്പം ഉദ്യാനത്തിലേക്കു പോകും. അവന് അമ്മയായിരുന്നു എപ്പോഴും കൂട്ട്. ആറു വയസ്സായെങ്കിലും സ്കൂളിൽ പോകുന്നത് അവനിഷ്ടമല്ല. പ്രത്യേകിച്ചും ലാറ്റിൻ ഭാഷ പഠിക്കുന്നത് അവൻ വെറുത്തു.

"സിക്കെനിം ദിലക്സിത്ത
ദ്ദേസ്
മുൻദുമുത് ഫീലിയം സൂം..."

സഹോദരങ്ങൾ ലാറ്റിൻ ചൊല്ലിപ്പഠിക്കുമ്പോൾ അവൻ 'ദ്ദബ്ബബ്ബജ്ജജ്ജ' എന്ന് അവരെ കളിയാക്കും.

ഒരുദിവസം അമ്മ ചോദിച്ചു:

"മോനേ, നിനക്ക് പഠിച്ച് അച്ഛനെപ്പോലെ ഒരു വലിയ ഡോക്ടറാവണ്ടേ?"

അവൻ പറഞ്ഞു:

"വേണ്ടമ്മേ, എനിക്ക് മരുന്നുകളുടെ മണം ഇഷ്ടമല്ല. ചോരയെ പേടിയാ..."

ഒട്ടു നിശ്ശബ്ദതയ്ക്കുശേഷം അവൻ തുടർന്നു.

"എനിക്ക് ഓബ്രിയങ്കിളിനെപ്പോലെ ഒരു തോട്ടപ്പണിക്കാരനായാൽ മതി."

അമ്മ ഉദാസീനമായി ഒന്നു മൂളുകമാത്രം ചെയ്തു.

സഹോദരങ്ങളോടുപോലും കൂട്ടുകൂടാതെ സ്വപ്നങ്ങളിൽ മുഴുകിയും പക്ഷികളെ നിരീക്ഷിച്ചും കുയിലുകളുടെ കൂജനങ്ങൾക്ക്

വര: കെ സതീഷ്

മറുകൂജനങ്ങളുതിർത്തും, കുഞ്ഞുപെട്ടികളിൽ വണ്ടുകളെയും പ്രാണികളെയുമൊക്കെ ശേഖരിച്ചും അവനങ്ങനെ കഴിഞ്ഞുപോന്നു. അമ്മയായിരുന്നു അവന് സർവതും. അമ്മയുടെ അസുഖം അവനെ വല്ലാതെ അലട്ടിയിരുന്നു.

ഒരു ദിവസം അവൻ അമ്മയോടു ചേർന്നു കിടന്നുകൊണ്ട് ചോദിച്ചു:

"അമ്മയ്ക്കെന്താ അസുഖം?"

"ഓ, ഒന്നുല്ലാ മോനേ, ക്ഷീണം..."

"അത്രയേ ഉള്ളൂ?"

"ഉം..."

അവൻ നെടുവീർപ്പിട്ടു. പുറത്ത് അച്ഛന്റെ കനത്ത പാദപതനങ്ങൾ അടുത്തുവരുന്നതായി അവൻ കേട്ടു. അദ്ദേഹം വന്നപാടെ അവനെ വാരിയെടുത്തു.

"നീ അമ്മയ്ക്ക് സ്വൈരം കൊടുക്കില്ല അല്ലേ? സ്വീകരണമുറിയിൽ ഒരു ആന്റി നിന്നെ കാത്തിരിപ്പുണ്ട്. അങ്ങോട്ട് ചെല്ലൂ. ഞാൻ അമ്മയ്ക്കു മരുന്നു കൊടുത്തിട്ട് ഇപ്പോൾത്തന്നെ വരാം..."

അവൻ സംശയത്തോടെയും മനസ്സില്ലാമനസ്സോടെയും സ്വീകരണമുറിയിലേക്കു ചെന്നു. അവിടെ അവന്റെ ഒരു വയസ്സിനിളയ കാതറിനെ കൊഞ്ചിച്ചുകൊണ്ടിരിക്കുന്ന ആന്റിയെ മുമ്പെപ്പോഴെങ്കിലും കണ്ടതായി അവനോർമ്മ വന്നില്ല. അവനെ കണ്ടതും ആന്റി അവനെ അടുത്തേക്കു വിളിച്ചു. അവർ സ്വയം പരിചയപ്പെടുത്തി:

"എന്റെ പേര് എലൻ ഷാർപ്‌ൾസ്"

കാതറിൻ വിശദീകരിച്ചു:

"എലൻ ആന്റി വലിയ ചിത്രകാരിയാണ്." ചുവരിലെ മുത്തച്ഛന്റെ ഛായാചിത്രം ചൂണ്ടിക്കൊണ്ട് അവൾ തുടർന്നു.

"ആന്റി വരച്ചതാണത്."

എലൻ ആന്റി പെട്ടെന്ന് ഇടപെട്ടു.

"അല്ല. അത് എന്റെ ഭർത്താവ് ജെയിംസ് ഷാർപ്‌ൾസ് വരച്ചതാണ്."

അപ്പോഴേക്കും അച്ഛനും അദ്ദേഹത്തിന്റെ കൈപിടിച്ചുകൊണ്ട് അമ്മയുമെത്തി. എലൻ ആന്റി എഴുന്നേറ്റുചെന്ന് സുപ്രഭാതം നേർന്നുകൊണ്ട് അമ്മയെ കെട്ടിപ്പിടിച്ചു. അവർ പരസ്പരം പുഞ്ചിരിക്കുന്നുണ്ടായിരുന്നുവെങ്കിലും ഇരുവരുടെയും കണ്ണുകളിൽ നീർ നിറഞ്ഞിരുന്നു. ഗദ്ഗദത്തോടെ എലൻ ആന്റി ഇത്രമാത്രം പറഞ്ഞു:

"വേഗം സുഖമാവട്ടെ. സമാധാനത്തോടെയിരിക്കൂ."

വീണ്ടും ചാൾസിനെ നോക്കി പുഞ്ചിരിച്ചുകൊണ്ട് എലൻ ആന്റി ചോദിച്ചു:

"നമുക്ക് തുടങ്ങാം?"

ചാൾസ് ഒന്നും മനസ്സിലാകാതെ അച്ഛനെയും അമ്മയെയും മാറിമാറിനോക്കി.

"ആന്റി നിങ്ങളുടെ രണ്ടു പേരുടെയും ഛായാചിത്രം വരയ്ക്കാൻ വന്നതാ..."

അമ്മ വിശദീകരിച്ചു.


അവൻ നാണത്തോടെ ചിരിച്ചു.

അപ്പോഴേക്കും കാതറിൻ ഒരു ചീർപ്പുമായിവന്ന് അവന്റെ



വര: കെ സതീഷ്





◀
ചിത്രകാരിയായ എലൻ ഷാർപ്ൾസ് വരച്ച പ്രശസ്തമായ ചിത്രം. ചാൾസ് ഡാർവിന്റെയും സഹോദരി കാതറിൻ ഡാർവിന്റെയും ഈ ചിത്രം 1816ലാണ് വരയ്ക്കുന്നത്. ചാൾസിന് ആറു വയസ്സായിരുന്നു അപ്പോൾ പ്രായം.

സ്വർണ്ണമുടി ഇടത്തുനിന്ന് വലത്തോട്ടു ചീകിത്തുടങ്ങി,

അവൻ അവളുടെ കൈയിൽ നിന്ന് ചീർപ്പുവാങ്ങി മുടി താഴോട്ട് നെറ്റിയിലേക്കു ചീകി.

എലൻ ആന്റി അപ്പോഴേക്കും ഈസലും* പേസ്റ്റലുകളും കട്ടിക്കടലാസുമെല്ലാം ഒരുക്കിവെച്ചു കഴിഞ്ഞിരുന്നു.

അച്ഛൻ തിരക്കിട്ട് അദ്ദേഹത്തിന്റെ രോഗികളുടെയടുത്തേക്കും അമ്മ തിരികെ കിടപ്പുമുറിയിലേക്കും പോയി.

ആദ്യം ചാൾസിന്റെയും പിന്നെ കാതറിന്റെയും മുഖങ്ങൾ എലൻ ആന്റി സ്കെച്ചിടുകയും നിമിഷങ്ങൾക്കകം അത് പൂർത്തിയാക്കുകയും ചെയ്തു.

"ഇനി ചാൾസ് അനിയത്തിക്കുമുമ്പിൽ മുട്ടുകുത്തിക്കൊണ്ട് അവൾക്ക് ഒരു പൂവ് സമ്മാനിക്കുന്ന മട്ടിൽ ഇരിക്കണം."

എലൻ ആന്റി ആവശ്യപ്പെട്ടു.

അവനുടനെ പുറത്തേക്കോടിച്ചെന്ന് കൊച്ചുപൂച്ചെട്ടിയിൽ ഒരു മുഴുവൻ ചെടിയുമായി തിരിച്ചെത്തി.

എലൻ ആന്റി പൊട്ടിച്ചിരിച്ചു.

"ഒരു പൂമാത്രം മതി!"

"അതു പറ്റില്ല; പൂവിറുക്കാൻ ഞാൻ സമ്മതിക്കില്ല."

ആ കുഞ്ഞു പൂച്ചെടി അവന്റെ അരുമയായിരുന്നു. അതിൽ പൂക്കൾ കനൽപോലെ ശോഭിച്ചു നിന്നു.

"ശരി. എങ്കിൽ പൂച്ചട്ടി കാതറിനുനേരെ പിടിച്ചുകൊണ്ട് മുട്ടുകുത്തി നിന്നോളൂ."

എലൻ ആന്റി ഏകാഗ്രചിത്തയായി ജോലി തുടർന്നു. പേസ്റ്റലിന്റെ 'ശകശകാ' ശബ്ദമൊഴികെ നിശ്ശബ്ദതമാത്രം. ഒടുവിൽ എലൻ ആന്റി പറഞ്ഞു:

"കഴിഞ്ഞു, പൂച്ചട്ടി താഴെ വെച്ചോളൂ."

അവർ തുടർന്ന് കുറച്ച് മിനുക്കു പണികൾ കൂടി ചെയ്തതോടെ ചിത്രത്തിന് അസാധാരണമായ മിഴിവു കൈവന്നു.

അമ്മയെ കാണിക്കാനായി ചാൾസ് അത് അകത്തേക്കു കൊണ്ടുപോയി. പിറകെ കാതറിനും എലൻ ആന്റിയും.

അമ്മ കണ്ണുതുറന്ന് ചിത്രത്തിൽ മിഴിയൂന്നി. സംതൃപ്തി

*ഈസൽ - കാൻവാസ് ഉറപ്പിക്കുന്ന സ്റ്റാന്റ്.*

യോടെ പുഞ്ചിരിച്ചുകൊണ്ടവർ എഴുന്നേറ്റിരുന്നു.

"അത് മേശപ്പുറത്ത് ചുവരോടു ചാരിവെയ്ക്കൂ, ചാൾസ്..."

വസന്തം കടന്നുപോയി. അമ്മയുടെ മുറിയിലേക്കിപ്പോൾ അച്ഛനും പരിചാരികയായ ആഗ്നസിനുമൊഴികെ മറ്റുള്ളവർക്ക് അപൂർവമായേ പ്രവേശനമുണ്ടായിരുന്നുള്ളൂ, ചാൾസിനുപോലും.

ചാൾസ് ഒരുദിവസം അച്ഛനോട് അപേക്ഷിച്ചു:

"അമ്മയെ കാണണം."

ഒന്നും മിണ്ടാതെ അവനൊരുമ്മ നൽകിയശേഷം അച്ഛൻ അവനെ ഉദ്യാനത്തിലേക്കു കൊണ്ടുപോയി. പൂക്കളിലും ശലഭങ്ങളിലും പക്ഷികളിലും അവന്റെ മനസ്സ് തത്കാലം ആമഗ്നമായെങ്കിലും വിഷാദം അവനിൽ തികട്ടിവന്നു.

"അമ്മയെ എപ്പോഴാണെനിക്ക് കാണാൻ പറ്റുക."

അവൻ അച്ഛനോട് വീണ്ടും ചോദിച്ചു. ഒട്ടൊരിടവേളയ്ക്കു ശേഷം അച്ഛൻ പറഞ്ഞു:

"ഒരാഴ്ച കഴിഞ്ഞ്... അമ്മയുടെ അസുഖം അപ്പോഴേക്കും ഭേദമാകും..."

മൂന്നുനാലു ദിവസങ്ങൾക്കു ശേഷം ചാൾസ് പുലർച്ചെ ഞെട്ടിയെഴുന്നേറ്റു. വീട്ടിൽ എല്ലാ വിളക്കുകളും പ്രഭചൊരിഞ്ഞു നിൽക്കുന്നു. പുറത്തു മഞ്ഞു പൊഴിയുന്നുണ്ടായിരുന്നു. ആരുടെയൊക്കെയോ കാൽപ്പെരുമാറ്റങ്ങൾ. അവന്റെ കമ്പിളിപ്പുതപ്പ് വകഞ്ഞുമാറ്റി ആഗ്നസ് ആന്റി അവനെ കൈപിടിച്ചെഴുന്നേൽപ്പിച്ചു.

"മുഖം കഴുകി വരൂ... അമ്മയെ കാണിച്ചുതരാം..."

അവൻ ഉത്സാഹത്തോടെ മുഖം കഴുകി വന്നപാടെ അവന്റെ മേശയുടെ വലിപ്പു തുറന്നു. അതിൽനിന്ന് അവൻ ഒരു കുഞ്ഞുപെട്ടി തപ്പിയെടുത്തു.

"അതെന്താണ്?"

"അത്... ഒരു വണ്ട്. പച്ചയും സ്വർണ്ണനിറവും കലർന്ന ഒരു വണ്ട്. അമ്മയെ കാണിക്കാനാ..."

അത്രമേൽ ഉത്സാഹഭരിതനായിരുന്നതിനാൽ ആഗ്നസ് ആന്റി കണ്ണീർ തുടയ്ക്കുന്നത് ചാൾസ് ശ്രദ്ധിച്ചില്ല.

# കഥയുടെ കഥ



എലൻ ഷാർപ്ൾസിന്റെ ഛായാചിത്രം

വിഖ്യാത പ്രകൃതിശാസ്ത്രജ്ഞനും പരിണാമസിദ്ധാന്തത്തിന്റെ ഉപജ്ഞാതാവുമായ ചാൾസ് ഡാർവിന്റെ ബാല്യകാലത്തെക്കുറിച്ചാണ് ഇപ്പോൾ നിങ്ങൾ വായിച്ച കഥ.

പ്രകൃതിയോടും ജീവജാലങ്ങളോടും ബാല്യകാലം മുതൽ അദ്ദേഹത്തിനുണ്ടായിരുന്ന ജിജ്ഞാസാഭരിതമായ പ്രതിപത്തി കഥയിൽ കാണാം.

കൊച്ചുചാൾസിന് അമ്മയായിരുന്നു സർവതും. അമ്മയുടെ വിയോഗം മൂലമുണ്ടായ ആഘാതത്തിൽനിന്ന് ജീവിതകാലത്തൊരിക്കലും ചാൾസ് ഡാർവിൻ മുക്തനായിരുന്നില്ല. അമ്മയുടെ മരണത്തിന് ഏതാനും മാസങ്ങൾക്കു മുമ്പ് എലൻ വാലസ് ഷാർപ്ൾസ് എന്ന ചിത്രകാരി രചിച്ച ഡാർവിന്റെയും സഹോദരിയുടെയും ഛായാചിത്രം പ്രസിദ്ധമാണ്. ഡാർവിൻ കുടുംബവുമായി പണ്ടുമുതലേ എലൻ ഷാർപ്ൾസിനും ഭർത്താവ് ജെയിംസ് ഷാർപ്ൾസിനും അടുപ്പമുണ്ടായിരുന്നു. ചാൾസ് ഡാർവിന്റെ മുത്തച്ഛനായ എറാസ്മസ് ഡാർവിന്റെ ഒരു ഛായാചിത്രം ജെയിംസ് ഷാർപ്ൾസ് രചിച്ചിട്ടുണ്ട്.

ഛായാചിത്രരചനയിൽ നൈപുണ്യം നേടിയ എലൻ ഷാർപ്ൾസ് ജനിച്ചത് ഇംഗ്ലണ്ടിലെ ലാൻകാസ്റ്ററിലാണ്.

ചിത്രകലയിൽ അവരുടെ ആദ്യ ഗുരുവായിരുന്ന ജെയിംസ് ഷാർപ്ൾസിനെ അവർ വിവാഹം കഴിച്ചു. ജോസഫ് പ്രീസ്റ്റ്ലി, ജോർജ് വാഷിംഗ്ടൺ എന്നിവരുടേതുൾപ്പെടെ അനേകം ഛായാചിത്രങ്ങൾ എലൻ ഷാർപ്ൾസ് രചിച്ചിട്ടുണ്ട്. പേസ്റ്റൽ ആയിരുന്നു അവരുടെ ഇഷ്ടമീഡിയം.

# സാഗരം... നീലസാഗരം

പ്രദീപ് ഓർക്കാട്ടേരി




**ഭൂമിയിൽ ജീവൻ ആദ്യമായി ഉണ്ടായത് സമുദ്രത്തിലാണ് എന്നാണ് നമ്മുടെ അറിവ്. അവിടുന്നങ്ങോട്ട് കോടിക്കണക്കിനു സ്പീഷീസുകളിലായി എണ്ണിയാലൊടുങ്ങാത്ത ജീവരൂപങ്ങൾ. ആദ്യജീവൻ തുടിച്ച സമുദ്രം കരയിലെ ജീവനും പിന്തുണയുമായി നിൽക്കുന്നു. സമുദ്രമില്ലെങ്കിൽ ഭൂമിയിൽ നമ്മളില്ല.**



ഭൗമോപരിതലത്തിന്റെ ഏതാണ്ട് 71 ശതമാനം പ്രദേശവും സമുദ്രമാണ്. ജീവൻ ആദ്യമായി രൂപീകരിക്കപ്പെട്ട, ജീവനെ ഇന്നും വൈവിധ്യത്തോടെ സംരക്ഷിക്കുന്ന ഭൂപ്രദേശമാണ് സമുദ്രം. ഈ സമുദ്രങ്ങൾ നേരിടുന്ന ഭീഷണികളെക്കുറിച്ചുള്ള അവബോധം വളർത്തുന്നതിനാണ് ലോകസമുദ്രദിനം ആചരിക്കുന്നത്.

സമുദ്രത്തെക്കുറിച്ചും അതിന്റെ ജൈവ വൈവിധ്യത്തെക്കുറിച്ചും അതിനെ നിലനിർത്തുന്ന പ്രക്രിയകളെക്കുറിച്ചും ഉള്ള നമ്മുടെ അറിവിന്റെ അപര്യാപ്തത സമുദ്ര ആവാസവ്യവസ്ഥയെ സംരക്ഷിക്കുന്നതിൽ വീഴ്ചയുണ്ടാകാൻ ഒരു പ്രധാന കാരണമായിട്ടുണ്ട്. ഈയൊരു പശ്ചാത്തലത്തിലാണ് അന്തർദേശീയതലത്തിൽ സമുദ്രദിനം ആചരിക്കണമെന്ന ആശയം 1992-ൽ നടന്ന റിയോ ഭൗമ ഉച്ചകോടി ചർച്ചചെയ്തത്. തുടർന്ന് 2008-ൽ ഐക്യരാഷ്ട്രസഭ ജൂൺ 8 സമുദ്ര ദിനമായി പ്രഖ്യാപിച്ചു.

ദേശരാഷ്ട്രങ്ങളുടെ രൂപപ്പെടലിനും അവ തമ്മിലുള്ള സംഘർഷത്തിനും സമന്വയത്തിനും കാരണമായ കപ്പലോട്ടങ്ങൾക്ക് ചരിത്രവഴി തീർത്ത ഭൂരൂപമാണ് മഹാസമുദ്രങ്ങൾ. ഭൂമിയുടെ മുക്കാൽ ഭാഗത്തോളം വ്യാപിച്ചിരിക്കുന്ന മഹാസമുദ്രങ്ങളാണ് ഭൂരിപക്ഷം ജീവനും ഇടമായി പ്രവർത്തിക്കുന്നത് എന്ന വസ്തുത പുതിയൊരു പാരിസ്ഥിതികാവബോധമാണ് പകർന്നുനൽകുന്നത്. സമുദ്രത്തിലെ ഉപ്പു മുതൽ തിമിംഗലം വരെയുള്ള വിഭവങ്ങളുടെ വൈവിധ്യം വിസ്മയങ്ങൾ തീർക്കുന്നു. ഉപജീവന ഇടം, ഗതാഗത മാർഗം, ജൈവ വൈവിദ്ധ്യ കേദാരം, അന്തരീക്ഷശുദ്ധീകരണം തുടങ്ങി എണ്ണിയാലൊടുങ്ങാത്ത പ്രകൃതിസേവനങ്ങൾ നൽകിക്കൊണ്ട് ഈ അഗാധനീലിമ മാനവരാശിയെ നിലനിർത്തുന്നു. ആദിമജീവകണത്തിന്റെ ഉദ്ഭവം സമുദ്രത്തിലാണെന്നതും മനുഷ്യനും സമുദ്രവും തമ്മിലുള്ള പൊക്കിൾക്കൊടി ബന്ധത്തെക്കൂടി സൂചിപ്പിക്കുന്നു.






ഇതു മാത്രമല്ല, 2021 മുതൽ 2030 വരെയുള്ള കാലം സുസ്ഥിര വികസനത്തിനു വേണ്ടിയുള്ള സമുദ്രശാസ്ത്ര ദശാബ്ദമായി പ്രഖ്യാപിച്ചിരിക്കുകയാണ് ഐക്യരാഷ്ട്ര സംഘടന. സമുദ്രങ്ങളുടെ സുസ്ഥിര വികസനത്തിലും പരിപാലനത്തിലും അന്താരാഷ്ട്രസഹകരണം ഉറപ്പുവരുത്താൻ ഇതിലൂടെ കഴിയും എന്നാണു പ്രതീക്ഷിക്കുന്നത്. സമുദ്രശാസ്ത്രത്തെ സഹായിക്കുന്ന നൂതനഗവേഷണങ്ങൾ നടക്കുമെന്നും പുതിയ സങ്കേതങ്ങൾ വികസിപ്പിക്കാൻ കഴിയുമെന്നും പ്രതീക്ഷിക്കുന്നു.

നമ്മുടെ സമുദ്രത്തിനും കാലാവസ്ഥയ്ക്കും വേണ്ടിയുള്ള ഉത്തേജക പ്രവർത്തനം എന്നതാണ് 2024-ലെ ലോകസമുദ്രദിന തീം. ആരോഗ്യമുള്ള



▶ ലോകത്ത് ആകെ ആറു ലക്ഷത്തിൽ അധികം കിലോമീറ്റർ നീളത്തിൽ തീരങ്ങൾ ഉള്ളതായി കണക്കാക്കപ്പെടുന്നു.

Photo: Pickpik



ഒരു നീല ഗ്രഹം മാത്രമല്ല, കൂടുതൽ നീതിയും സമത്വവും സുസ്ഥിരവുമായ ഒരു സമൂഹത്തെ സൃഷ്ടിക്കാനും സമുദ്രദിനാചരണ പ്രവർത്തനങ്ങൾ ലക്ഷ്യമിടുന്നു.

സമുദ്ര ആവാസവ്യവസ്ഥയുടെ പ്രാധാന്യം, സമുദ്രപഠനങ്ങളുടെ പ്രാധാന്യം, വിനോദസഞ്ചാരം, സമുദ്ര സമ്പദ്‌വ്യവസ്ഥയുടെ പ്രാധാന്യം, സമുദ്രത്തിന്റെ സുസ്ഥിര നിലനിൽപ്പിന്റെ പ്രാധാന്യം തുടങ്ങിയ ആശയങ്ങൾ പൊതുബോധത്തിലെത്തിക്കുന്നതിനാണ് സമുദ്രദിനാചരണം സംഘടിപ്പിക്കുന്നത്. മനുഷ്യന്റെ നിത്യജീവിതം, ഭക്ഷ്യസുരക്ഷ, ഊർജലഭ്യത, കാലാവസ്ഥാ വ്യതിയാനം, ജൈവവൈവിധ്യം, സമ്പദ്‌വ്യവസ്ഥ തുടങ്ങി മനുഷ്യജീവിതത്തിന്റെ

സമസ്തമേഖലകളിലും സമുദ്രം നിർണ്ണായക സ്വാധീനം ചെലുത്തുന്നുണ്ട്.

കാലാവസ്ഥയെ നിയന്ത്രിക്കുന്നതിലൂടെ, ഹരിതഗൃഹ വാതകമായ കാർബൺ ഡൈ ഓക്സൈഡിനെ ആഗിരണം ചെയ്യുന്നതിലൂടെ, സസ്യപ്ലവകങ്ങൾ പ്രകാശസംശ്ലേഷണ സമയത്തു പുറത്തുവിടുന്ന ഓക്സിജനിലൂടെ, ദശലക്ഷക്കണക്കിനാളുകൾക്ക് ജീവനോപാധി യാവുന്ന മത്സ്യസമ്പത്ത് അടക്കമുള്ള സമുദ്രവിഭ വങ്ങളിലൂടെയൊക്കെ സമുദ്രങ്ങൾ നമ്മെ സഹായിച്ചുകൊണ്ടേയിരിക്കുന്നു.

## സമുദ്ര ആവാസവ്യവസ്ഥ

361 ദശലക്ഷം ചതുരശ്രകിലോമീറ്ററാണ് ഭൂമിയിലെ സമുദ്രങ്ങളുടെ മൊത്തം വിസ്തൃതി. ദക്ഷിണാർധഗോളത്തിലാണ് സമുദ്രവിസ്തൃതി കൂടു തലായുള്ളത്. അറ്റ്ലാന്റിക്, പസഫിക്, ഇന്ത്യൻ എന്നിവയാണ് വിസ്തൃതിയിൽ മുന്നിൽ നിൽക്കുന്ന സമുദ്രങ്ങൾ. ആർട്ടിക് സമുദ്രം, മെഡിറ്ററേനിയൻ കടൽ എന്നിങ്ങനെ വിസ്തൃതി കുറഞ്ഞവയുമുണ്ട്.

സമുദ്ര ആവാസവ്യവസ്ഥയെ കടൽത്തീരത്ത് നിന്നുള്ള ദൂരം, ആഴം എന്നിവയുടെ അടിസ്ഥാന ത്തിൽ വിഭജിച്ചിരിക്കുന്നു. കടൽത്തീരത്തുനിന്ന് ഏതാനും കിലോമീറ്റർ വരെയുള്ള, താരതമ്യേന ആഴം കുറഞ്ഞ നെറിറ്റിക് മേഖലയിലാണ് കരയിൽ നിന്നും നദികളിൽനിന്നും നിക്ഷേപിക്കപ്പെടുന്ന പോഷകങ്ങൾ അടങ്ങിയിരിക്കുന്നത്. സൂര്യപ്രകാ ശവും യഥേഷ്ടം ലഭിക്കുന്നു. ഇവ ഉപയോഗി ച്ചാണ് സസ്യപ്ലവകങ്ങളും മറ്റു ജലജീവികളും പ്രകാശസംശ്ലേഷണം നിർവഹിക്കുന്നത്. ഏറ്റവും കൂടുതൽ പ്രകാശസംശ്ലേഷണം നടക്കുന്ന ഈ മേഖലയിൽത്തന്നെയാണ് ഹരിതസസ്യങ്ങളെയും അവ ഉത്പാദിപ്പിക്കുന്ന ആഹാരപദാർഥങ്ങളെയും ആശ്രയിച്ചു കഴിയുന്ന ജന്തുക്കൾ ജീവിക്കുന്നത്.

ഭൂമിയിലാകമാനം നടക്കുന്ന പ്രകാശസംശ്ലേ ഷണ പ്രക്രിയയുടെ 40 ശതമാനവും നടക്കുന്നത് സമുദ്രപരിസ്ഥിതിയിലാണ്. എന്നാൽ, സമുദ്ര പരിസ്ഥിതിയിൽ നടക്കുന്ന പ്രകാശസംശ്ലേഷ ണത്തിൽ പകുതിയിലേറെയും നിർവഹിക്കുന്നത് നീല-ഹരിത ആൽഗകളാണ്. സൂക്ഷ്മജീവികൾ മുതൽ തിമിംഗലങ്ങൾവരെയുള്ള വിവിധ ജീവി കൾ തമ്മിലുള്ള ആഹാരശൃംഖലാ ബന്ധവും അതുവഴി സംജാതമാകുന്ന ആഹാരജാലികയു മാണ് സമുദ്രആവാസവ്യവസ്ഥകളെ നില നിർത്തുന്നത്.

ഭൂമിയിൽ വിവിധ സ്ഥലങ്ങളിലെ കാലാവ സ്ഥാചക്രങ്ങളിലും അവയുടെ വൈവിധ്യത്തിലും സമുദ്രങ്ങൾ നിർണ്ണായകസ്വാധീനം ചെലുത്തു ന്നുണ്ട്. തിരമാലകൾ മൂലമുള്ള അപരദനവും (erosion) കടലാക്രമണവും തീരദേശ ആവാസവ്യവസ്ഥയ്ക്ക് കടുത്ത വെല്ലുവിളി സൃഷ്ടിക്കുന്നു.

## വലിയൊരു പണപ്പെട്ടി

പ്രതിവർഷം 55000 കോടിയോളം രൂപയുടെ പ്രകൃതി വിഭവങ്ങൾ സമുദ്രം നമുക്ക് സംഭാവന ചെയ്യുന്നുണ്ടെന്നാണ് കണക്ക്. സമുദ്രവ്യാപാരം, തീരദേശ ഉല്പാദനവും വിപണനവും, തീരദേശ-ആഴക്കടൽ ഖനനവും ഊർജവും, മത്സ്യബന്ധ നവും സംസ്കരണവും, അക്വാകൾച്ചർ, വിനോദ സഞ്ചാരം തുടങ്ങി നിരവധി മേഖലകളിലായാണ് സമുദ്രസമ്പത്ത് വ്യാപിച്ചുകിടക്കുന്നത്.


## കുപ്പത്തൊട്ടി

ലോക ജനസംഖ്യയുടെ പകുതിയോളം പേർ ജീവിക്കുന്നത് സമുദ്രത്തിന്റെ 100 കി.മീ. പരിധിയിലാണ്. 100 കോടിയിലേറെ മനുഷ്യർ സമുദ്രത്തെ നേരിട്ട് ആശ്രയിച്ചുജീവിച്ചുപോരുന്നു. എന്നിട്ടും 80 ശതമാനം സമുദ്ര മലിനീകരണ ത്തിനും കാരണം മനുഷ്യരാണെന്നത് ഞെട്ട ലുളവാക്കുന്നു. നഗരമാലിന്യങ്ങൾ, ലോഹ ഭാഗങ്ങൾ, ഖനികളിൽനിന്നുള്ള മാലിന്യ ങ്ങൾ, അണുവികിരണശേഷിയുള്ള മാലിന്യ ങ്ങൾ, കീടനാശിനികൾ, മറ്റു പലതരം വിഷവസ്തു ക്കൾ തുടങ്ങിയവയാണ് കടലിൽ വ്യാപക



മായി നിക്ഷേപിക്കപ്പെടുന്നത്. ഭൂമിയിലെ പ്രതിവർഷ പ്ലാസ്റ്റിക്ക് ഉത്പാദനം 300 ദശലക്ഷം മെട്രിക് ടൺ ആയിരിക്കെ, അതിൽ 8 ദശലക്ഷം മെട്രിക് ടൺ സമുദ്രത്തിൽ മാലിന്യമായി പതിക്കുന്നു. പരിസ്ഥിതിസംഘടനയായ ഗ്രീൻ പീസിന്റെ പഠനറിപ്പോർട്ട് പ്രകാരം പസഫിക് സമുദ്രത്തിൽ മാത്രം ഏതാണ്ടു 260-ഓളം സ്പീഷിസുകൾ പ്ലാസ്റ്റിക്ക് മലിനീകരണ ഭീഷണിയിലാണ്. സൂക്ഷ്മപ്ലവകങ്ങളും മത്സ്യങ്ങളും ആമകളും തിമിംഗിലങ്ങളും കടൽ പക്ഷികളുമൊക്കെ ഇതിൽപ്പെടും. പ്ലാസ്റ്റിക്ക് കണ്ടയിനറുകളുടെയും കവറുകളുടെയും കുപ്പ ത്തൊട്ടിയായി കടൽ മാറുന്നുവെന്നാണ് യുഎൻ പരിസ്ഥിതി സമിതിയുടെ ഒരു റിപ്പോർട്ട് മുന്നറിയിപ്പു നൽകുന്നത്. അന്തരീക്ഷമലിനീകരണവും ജൈവവൈവിധ്യനാശവും ജലമലിനീകരണവും ആഗോളതാപനവും സമുദ്രത്തെ സദാ ദുർബലപ്പെടുത്തുന്നു.

വെള്ളമില്ലെങ്കിൽ ജീവനില്ലെന്നും നീലയില്ലെങ്കിൽ പച്ചയില്ലെന്നും നാമറിയണം. ഹരിതാഭമായ ജീവിതത്തിന്റെ ഭാവി നിലകൊള്ളുന്നത് അനന്തവും അഗാധവുമായ സാഗരനീലിമയുടെ കാരുണ്യത്തിലാണ്. അതാണ് കരയും കടലും തമ്മിലുള്ള പാരസ്പര്യമെന്നും നാം തിരിച്ചറിയണം. ആയതിനാൽ ജീവന്റെ നിലനിൽപ്പിനായി കരയേയും കാടിനേയും എന്ന പോലെ കടലിനേയും സംരക്ഷിക്കുവാൻ നമുക്ക് ഒരുമിക്കാം.



▲ പ്ലാസ്റ്റിക് ബാഗ് കഴുത്തിൽ കുടുങ്ങിയ കടലാമ. പലപ്പോഴും ഇത് അഴിഞ്ഞുപോകാതെ കഴുത്തിൽ തുടരും. ഭക്ഷണം തേടാൻപോലും കഴിയാതെ ഇവ മരണപ്പെട്ടു പോവാനും സാധ്യത ഏറെയാണ്.

Photo: Coordinador copy / Wikimedia commons

യാത്ര

# സാഞ്ചി
# ബുദ്ധസ്മാരകം

കെ രമ

ബുദ്ധാമതത്തെക്കുറിച്ച് കല്ലിൽ കൊത്തിയ ഗ്രന്ഥമാണ് സാഞ്ചി എന്നു പറയാം. അശോകചക്രവർത്തി പണികഴിപ്പിച്ചു എന്നു കരുതപ്പെടുന്ന സാഞ്ചിയിലെ ബുദ്ധാമതകേന്ദ്രം സന്ദർശിക്കുന്നത് വലിയൊരു ചരിത്രവായന കൂടിയാണ്.

നാളെ സാഞ്ചിയിലേക്കാണ് യാത്ര. കഴിഞ്ഞ തവണ പോയപോലെ ഒന്നും അറിയാതെ പോയാൽ ആരോ ചന്തയ്ക്കുപോയ പോലെയാവും. അതിനാൽ സാഞ്ചിയെക്കുറിച്ച് ഒന്നു മനസ്സിലാക്കിയിട്ടു പോകാം എന്നു കരുതി. ഇന്റർനെറ്റ് തന്നെ ശരണം. എൻസൈക്ലോപീഡിയ ബ്രിട്ടാനിക്ക പറയുന്നത് ലോകത്തിലെ തന്നെ പ്രാചീനമായ ബുദ്ധ



പ്രധാന സ്തൂപം

Photo: Biswarup Ganguly / Wikimedia commons

മത സ്മാരകങ്ങളാണ് സാഞ്ചിയിലുള്ളത് എന്നാണ്.

ക്രിസ്തുവിനു മുമ്പ് മൂന്നാംദശകത്തിൽ, മയൂരസാമ്രാജ്യത്തിലെ അശോകചക്രവർത്തിയുടെ കാലത്താണ് ഇത് നിർമ്മിച്ചത്. ഇവിടെയാണ് ബുദ്ധന്റെ തിരുശേഷിപ്പുകൾ സൂക്ഷിച്ചിരിക്കുന്നത് എന്നു വിശ്വസിക്കപ്പെടുന്നു. ഭോപ്പാലിൽ നിന്ന് 46 കിലോമീറ്റർ വടക്കുകിഴക്കായി ബേട്ട്വ നദിക്കരയിലെ ഒരു കുന്നിൻമുകളിലാണ് ഈ സ്തൂപം. 1989 മുതൽ യുനെസ്കോയുടെ വേൾഡ് ഹെറിറ്റേജ് കേന്ദ്രങ്ങളുടെ പട്ടികയിൽ സാഞ്ചിയും ഉണ്ട്. മനസ്സിലാക്കിയ കാര്യങ്ങൾ മനസ്സിൽ കുറിച്ച് ഞാൻ യാത്രയായി. പരന്നു കിടക്കുന്ന കടുകുപാടങ്ങൾക്ക് നടുവിലൂടെയായിരുന്നു യാത്ര. നിറയെ കുഞ്ഞുകുഞ്ഞു മഞ്ഞപ്പൂക്കൾ! കാർ കുറച്ചുദൂരം ഓടിക്കഴിഞ്ഞപ്പോൾ ഡ്രൈവർ മാമൻ 'ട്രോപിക് ഓഫ് കാൻസർ' എന്ന് എഴുതിയ ഒരു ഫലകത്തിനു മുമ്പിൽ കാർ നിർത്തി.

ട്രോപിക് ഓഫ് കാൻസർ എന്നാൽ ഉത്തരായനരേഖ. പെട്ടെന്ന് എനിക്ക് വിഷ്ണുവിന്റെ ചോദ്യമാണ് ഓർമ്മ വന്നത്.

'അല്ല ടീച്ചറേ, ഭൂമി മൊത്തം ഈ രേഖകൾ ഒക്കെ വരയ്ക്കാൻ എത്ര കാലം എടുത്തു?'

സാധാരണ വിഷ്ണുവിന്റെ ചോദ്യങ്ങൾക്ക് ടീച്ചർമാർ വലിയ വില കൽപ്പിക്കാറില്ല. പക്ഷേ രാജി ടീച്ചർ അങ്ങനെയല്ല.

'നിങ്ങൾക്ക് എന്താണ് തോന്നുന്നത്?' എന്ന മറുചോദ്യമാണ് ടീച്ചർ ചോദിച്ചത് .

'അതൊക്കെ സാങ്കല്പികരേഖകൾ അല്ലേ' എന്ന് ആരോ പറഞ്ഞപ്പോഴാണ് വിഷ്ണുവിന് കാര്യം തിരിഞ്ഞത്.

ഉത്തരായനരേഖ ഫലകത്തിന് സമീപം നിന്ന് ഒരു ഫോട്ടോ എടുത്തതിനുശേഷം കാർ മുന്നോട്ടു പാഞ്ഞു. ബേട്ട്വ നദിക്കരയിലെ കുന്നും സാഞ്ചിയിലെ സ്തൂപവും കാണാറായി. കമഴ്ത്തിവെച്ച അർധഗോളരൂപത്തിലുള്ള ആൻഡ (Anda) എന്നു വിളിക്കപ്പെടുന്ന നിർമ്മിതിയാണ് ആദ്യം ശ്രദ്ധയിൽപ്പെടുക. ഇതിനു ചുറ്റും മുകളിലും താഴെയുമായി നടപ്പാതകളും കാണാം.



▲ സ്തൂപത്തിനു മുകളിലേക്കുള്ള ചവിട്ടുപടികൾ

Photo: Vivek Shrivastava / Wikimedia commons

കുറച്ചു പടികൾ കയറി ഞങ്ങൾ കുന്നിൻ മുകളിലെത്തി. അങ്ങകലെ ഒരു തീവണ്ടി ഇഴഞ്ഞു നീങ്ങുന്നു. വീണ്ടും വീണ്ടും പടികൾ കയറി സ്തൂപത്തിനു ചുറ്റുമുള്ള നടപ്പാതയിലെത്തി. നടപ്പാതയിലൂടെ നമുക്ക് സ്തൂപത്തെ വലംവയ്ക്കാം. സ്തൂപത്തിന് മുകളിലായി ഒരു താഴികക്കുടവും ഉണ്ട്. നാലുഭാഗത്തുമുള്ള കവാടങ്ങൾ (തോരണ) കൊത്തുപണികൾ കൊണ്ട് മനോഹരമാണ്. ബുദ്ധന്റെ ജീവിതവുമായി ബന്ധപ്പെട്ട സംഭവങ്ങൾ, ജാതക കഥകൾ എന്നിവ ഇതിൽ കൊത്തിവെച്ചിരിക്കുന്നു. രണ്ട് ചതുരാകൃതിയിലുള്ള പോസ്റ്റുകൾക്ക് മുകളിൽ മൃഗങ്ങളുടെ രൂപങ്ങൾ കൊത്തിവെച്ച മൂന്ന് പാനലുകൾ ഉണ്ട്. ബൗദ്ധശില്പ വിദ്യാ രീതിയിലാണ് ഇതു പണികഴിപ്പിച്ചിട്ടുള്ളത്. ഈ കവാടത്തിലൂടെ നമുക്ക് അകത്തു കടക്കാം.

ഒന്നാമത്തെ സ്തൂപത്തെ വലംവച്ച് താഴെയിറങ്ങിയാൽ കവാടങ്ങൾക്കുമപ്പുറം വേറെയും രണ്ട് സ്തൂപങ്ങൾ ഉണ്ട്. ഒന്നാമത്തേതും ബൃഹത്തായതുമായ സ്തൂപത്തിലാണ് ബുദ്ധന്റെ തിരുശേഷിപ്പുകൾ ഉണ്ടെന്ന് വിശ്വസിക്കപ്പെടുന്നത്. രണ്ടാമത്തേയും മൂന്നാമത്തേയും സ്തൂപങ്ങളിൽ അത്ര പ്രശസ്തരല്ലാത്തവരുടെ ഭൗതികാവശിഷ്ടങ്ങൾ സൂക്ഷിച്ചിരിക്കുന്നു. ഒന്നാമത്തെ സ്തൂപമാണ് ഏറ്റവും പഴക്കമുള്ളത്.

രാഷ്ട്രപതിഭവൻ അടക്കം നിരവധി കെട്ടിടങ്ങളുടെ രൂപകൽപ്പനയിൽ ഈ ബുദ്ധസ്തൂപത്തിന്റെ സ്വാധീനം നമുക്കു കാണാം. മൗര്യകാലത്തിനു ശേഷം ഏറെക്കാലം സാഞ്ചി വിസ്മൃതിയിൽ ആണ്ടുകിടന്നിരുന്നു. പിന്നീട് ബ്രിട്ടീഷുകാരാണ് ഈ സ്തൂപത്തെക്കുറിച്ച് കണ്ടെത്തി രേഖപ്പെടുത്തിയത്.

“ഇനിയിപ്പോ അടുത്ത യാത്ര എങ്ങോട്ടാ?”

“ഖജുരാഹോ.”



◀ സ്തൂപത്തിന്റെ പലയിടത്തും നിരവധി തരത്തിലുള്ള കൊത്തുപണികൾ കാണാം. ഗ്രീക്ക് പുരാണങ്ങളിലെ സെന്റാർ പോലുള്ള കഥാപാത്രങ്ങളും ഇതിലുണ്ട്.

Photo: Kevin Standage / Wikimedia commons



അർധഗോളാകൃതിയിലുള്ള ഈ നിർമ്മിതി നിരവധി കല്ലുകൾകൊണ്ടാണു ചെയ്തിരിക്കുന്നത്. നിർമ്മാണകാലം വച്ചുനോക്കുമ്പോൾ വലിയൊരു അദ്ഭുതമാണിത്.

Photo: Suyash Dwivedi / Wikimedia commons ▼

# പറക്കും മുറി*

വിമീഷ് മണിയൂർ

പറക്കുന്നു മുറിയൊരെണ്ണം
മേലോട്ടായ്, കാണുന്നില്ലേ
ചിറകില്ലാ,തിത്രവേഗം
എവിടുന്നായ് കടംകൊണ്ടു?

നഗരത്തിൽ തലയ്ക്കുമേൽ
പാർക്കുന്ന റോഡുകൾ
അതിനുമപ്പുറത്തായ്
പലതട്ടിൽ വീടുകൾ

അതിലൊന്നു കാണുവാൻ
കയറിനിൽക്കുന്നു ഞാനും
അടുത്തസെക്കന്റിൽ സ്വർഗം
താണു താണിരിക്കുന്നു

വിരുതുള്ള മുറിയിവൻ
മിടുക്കനാവാം
പഠിച്ചു പഠിച്ചിവൻ
പറന്നതാകാം

അതുമല്ലേൽ വരമൊന്ന്
പിണഞ്ഞതാവാം
അതുവെറും കഥയല്ലേ
കുറുക്കുവിദ്യ

എന്നാലുമതിശയം തീരുന്നില്ല
പറക്കുവാൻ ഞാനെത്ര
കൊതിച്ചതാണ്
അതിനിപ്പോൾ വഴിയൊന്ന്
തുറന്നതില്ലേ
അതു കണ്ടുകണ്ടു ഞാൻ
രസിക്കയാണ്.



* ലിഫ്റ്റ്

വര: ബാസി മറിയം

ക്ലാസിക് കഥ

# അന്ധരുടെ രാജ്യം

**എച്ച് ജി വെൽസ്**

പുനരാഖ്യാനം: **വിഷ്ണുരാജ് വി ആർ**

സയൻസ് ഫിക്ഷൻ കഥ എന്നു കേട്ടാൽ ആദ്യം മനസ്സിൽ വരുന്ന പേരുകളാണ് ഷൂൾ വേണും എച്ച് ജി വെൽസും. 1866 സെപ്തംബർ 21നാണ് ഹെർബർട്ട് ജോർജ്ജ് വെൽസ് എന്ന എച്ച് ജി വെൽസ് ജനിക്കുന്നത്. 1874ൽ കുട്ടിക്കാലത്ത് ഉണ്ടായ ഒരു അപകടത്തിൽ കാലിനു പരിക്കുപറ്റി വിശ്രമിക്കേണ്ടി വന്നതാണ് വെൽസിന്റെ സാഹിത്യജീവിതത്തിന്റെ തുടക്കം എന്നു പറയാറുണ്ട്. വിശ്രമവേളയിൽ വായിച്ചുകൂട്ടിയ നിരവധി പുസ്തകങ്ങളായിരുന്നു സ്വന്തമായി കഥകളെഴുതാൻ അദ്ദേഹത്തിനു പ്രചോദനമായത്.

ദി ടൈം മെഷീൻ, ദി ഇൻവിസിബിൾ മാൻ തുടങ്ങി നിരവധി സയൻസ് ഫിക്ഷൻ ക്ലാസിക്കുകൾ രചിച്ച വെൽസ് പക്ഷേ ആ മേഖലയിൽ മാത്രം ഒതുങ്ങിനിന്നില്ല. സയൻസ് ഫിക്ഷനല്ലാത്ത നിരവധി ചെറുകഥകളും അദ്ദേഹം രചിച്ചു. അതിൽ ഏറെ പ്രശസ്തമായ കഥയാണ് *The Country of the Blind.* നിരവധി ആഖ്യാനരൂപങ്ങളിലേക്ക് ഈ കഥ പകർത്തപ്പെട്ടിട്ടുണ്ട്. മലയാളത്തിൽ ഇറങ്ങിയ ഗുരു അടക്കം പല സിനിമകൾക്കും ഈ കഥ പ്രചോദനമായിട്ടുണ്ട്. സ്വതന്ത്രപുനരാഖ്യാനങ്ങളും നിരവധി പുറത്തിറങ്ങി.



വര: ബാസി മറിയം

ഇക്കഡോറിലെ മലനിരകളിൽ അധികം ആർക്കും എത്തിച്ചേരാൻ കഴിയാത്ത ഒരു പ്രദേശത്ത് കുറേ മനുഷ്യർ താമസിച്ചിരുന്നു. സ്പാനിഷ് ഭരണാധികാരികളുടെ സ്വേച്ഛാധിപത്യത്തിൽനിന്ന് പലായനം ചെയ്ത് എത്തിയവരായിരുന്നു അവർ. മറ്റുള്ളവരിൽനിന്ന് ഒറ്റപ്പെട്ട് താമസിച്ചിരുന്ന ഈ മനുഷ്യർ, പിന്നീട് ഓരോ കുടുംബങ്ങളായി മാറി താഴ്‌വരയിൽ സ്ഥിരതാമസമാക്കുകയായിരുന്നു. അതിനിടയിലാണ് അവരിൽ ഒരു മഹാരോഗം വ്യാപിക്കുന്നത്. ജനിക്കുന്നവരെല്ലാം അന്ധരാണ്. തലമുറകൾ കഴിഞ്ഞിട്ടും അതിനു മാറ്റമുണ്ടായില്ല. പിന്നീടങ്ങോട്ട് അന്ധരുടെ സമൂഹമായി മാറുകയായിരുന്നു അവർ.

സാഹസികയാത്രകൾ ഇഷ്ടപ്പെട്ടിരുന്ന യുവാവായിരുന്നു നെനൂസ്. ഒരിക്കൽ അദ്ദേഹം ഇക്കഡോറിലെ മലനിരകളിലേക്ക് തന്റെ യാത്ര ആരംഭിച്ചു. അതികഠിനമായിരുന്നു യാത്ര. നിരവധി പ്രതിസന്ധികൾ മുന്നിൽവന്നുപെട്ടു. എങ്കിലും നെനൂസ് തന്റെ യാത്ര അവസാനിപ്പിച്ചില്ല. താൻ നേരിട്ട പ്രതിസന്ധികളെയെല്ലാം സമർഥമായി അതിജീവിച്ച് നെനൂസ് യാത്ര തുടർന്നു.

പക്ഷേ എല്ലാ വെല്ലുവിളികളെയും മറികടക്കാൻ സാധിക്കണമെന്നില്ലല്ലോ. ഒടുവിൽ അങ്ങനെതന്നെ സംഭവിച്ചു. യാത്രാമധ്യേ തികച്ചും അപ്രതീക്ഷിതമായി നെനൂസ് കാൽവഴുതി മലനിരകളുടെ മറ്റൊരു വശത്തേക്ക് ഉരുണ്ടുവീണു. കല്ലുകളും പാറക്കെട്ടുകളും തിങ്ങിനിന്ന പ്രതലമാണ്. അതിലൂടെയായിരുന്നു വീഴ്ച. മരണംവരെ സംഭവിക്കാം. വീഴ്ചയുടെ ആഘാതത്തിൽ നെനൂസിന്റെ ബോധം മറഞ്ഞു.

പ്രഭാതത്തിലെ സൂര്യകിരണങ്ങൾ മുഖത്ത് സ്പർശിച്ചപ്പോൾ നെനൂസ് പതിയെ കണ്ണുകൾ തുറന്നു. താൻ എവിടെയാണെന്നോ എന്താണ് പറ്റിയതെന്നോ അറിയാതെ ചുറ്റും നോക്കിക്കൊണ്ട് നെനൂസ് പതിയെ എഴുന്നേൽക്കാൻ ശ്രമിച്ചു. ശരീരഭാഗങ്ങളിൽ പരിക്കുകളുണ്ട്. പലയിടത്തും മുറിവുകൾ. എന്നിരുന്നാലും ഭാഗ്യത്തിന് അവയൊന്നും ഗുരുതരമല്ല. മഞ്ഞുപാളികൾ നിറഞ്ഞ സമതലത്തിലേക്കാണ് വീണതെന്നതിനാൽ ശരീരത്തിനും അധികം കേടുപാടുകൾ പറ്റിയിരുന്നില്ല.

വീഴ്ചയുടെ ആഘാതം ശരീരത്തെ അലോസരപ്പെടുത്തിയതുകൊണ്ടാകണം പതിയെ എഴുന്നേറ്റു നടക്കാൻ മാത്രമേ നെനൂസിനു കഴിഞ്ഞിരുന്നുള്ളൂ.

നെനൂസ് ചുറ്റും നോക്കി. സൂര്യൻ ഉദിച്ചുവരുന്നതേയുള്ളൂ. ആ പാതയിലൂടെ നെനൂസ് കുറച്ചുകൂടി മുന്നോട്ടുനീങ്ങി. തൊട്ടടുത്ത വഴിയിലൂടെ മൂന്നു പേർ നടന്നുപോകുന്നു.

മനുഷ്യരെ കണ്ട ആശ്വാസത്തിൽ നെനൂസ് അവരെ വിളിച്ചു. പക്ഷേ അവരത് കേട്ടില്ല. കുറേക്കൂടി ഉച്ചത്തിൽ നെനൂസ് അവരെ വിളിക്കാൻ ശ്രമിച്ചു. അതോടെ ഏതോ ശബ്ദം കേട്ടപോലെ അവർ നടത്തം അവസാനിപ്പിച്ചു. അവർ ഇരുവശത്തേക്കും തലതിരിച്ചു നോക്കുന്നുണ്ട്. പക്ഷേ അവർ നെനൂസിനെ കണ്ടതായി ഭാവിക്കുന്നില്ല. അയാൾ വീണ്ടും അവരെ വിളിച്ചുനോക്കി. അതേ പ്രതികരണംതന്നെ.

അത്തരത്തിൽ പ്രതികരിക്കുന്നത് അന്ധർ മാത്രമാണ്. ഇവരും അന്ധരായിരിക്കുമോ? അങ്ങനെ ചിന്തിച്ചുകൊണ്ട്

**മനുഷ്യരെ കണ്ട ആശ്വാസത്തിൽ നെനൂസ് അവരെ വിളിച്ചു. പക്ഷേ അവരത് കേട്ടില്ല. കുറേക്കൂടി ഉച്ചത്തിൽ നെനൂസ് അവരെ വിളിക്കാൻ ശ്രമിച്ചു. അതോടെ ഏതോ ശബ്ദം കേട്ടപോലെ അവർ നടത്തം അവസാനിപ്പിച്ചു. അവർ ഇരുവശത്തേക്കും തലതിരിച്ചു നോക്കുന്നുണ്ട്. പക്ഷേ അവർ നെനൂസിനെ കണ്ടതായി ഭാവിക്കുന്നില്ല.**

ആ ദിശയിലേക്ക് വേച്ചുവേച്ച് നെനൂസ് മെല്ലെ നടക്കാൻ ആരംഭിച്ചു. മനോഹരമായ ഒരു താഴ്‌വര ദൂരെ കാണാം. കുറെ കുടിലുകളും. നെനൂസിന് ആശ്വാസമായി. താഴ്‌വരയിലെ കുടിലുകൾ ലക്ഷ്യമാക്കി അയാൾ നടന്നുനീങ്ങി.

വളരെ മനോഹരമായിരുന്നു ആ പ്രദേശം. അടുക്കും ചിട്ടയുമുള്ള വൃത്തിയായ പ്രദേശം. നടുവിലെ നടപ്പാതയ്ക്ക് ഇരുവശത്തും നിരനിരയായി നിൽക്കുന്ന വീടുകൾ. പക്ഷേ ഒന്നിനും ജനാലകളില്ല. വല്ലാത്ത കൗതുകവും ആശ്ചര്യവും തോന്നി നെനൂസിന്. ഇതുവരെയുള്ള തന്റെ സാഹസിക യാത്രകളിൽ അങ്ങനെയുള്ള വീടുകൾ നെനൂസ് കണ്ടിട്ടില്ല!

നെനൂസ് അവരുടെ അടുത്തേക്കു ചെന്നു. അവരാകട്ടേ ശബ്ദം കേട്ടഭാഗത്തേക്ക് തങ്ങളുടെ ചെവികൾ കൂർപ്പിച്ചുനിന്നു. നെനൂസ് അവരെ സൂക്ഷ്മമായി ഒന്നുനോക്കി. അവരുടെ കണ്ണുകൾ കുഴിഞ്ഞിരിക്കുകയാണ്. കൺപോളകൾ അടഞ്ഞിരിക്കുന്നു. കാഴ്ചയില്ലാത്തവർതന്നെ. നെനൂസ് ധൈര്യപൂർവം അവരുടെ അടുത്തേക്കു ചെന്നു.

തലമുറകളായി കാഴ്ച നഷ്ടപ്പെട്ട് ഇക്കഡോർ മലനിരയുടെ താഴ്‌വരയിൽ ജീവിക്കുന്ന അന്ധരെക്കുറിച്ചുള്ള കഥകൾ നെനൂസ് ചെറുപ്പത്തിൽ കേട്ടിട്ടുണ്ട്. ആ കഥകൾ നെനൂസിന്റെ മനസ്സിലെത്തി. അത് വെറും കഥമാത്രമാണെന്നാണ് ഇതുവരെ

കരുതിയിരുന്നത്. എന്നാൽ ഇത് യാഥാർഥ്യമാണോ?

പഴയൊരു പഴഞ്ചൊല്ലാണ് നെനൂസിന് അപ്പോൾ ഓർമ വന്നത്. 'അന്ധരുടെ നാട്ടിൽ ഒറ്റക്കണ്ണൻ രാജാവ്!'

തെരുവിൽനിന്നൊരു ശബ്ദമാണ് അയാളെ ആ ചിന്തകളിൽനിന്ന് ഉണർത്തിയത്.

"ഇവിടെ വരൂ... വഴിതെറ്റി നടക്കാതെ ഞങ്ങളുടെ കൂടെ വരൂ..."

താൻ കണ്ട മൂന്നുപേർ! അതോടെ നെനൂസ് അവരോടൊപ്പം നടത്തം തുടർന്നു. അതിനിടയിലും നെനൂസ് ചിന്തകളിൽ മുഴുകി. തനിക്ക് ഇവരെ പഠിപ്പിക്കാനും ഭരിക്കാനും കഴിയും. ഇവർക്ക് കാഴ്ചയുടെ ലോകത്തെക്കുറിച്ച് അറിവ് നൽകുകയും വേണം.

"കാണുകയോ? മിണ്ടാതെ ഞങ്ങളുടെ ഒപ്പം നടക്ക്."

അങ്ങനെ അവരോടൊപ്പം നെനൂസ് താമസം ആരംഭിച്ചു. ഒന്നു രണ്ടു ദിവസങ്ങൾ കഴിഞ്ഞപ്പോഴേക്കും നെനൂസ് ഒരു കാര്യം മനസ്സിലാക്കി. അന്ധരെങ്കിലും എത്ര അടുക്കും ചിട്ടയുമായിട്ടാണ് ഇവർ ജീവിക്കുന്നത്. അവർക്ക് വേണ്ട സാധനങ്ങൾ മാത്രം അവർ ഉല്പാദിപ്പിക്കുന്നു. വളരെ സന്തോഷത്തോടെയും സമാധാനത്തോടെയും കുട്ടികളും മുതിർന്നവരും ജീവിക്കുന്നു. ആവശ്യത്തിനു മാത്രം ഭക്ഷണം പാകം ചെയ്യുന്നു, വസ്ത്രം ധരിക്കുന്നു. ധാരാളിത്തമില്ല. എല്ലാ അവശ്യവസ്തുക്കളും അവരുടേതായി നിർമ്മിക്കുന്നു. കാഴ്ച ഇല്ലെങ്കിലും മറ്റു ഇന്ദ്രിയങ്ങളാൽ

**അന്ധരെങ്കിലും എത്ര അടുക്കും ചിട്ടയുമായിട്ടാണ് ഇവർ ജീവിക്കുന്നത്. അവർക്ക് വേണ്ട സാധനങ്ങൾ മാത്രം അവർ ഉല്പാദിപ്പിക്കുന്നു. വളരെ സന്തോഷത്തോടെയും സമാധാനത്തോടെയും കുട്ടികളും മുതിർന്നവരും ജീവിക്കുന്നു. ആവശ്യത്തിനു മാത്രം ഭക്ഷണം പാകം ചെയ്യുന്നു, വസ്ത്രം ധരിക്കുന്നു. ധാരാളിത്തമില്ല.**

ഇങ്ങനെയൊക്കെ ചിന്തിച്ച് നടക്കുമ്പോൾ പുറകിൽ നിന്നൊരു ശബ്ദം.

"ഇങ്ങോട്ടു നീങ്ങി നടക്കൂ, ആ ചെടികളിൽ ചവിട്ടരുത്."

അപ്പോഴാണ് നെനൂസ് ശ്രദ്ധിക്കുന്നത്, താൻ നടക്കുന്നത് അവരിൽനിന്നും അല്പം മാറിയാണ്. തന്റെ കാലുകൾ പതിക്കുന്നത് മുളച്ചു വരുന്ന ചെടികളിലാണ്. നെനൂസിന് അദ്ഭുതമായി! ഇതെങ്ങനെ ഇവർക്ക് അറിയാൻ കഴിയുന്നു.

നെനൂസ് പറഞ്ഞു:

"എനിക്ക് വഴി നല്ലപോലെ കാണാം."

അതുകേട്ട് മൂന്നുപേരും ചിരിച്ചു. അവരിൽ അല്പം പ്രായം കൂടിയ ആൾ പറഞ്ഞു:

ജീവിതം മുന്നോട്ടുകൊണ്ടു പോകുന്നവർ! ഇവരെ കാഴ്ചയുടെ ലോകത്തെക്കുറിച്ചുകൂടി പഠിപ്പിക്കണമെന്ന് നെനൂസിനു തോന്നി.

അങ്ങനെയിരിക്കെയാണ് അന്ധരുടെ കൂട്ടത്തിലെ നേതാവിനെ നെനൂസ് പരിചയപ്പെടുന്നത്. വളരെ ദയാലുവായ ഒരു വൃദ്ധൻ. പേര് യാക്കോബ്. യാക്കോബിന്റെ കുടുംബവുമായി നെനൂസ് പതിയെ അടുത്തു.

ഒരു ദിവസം യാദൃച്ഛികമായി നെനൂസ് യക്കോബിന്റെ ഇളയ മകൾ മെദീന സരോട്ടെയെ കാണാനിടയായി. അതീവ സുന്ദരിയായിരുന്നു അവൾ. അവിടെയുള്ള മറ്റു മനുഷ്യരിൽനിന്ന് ഒരു കാര്യത്തിൽ അവൾ തികച്ചും വ്യത്യസ്തയായിരുന്നു. മെദീനയുടെ കണ്ണുകൾ കുഴിഞ്ഞിട്ടില്ല!

തുടർന്നുള്ള ദിവസങ്ങളിൽ നെനൂസ് മെദീനയെ കാണാനും സംസാരിക്കാനും ബോധപൂർവം ശ്രമിച്ചുകൊണ്ടേയിരുന്നു. നിരവധി കാര്യങ്ങളെക്കുറിച്ച് അവർ സംസാരിച്ചു. അറിവുകൾ പങ്കുവച്ചു. ഒടുവിൽ അവർ തമ്മിൽ വളരെ നല്ല സുഹൃത്തുക്കളായി മാറി.

കുറച്ചുനാൾകൂടി കഴിഞ്ഞതോടെ അവരുടെ സൗഹൃദം പ്രണയത്തിലേക്കു വഴിമാറി. തനിക്ക് മെദീനയോടുള്ള ഇഷ്ടം നെനൂസ് തുറന്നുപറയുകയും ചെയ്തു.

തൊട്ടടുത്ത ദിവസം യാക്കോബിനോടും മറ്റു മുതിർന്നവരോടും തനിക്ക് മെദീനയെ വിവാഹം കഴിക്കാൻ ആഗ്രഹമുണ്ടെന്ന് നെനൂസ് അറിയിച്ചു.

എന്നാൽ അവിടെയുള്ള ഭൂരിഭാഗം ആളുകളും ആ വിവാഹത്തെ എതിർത്ത് സംസാരിക്കുകയാണുണ്ടായത്. തങ്ങളുടെ വർഗ്ഗത്തെയും ജീവിതരീതിയെയും ഈ വിവാഹം പ്രതികൂലമായി ബാധിക്കും. അവർ ആശങ്കപ്പെട്ടു. പക്ഷേ നെനൂസും മെദീനയും അവരുടെ നിലപാടിൽ ഉറച്ചുനിൽക്കുകയാണുണ്ടായത്.

ചർച്ചകൾ മുറുകിയതോടെ പ്രായം കൂടിയ ഒരു കാരണവർ ഒരു നിർദേശംവച്ചു:

"നെനൂസിന്റെ കണ്ണുകൾക്കാണു കുഴപ്പം. അവന്റെ കണ്ണുകൾ സദാ ചലിച്ചുകൊണ്ടിരിക്കുന്നു. കൺപീലികളും ചലിക്കുന്നു. അതുകൊണ്ടാണ് അവന്റെ തലച്ചോറ് ശരിയായി പ്രവർത്തിക്കാത്തത്. അവന്റെ കണ്ണുകളിൽ ചെറിയൊരു ശസ്ത്രക്രിയ ചെയ്താൽ അവനും നമ്മളിൽ ഒരാളായ് മാറും."

ഇതുകേട്ട എല്ലാവരും ആ അഭിപ്രായത്തോട് യോജിക്കു

കയാണുണ്ടായത്. നെനൂസിനെ വിവാഹം കഴിക്കാനുള്ള ആഗ്രഹം കൊണ്ട് മെദീനയും അതുതന്നെ പറഞ്ഞു.

എന്നാൽ, തന്റെ കാഴ്ചയുടെ സവിശേഷതയക്കുറിച്ച് മെദീനയ്ക്ക് മനസ്സിലാക്കിക്കൊടുക്കാൻ ശ്രമിക്കുകയായിരുന്നു നെനൂസ്.

“പ്രിയപ്പെട്ടവളേ, എന്റെ കാഴ്ചയാണ് നമ്മളെ തമ്മിൽ അടുപ്പിക്കുന്നത്. ഈ ഭൂമിയുടെ വർണ്ണവിസ്മയങ്ങളും നിന്റെ സൗന്ദര്യവും എന്റെ കാഴ്ചയിലൂടെയാണ് എനിക്ക് ആസ്വദിക്കാൻ കഴിയുന്നത്. അവ എങ്ങനെയാണ് ഞാൻ ഉപേക്ഷിക്കുന്നത്?”

അവൾ പറഞ്ഞു:

“എനിക്ക് അത് അറിയാം, നെനൂസ്. പക്ഷേ ഇവിടെ നമുക്ക് നിലനിൽക്കണമെങ്കിൽ നിന്റെ കാഴ്ച ഉപേക്ഷിക്കാതെ കഴിയില്ല.”



മെദീന നെനൂസിന്റെ കൈകളിൽ പിടിച്ചു പൊട്ടിക്കരഞ്ഞു. മെദീനയോടുള്ള ഇഷ്ടം ഒരു വശത്ത്. സ്വന്തം കാഴ്ച മറുവശത്ത്. അവസാനം മെദീനയോടുള്ള ഇഷ്ടംതന്നെ വിജയിച്ചു. ഓരോ ദിവസവും കടന്നുപൊയ്ക്കൊണ്ടിരുന്നു.

നെനൂസിന് ഉറക്കം നഷ്ടപ്പെട്ടു. വിശപ്പും ദാഹവും അറിയാതെയായി.

ഇനി ഒരു ദിവസംകൂടി കഴിഞ്ഞാൽ തന്റെ ശസ്ത്രക്രിയയാണ്. അതോടെ കാഴ്ച തന്നിൽനിന്നു മറയും.

പ്രഭാതമായി. നെനൂസ് തന്റെ കാഴ്ചയോട് യാത്ര പറയാൻ ഒരുങ്ങി. അവസാനമായി എല്ലാം ഒന്നുകൂടി നോക്കിക്കാണാൻ അവൻ പുറത്തേക്കിറങ്ങി.

‘വയ്യ, ഈ മനോഹര കാഴ്ച ഇല്ലാതാക്കാൻ വയ്യ!’

ഉള്ളിലിരുന്ന് ആരോ പറയുന്നപോലെ... പെട്ടെന്ന് എങ്ങുനിന്നോ കിട്ടിയ ഉൾപ്രേരണയിൽ നെനൂസ് അവിടെനിന്ന് രക്ഷപ്പെടാൻതന്നെ തീരുമാനിച്ചു.

അവൻ നടന്ന് മെദീനയുടെ വീടിനടുത്തെത്തി. ആരോടും ഒന്നും പറയാതെ മെദീനയെ കുറച്ചുനേരം നോക്കിനിന്നു. അവന്റെ കണ്ണുകൾ നിറഞ്ഞിരുന്നു.

മലകളും കുന്നുകളും ലക്ഷ്യമാക്കി നെനൂസ് ആ താഴ്‌വരയിൽനിന്നു നടത്തം ആരംഭിച്ചു. അതികഠിനമായ യാത്ര. താൻ ഇങ്ങോട്ടുവന്നതിലും കഠിനം. എങ്കിലും അവൻ അതൊക്കെ പിന്നിട്ടു. പിറ്റേദിവസം സൂര്യപ്രകാശത്തിൽ ഏതോ ഒരു കുന്നിൻചെരുവിൽനിന്ന് അവൻ തിരിഞ്ഞുനോക്കി.


അങ്ങകലെ പച്ചപ്പു നിറഞ്ഞ താഴ്‌വരയും കുറെ കുടിലുകളുടെ നേർത്ത രൂപവും കാണാമായിരുന്നു.

# ബഹിരാകാശത്തെ കാലാവസ്ഥ

ശ്യാം വി എസ്

ഭൂമിയിൽ കാലാവസ്ഥ ഉള്ളതുപോലെ സൗരയൂഥത്തിൽ ബഹിരാകാശത്തുമുണ്ട് ഒരു കാലാവസ്ഥ. അതിനു കാരണവും സൂര്യൻ തന്നെയാണ്. സൂര്യനിൽനിന്ന് പുറപ്പെടുന്ന സൗരക്കാറ്റുകളിലെ കണികകൾ സൗരയൂഥമെങ്ങും നിറഞ്ഞുനിൽപ്പുണ്ട്. സൂര്യനിലെ പ്രതിഭാസങ്ങളിൽ വരുന്ന മാറ്റങ്ങൾക്ക് അനുസരിച്ച് സൗരയൂഥത്തിൽ വിവിധയിടങ്ങിലെ കണികാപ്രവാഹങ്ങൾക്കും കാന്തിക മണ്ഡലത്തിനും ഒക്കെ മാറ്റങ്ങൾ വരാം. ബഹിരാകാശത്തെ കാലാവസ്ഥ ഭൂമിയെ എങ്ങനെയാവും ബാധിക്കുക? അതിനെക്കുറിച്ചറിയാം.






◀ സൗരയൂഥത്തിന്റെ കാലാവസ്ഥയെ നിർണ്ണയിക്കുന്ന നിരവധി പ്രതിഭാസങ്ങളാൽ സമ്പന്നമാണ് സൂര്യന്റെ ഉപരിതലം.
Credit: NASA


നമ്മുടെ നാട് ഇത്തവണ മുൻപെങ്ങും ഇല്ലാത്തവണ്ണം ചൂടുകൂടിയ ഒരു വേനൽക്കാലത്തിലൂടെയാണ് കടന്നുപോയത്. ആശ്വാസമായി നമുക്ക് വേനൽമഴയും പിന്നീട് കോരിച്ചൊരിയുന്ന മൺസൂൺ കാലവും എത്താനിരിക്കുന്നു. എന്നാൽ മഴയ്ക്കും തണുപ്പിനും ഒക്കെ പകരം എല്ലാക്കാലവും ചൂടു മാത്രം അല്ലെങ്കിൽ കൊടും തണുപ്പു മാത്രമൊക്കെയുള്ള കാലാവസ്ഥയായിരുന്നു നമുക്കെങ്കിലോ? ജീവിതം തന്നെ അസാധ്യമായേനെ! ചുട്ടുപഴുത്ത സൂര്യനിൽനിന്ന് അത്ര അകലെയും എന്നാൽ അത്ര അടുത്തുമല്ലാത്ത സുരക്ഷിതമായ അകലത്തിലാണ് ഭൂമി ഉള്ളത്. കൂടാതെ അന്തരീക്ഷം എന്ന പുതപ്പ് നമ്മുടെ കാലാവസ്ഥയെ ഏറ്റവും അനുകൂലവുമാക്കുന്നു. സൂര്യനിൽനിന്നുള്ള അതി-തീവ്ര രശ്മികൾക്കെതിരെ കവചമായി പ്രവർത്തിക്കുന്നത് അന്തരീക്ഷമാണ്. ഭൂമിയുടെ അന്തരീക്ഷാവസ്ഥകളെ ഏറെ സൂക്ഷ്മതയോടെ പഠിക്കുകയും നിരന്തരം നിരീക്ഷിക്കുകയും ചെയ്യുന്നുണ്ട് ശാസ്ത്രജ്ഞർ. നമ്മുടെ ദൈനംദിന ജീവിതത്തിനും നിലനിൽപ്പിനും ഒക്കെ അത് അത്യന്താപേക്ഷിതമാണുതാനും.

സൂര്യനിൽനിന്നുള്ള താപം ഭൂമി ആഗിരണം ചെയ്യുകയും അന്തരീക്ഷത്തിൽ വ്യാപിക്കുകയും ചെയ്യുന്നതിനാൽ ഭൗമാന്തരീക്ഷത്തിലെ ഊർജകാരണം സൂര്യനാണ് എന്നുതന്നെ പറയാം. ഭൂമിയുടെ കറക്കവും അച്ചുതണ്ടിന്റെ ചരിവും കാരണം, സൂര്യന്റെ കിരണങ്ങൾ ഭൂമിയിലെ ഓരോ സ്ഥലത്തും വ്യത്യസ്ത കോണുകളിൽ ആണ് വീഴുന്നത്. ഇത് ഭൂമിയിലെ വിവിധ സ്ഥലങ്ങളിലെ കാലാവസ്ഥ വ്യത്യസ്തമാകാൻ ഇടയാക്കുന്നു.

സൂര്യന്റെ ഉപരിതലത്തിലെ പ്രവർത്തനം മൂലം സൃഷ്ടിക്കപ്പെടുന്ന കാലാവസ്ഥയെ ബഹിരാകാശ കാലാവസ്ഥ അഥവാ സ്പേസ് വെതർ (Space Weather) എന്നാണു പറയുക. സൂര്യൻ ഭൂമിയിൽനിന്ന് ഏകദേശം 15 കോടി കിലോമീറ്റർ അകലെയാണെങ്കിലും ബഹിരാകാശ കാലാവസ്ഥ ഭൂമിയെയും മറ്റു ഗ്രഹങ്ങളെയും ഒക്കെ ബാധിക്കും. ഇത്തരത്തിൽ സൂര്യന്റെ പ്രവർത്തനത്താൽ സൗരയൂഥത്തിലെ ഗ്രഹങ്ങൾക്കും ഉപഗ്രഹങ്ങൾക്കും ചുറ്റുമുള്ള സദാ മാറിക്കൊണ്ടിരിക്കുന്ന കാലാവസ്ഥകളെ ശാസ്ത്രജ്ഞർക്ക് അത്യാധുനിക ദൂരദർശിനികളും ഉപകരണങ്ങളും ഉപയോഗിച്ച് നിരീക്ഷിക്കുവാനും പ്രവചിക്കുവാനും സാധിക്കും.



സൗരകളങ്കം.
Credit: NASA/SDO



സൗരകളങ്കങ്ങൾ. സൂര്യനിലെ പ്രവർത്തനങ്ങൾ തീക്ഷ്ണമാവുമ്പോൾ സൗരകളങ്കങ്ങളുടെ എണ്ണം കൂടും. സൂര്യനെക്കുറിച്ചു പഠിക്കുന്ന സോളാർ ഡൈനാമിക്സ് ഒബ്സർവേറ്ററി ഈയിടെ പകർത്തിയ ചിത്രം.

Credit: NASA/SDO

നമ്മുടെ ഭൗമകാലാവസ്ഥപോലെ തന്നെ സൗരയൂഥത്തിലെ മറ്റിടങ്ങളിലും ഗ്രഹങ്ങളിലും അവരവരുടേതായ സവിശേഷമായ സാഹചര്യങ്ങളുണ്ട്. ഭൂമിയിലെ കാലാവസ്ഥയിലാണെങ്കിൽ അന്തരീക്ഷാവസ്ഥകളായ താപനില, ഈർപ്പം, വായു മർദ്ദം എന്നിവയൊക്കെ ഉൾപ്പെട്ട പ്രധാന ഘടകങ്ങളാണുള്ളത്. ഇവയുടെ ഏറ്റക്കുറച്ചിലുകൾ മഴയും കാറ്റും ചൂടും തണുപ്പും ഒക്കെ ഉണ്ടാക്കും. എന്നാൽ ബഹിരാകാശത്തെ ശൂന്യതയിൽ വെള്ളമോ വായുവോ ഇല്ല, അതിനാൽ മഴയും ഇല്ല. പക്ഷേ

അദൃശ്യമായ കാറ്റുണ്ട് - അതിനെ സൗരവാതം (Solar Wind) - എന്നാണു പറയുക. അത് സൂര്യനിൽ നിന്നുള്ള ഊർജത്തിന്റെയും പ്ലാസ്മയുടെയും അല്ലെങ്കിൽ ചാർജുള്ള കണങ്ങളുടെയും പ്രവാഹമാണ്. ഇടയ്ക്കിടെ സൂര്യൻ അൽപ്പം രോഷാകുലനാകുകയും സൗരക്കൊടുങ്കാറ്റു പോലെ ഈ കണങ്ങളുടെ വലിയ പൊട്ടിത്തെറികൾ ഉണ്ടാവുകയും ഒക്കെ ചെയ്യുന്നതായുമുള്ള വാർത്തകൾ വരാറുണ്ടല്ലോ. ഈ ചാർജ് ചെയ്ത കണങ്ങൾ പ്ലാസ്മാവസ്ഥയിൽ സെക്കൻഡിൽ 400 കിലോമീറ്റർ മുതൽ 800 കിലോമീറ്റർ വരെ വേഗതയിലാണ് സൗരയൂഥത്തിലൂടെ സഞ്ചരിക്കുന്നത്.

സൂര്യനിൽനിന്ന് നിരന്തരം പ്രവഹിക്കുന്ന ചാർജ് കണങ്ങളുടെ അദൃശ്യമായ ബഹിരാകാശ കൊടുങ്കാറ്റുകൾ (Solar Storms), ഇടയ്ക്കിടെയുള്ള തീവ്രമായ ഊർജസ്ഫോടനങ്ങൾ കാരണം ഉണ്ടാകുന്ന സൗരജ്വാലകൾ (Solar Flares) സൂര്യന്റെ ഉൾക്കാമ്പിൽ (കൊറോണ) നിന്നുള്ള പ്ലാസ്മയുടെയും കാന്തികക്ഷേത്രത്തിന്റെയും വലിയ പുറന്തള്ളലുകൾ (കൊറോണൽ മാസ് എജക്ഷൻസ് - CMEs) എന്നിവയൊക്കെ ഗ്രഹങ്ങളുടെ കാന്തികക്ഷേത്രങ്ങളെ തടസ്സപ്പെടുത്തുകയും ഭൂമിയിലെ ഉപഗ്രഹങ്ങൾ, വൈദ്യുതി വിതരണസംവിധാനങ്ങൾ, റേഡിയോ - മൊബൈൽ വാർത്താവിനിമയ സംവിധാനങ്ങൾ, ജിപിഎസ് ഇവയെ ഒക്കെ ബാധിക്കുകയും ചെയ്യും. ഭൂരിഭാഗം ബഹിരാകാശ കാലാവസ്ഥയും ദോഷകരമല്ലെങ്കിലും, ശക്തമായ സൗരകൊടുങ്കാറ്റുകൾ നമ്മുടെ ബഹിരാകാശത്തുള്ള ഉപഗ്രഹങ്ങളെ ബാധിക്കും. അവയുടെ ക്രമരഹിതമായ സ്വഭാവത്തിന് ഇത് കാരണമാകാറുണ്ട്. ബഹിരാകാശത്ത് പരിക്രമണം ചെയ്യുന്ന ബഹിരാകാശയാത്രികർ അന്തരീക്ഷത്തിന്റെ അഭാവത്തിൽ സൗരവാതങ്ങളിൽനിന്ന് സംരക്ഷണം കുറയുന്നതിനാൽ ഉയർന്ന അപകടസാധ്യതകൾ അഭിമുഖീകരിക്കാറുണ്ട്. ബഹിരാകാശയാത്രികർ സൂര്യന്റെ ഹാനികരമായ വികിരണങ്ങളിൽ നിന്നുള്ള സംരക്ഷണത്തിനായി പ്രത്യേക സ്യൂട്ടുകൾ ധരിക്കാറുണ്ട്. വിമാനഗതാഗതത്തിലും ചിലപ്പോൾ ഈ സൗരക്കാറ്റ് പ്രശ്നങ്ങൾ ഉണ്ടാക്കും.

കഴിഞ്ഞ മാസം ഉണ്ടായ സൗരക്കാറ്റ് കഴിഞ്ഞ ഇരുപത് വർഷത്തിനുള്ളിൽ ഉണ്ടായതിൽ വച്ച് ഏറ്റവും ശക്തമായത് ആയിരുന്നുവെന്ന് ശാസ്ത്രജ്ഞർ പറയുന്നു. സൂര്യന്റെ ഈ തിളച്ചുമറിയൽ നമുക്ക് പ്രശ്നങ്ങൾ ഉണ്ടാക്കുന്ന പോലെ തന്നെ മനോഹരമായ ദൃശ്യവിസ്മയങ്ങളും സമ്മാനിക്കുന്നുണ്ട്.



◀ ഐസ്‌ലൻഡിന്റെ ആകാശത്ത് 2017ൽ കാണപ്പെട്ട അറോറ ബോറിയാലിസ്.
Credit: AstroAnthony / Wikimedia Commons



# ധ്രുവദീപ്തി

അന്തരീക്ഷംപോലെ തന്നെ നമ്മുടെ ഭൂമിയെ ചുറ്റിപ്പറ്റി ഒരു കാന്തികമണ്ഡലവും (Magnetosphere) നിലനിൽക്കുന്നുണ്ട്. ചാർജുള്ള കണങ്ങൾ ഉൾപ്പെട്ട സൗരക്കാറ്റ് ഭൂമിയെ കടന്നുപോകുമ്പോൾ അത് ഭൂമിയുടെ കാന്തികമണ്ഡലത്തിന് ചുറ്റും വ്യതിചലിക്കും. ഭൂമിയിലെത്തുന്ന സൗരവാതകണങ്ങളിൽ ഏറിയപങ്കും ഭൂമിക്കു ചുറ്റുമുള്ള കാന്തികമണ്ഡലത്തെ മുറിച്ചുകടക്കാൻ കഴിയാതെ ഭൂമിയുടെ വശങ്ങളിലൂടെ പ്രവഹിച്ചുപോവുകയും ചെയ്യുന്നു. എന്നാൽ ഊർജം കൂടിയ കണങ്ങൾ കാന്തികമണ്ഡലത്തെ തുളച്ചുകടക്കും. ഇത് ഏറെയും സംഭവിക്കുക ഭൂമിയുടെ കാന്തിക ധ്രുവങ്ങളോടു ചേർന്ന് ഫണൽ രൂപത്തിലുള്ള, കാന്തികബലരേഖകളില്ലാത്ത മേഖലകളിലാണ്. ഈ വികിരണകണങ്ങൾ നമ്മുടെ ഗ്രഹത്തിന്റെ കാന്തികക്ഷേത്രരേഖകളിലൂടെ താഴേക്ക് ഒഴുകുന്നു. ഇവ ഭൂമിയുടെ അന്തരീക്ഷത്തിന്റെ മുകൾത്തട്ടിലെ ആറ്റങ്ങളുമായി കൂട്ടിയിടിക്കുമ്പോൾ, മനോഹരമായ, വിശാലമായ വർണ്ണവിസ്മയംതന്നെ സൃഷ്ടിക്കപ്പെടാറുണ്ട്. ഈ പ്രതിഭാസത്തെയാണ് നമ്മൾ അറോറകൾ അഥവാ ധ്രുവദീപ്തി എന്നു വിളിക്കുന്നത്. കഴിഞ്ഞ മാസം സജീവമായ സൗരവാതത്തെ തുടർന്ന് യൂറോപ്പിന്റെ പല ഭാഗങ്ങളിലും നമ്മുടെ കശ്മീരിലെ ലഡാക്കിലും ഒക്കെ ധ്രുവദീപ്തി ദൃശ്യമായിരുന്നു.

ദക്ഷിണധ്രുവത്തിൽ ഇത്തരത്തിൽ കാണപ്പെടുന്ന പ്രതിഭാസത്തെ അറോറ ഓസ്ട്രേലിസ് (aurora australis) എന്നും ഉത്തരധ്രുവത്തിൽ രാത്രി ആകാശത്തുകാണപ്പെടുന്ന ദീപ്തിപ്രസരത്തെ അറോറ ബോറിയാലിസ് (aurora borealis) എന്നുമാണ് പറയുക. അന്തരീക്ഷത്തിലെ വാതകതന്മാത്രകളായ ഓക്സിജൻ പച്ചയും ചുവപ്പും പ്രകാശം നൽകുന്നു. നൈട്രജൻ, ഹൈഡ്രജൻ, ഹീലിയം തുടങ്ങിയവ നീല, വയലറ്റ് പോലെയുള്ള നിറക്കൂട്ടുകൾ സൃഷ്ടിക്കും.

# ഭൂമിയെപ്പോലെ മറ്റിടങ്ങളിൽ അറോറ ഉണ്ടാകുമോ?

അറോറ പ്രതിഭാസം ഭൂമിയിൽ മാത്രം സംഭവിക്കുന്ന ഒന്നല്ല. സൗരവാതപ്രവാഹം സൗരയൂഥത്തിൽ ഉടനീളം സഞ്ചരിക്കുന്നുണ്ട്. ഒരു ഗ്രഹത്തിന് അന്തരീക്ഷവും കാന്തികക്ഷേത്രവുമുണ്ടെങ്കിൽ, അവിടെ സാന്നിധ്യമുള്ള വാതകകണങ്ങളുമായി പ്രതിപ്രവർത്തിച്ച് അറോറകൾ ഉണ്ടാകാറുണ്ട്. ശുക്രൻ, ചൊവ്വ, വ്യാഴം, ശനി, യുറാനസ്, നെപ്റ്റ്യൂൺ എന്നീ ഗ്രഹങ്ങൾ, കൂടാതെ വ്യാഴത്തിന്റെ ഉപഗ്രഹമായ ഇയോ എന്നിവിടങ്ങളിൽ ഒക്കെ അറോറകൾ ദൃശ്യമാകാറുണ്ട്. ചില ധൂമകേതുക്കളും ധ്രുവദീപ്തി പ്രദർശിപ്പിക്കാറുണ്ട്. അവിടെ എല്ലാമുള്ള അറോറയുടെ നിറവിന്യാസം അന്തരീക്ഷത്തിന്റെ ഘടനയെ ആശ്രയിച്ചിരിക്കുന്നു. ശുക്രനിലും ചൊവ്വയിലും കാന്തികക്ഷേത്രങ്ങൾ ഇല്ലെങ്കിലും അന്തരീക്ഷകണികകളുമായി സൗരകണങ്ങൾ കൂട്ടിയിടിച്ച് വിസ്തൃതമായ നീളത്തിലുള്ള അറോറകൾ കാണാറുണ്ട്. വ്യാഴത്തിന്റെ ധ്രുവദീപ്തി നീലനിറത്തിലാണ്. അതേസമയം കാസിനി ബഹിരാകാശ പേടകം ശനിയുടെ മുകളിൽ ഓറഞ്ച് - മഞ്ഞ നിറത്തിലുള്ള അറോറയെ ചിത്രീകരിച്ചിട്ടുണ്ട്. ഈ ഗ്രഹങ്ങൾക്ക് ശക്തമായ കാന്തികമണ്ഡലങ്ങൾ ഉണ്ട്.

കാന്തികമണ്ഡലങ്ങളുള്ള ഗോളങ്ങൾക്ക് ഭൂമിയുടെപോലെ ദക്ഷിണ - ഉത്തര ധ്രുവദീപ്തികൾ പോലെ ഇരുധ്രുവങ്ങളിലും അറോറകൾ കാണാം. പക്ഷേ, കാന്തികക്ഷേത്രങ്ങളില്ലാത്ത ഇടങ്ങളിൽ ഈ പ്രതിഭാസത്തെ നീളത്തിലുള്ള വിന്യാസമായിട്ട് ആയിരിക്കും കാണപ്പെടുക. നമ്മുടെ സൗരയൂഥത്തിന് പുറത്തുള്ള ഗ്രഹങ്ങളുടെ അന്തരീക്ഷങ്ങളിലും ധ്രുവദീപ്തി പ്രതിഭാസം സംഭവിക്കാറുണ്ട്.



ഇക്കഴിഞ്ഞ ദിവസങ്ങളിൽ പ്രത്യക്ഷപ്പെട്ട അറോറ
Credit: Ronald Woan/flickr

# മടിയൻ
## എന്ന അധോലോക നായ

അരുൺ രവി

മുട്ടപഫ്സ്! അതാണ് മടിയന്റെ പ്രധാനനിവേദ്യം. ചെറുന്നിയൂർമുക്കിൽ കാർത്തിക ബേക്കറിയുടെ മുന്നിൽ അവനൊരു സ്പോട്ടുണ്ട്. വെയിലടിക്കാത്ത, മഴ കൊള്ളാത്ത, എന്നാൽ അഞ്ചുംകൂടിയ വഴിയെത്തിച്ചേരുന്ന ആ ചെറിയ ജംഗ്ഷന്റെ ഓരോ സ്പന്ദനവും തിരിച്ചറിയാൻ പാകത്തിന് ഒരുക്കപ്പെട്ട ഒരു സ്പെഷ്യൽ ഇരിപ്പിടം... അല്ല, കിടപ്പിടം!

മടിയൻ എന്ന അധോലോക നായ എന്നും രാവിലെ കൃത്യം ആറുമണിക്ക് അവിടെയെത്തും. കിടക്കും. ഏഴു മണി മുതൽ ആരാധകർ വരിവരിയായെത്തും. സ്കൂളിൽ പോകുന്നവർ, ഓഫീസുകളിൽ പോകുന്നവർ, ബസ്സ് കാത്ത് നിൽക്കുന്നവർ, കടകളിൽ സാധനം വാങ്ങാൻ വരുന്നവർ... അങ്ങനെ ഒരുപാടു പേർ. അവർ മടിയനെ ആരാധനയോടെ നോക്കും. ചിലർ സലാം വയ്ക്കും. മറ്റു ചിലർ അടുത്തുചെന്ന് വിനയാന്വിതരായി നിന്നുകൊണ്ട് കഥ പറയും. അതിലുമൊക്കെയും ഉപരിയായി കൃത്യസമയങ്ങളിൽ ആരെങ്കിലുമൊക്കെ മുട്ടപഫ്സുകളും കട്‌ലറ്റും ചിക്കൻ റോളുമെല്ലാം എത്തിച്ചുകൊടുക്കും.

മടിയൻ അലസവിലാസിതനായി 'ഇതൊക്കെയെന്ത്?' എന്ന ഭാവത്തിൽ കിടന്നിടത്തുനിന്നെഴുന്നേൽക്കാതെ, കണ്ടും കേട്ടും, കപ്പിത്തിന്നും അവിടങ്ങനെ വിരാജിക്കും.

മടിയൻ റെപ്യൂട്ടഡ് ആയ ഒരു അണ്ടർവേൾഡ് ഡോൺ ആണ്. അവൻ എവിടെനിന്നു വന്നു എന്നോ എന്തായിരുന്നു ചെയ്തിരുന്നതെന്നോ അധികമാർക്കും അറിയില്ലെങ്കിലും അവന്റെ പവറിൽ ആർക്കും സംശയമുണ്ടായിരുന്നില്ല. ചെറുന്നിയൂർ ഗ്രാമത്തിൽ, പഞ്ചായത്തുഭരണസമിതി കഴിഞ്ഞാൽ പിന്നെ കാര്യങ്ങൾ തീരുമാനിക്കുവാൻ കപ്പാസിറ്റി അവനു മാത്രമാണ്. പക്ഷേ, അധികാരത്തിന്റെ വെജിറ്റബിൾ സമൂസകളിൽ കടിച്ചുതൂങ്ങാൻ താത്പര്യമില്ലാത്തതുകൊണ്ട് അവൻ ഒന്നും തീരുമാനിക്കുന്നില്ല എന്നു മാത്രം! ആരെങ്കിലും ഉപദേശവും ചോദിച്ചു വന്നാൽ നീട്ടിയൊരു കോട്ടുവായയിട്ട് അവൻ തിരിഞ്ഞു കിടക്കും. ആ കോട്ടുവായയുടെ ആഴവും പരപ്പും ബാരോമീറ്റർ റീഡിങ്ങും ഒക്കെ നോക്കി



വര: രശ്മി രാഘവൻ

അവന്റെ അഭിപ്രായം എന്തെന്ന് ആളുകൾ മനസ്സിലാക്കും. ഇത്തരം തർജ്ജമകൾ ചെയ്തു കൊടുക്കാൻ വേണ്ടി തൊട്ടടുത്ത കടകളിൽ ഹെല്പ്ഡെസ്ക് സംവിധാനംപോലുമുണ്ടായിരുന്നു.

അധോലോക ഡോൺ ആണെങ്കിലും മടിയൻ കുരച്ചതായി കേട്ടുകേൾവി പോലുമില്ലായിരുന്നു. എന്തിനാണിപ്പോ കുരയ്ക്കുന്നത്? ഉറങ്ങുന്ന മടിയന്റെ കൂർക്കംവലി ഗർജ്ജനത്തേക്കാൾ ഭയാനകമാണെന്ന് ആർക്കാണറിഞ്ഞു കൂടാത്തത്!

എന്നാൽ ആദ്യം മടിയൻ ഡോൺ ആയിരുന്നില്ല. ഒരു വെറും മടിയൻ മാത്രമായിരുന്നു. അങ്ങനൊരു നായ അധോലോകമടിയനായ ഒരു കഥയാണിത്.

ഒരിടത്തൊരിടത്ത് ഒരു അക്കായി എന്നൊരു ബേക്കറിക്കാരന് ഒരു പട്ടിക്കുട്ടിയെ കിട്ടുന്നിടത്താണ് ഈ കഥ തുടങ്ങുന്നത്. കണ്ണു തുറക്കാൻ പ്രായമാവാത്ത, എന്നു മാത്രമല്ല, 'കണ്ണൊക്കെ തുറക്കാൻ വലിയ പാടാന്നേ, അതുകൊണ്ട് എനിക്കെങ്ങും വയ്യ' എന്ന ആറ്റിറ്റ്യൂഡുള്ള ഒരു തക്കിടിമുണ്ടൻ പട്ടിക്കുട്ടി. ദേഹമാകെ മഞ്ഞ നിറത്തിലെ രോമങ്ങൾ. ഭക്ഷണത്തിന്റെ മണമടിച്ചാൽ മാത്രം 'ങീ... ങീ...' ന്നൊരു മൂളൽ. ആരെങ്കിലും മുന്നിൽ കൊണ്ടുവയ്ക്കുന്ന ഫുഡ് കപ്പുകുപ്പാന്ന് തിന്നാൻ മാത്രമുള്ള ഉത്സാഹം.

ആദ്യദിവസം തന്നെ ബേക്കറിക്കാരൻ പേരിട്ടു കൊടുത്തു, - മടിയൻ! മുട്ടപഫ്സിനോട് ഒരു പ്രത്യേക തരം ആക്രാന്തം പ്രകടിപ്പിച്ചിരുന്ന കുട്ടിക്കാലമായിരുന്നു അവന്റേത്. അങ്ങനെ അവനുവേണ്ടി മാത്രം ആ ബേക്കറിക്കാരൻ മുട്ടപഫ്സുകൾ ഉണ്ടാക്കാൻ തുടങ്ങി.

പിന്നെ കുറേനാളു കഴിഞ്ഞപ്പോൾ ബേക്കറിക്കാരന് ഉസ്ബക്കിസ്ഥാനിൽ ബേക്കറി തുടങ്ങാൻ ഒരു ഓഫർ വന്നതു കാരണം നാടുവിട്ടു പോകേണ്ടി വന്നു. മടിയനെ കൂട്ടിക്കൊണ്ടു പോകാൻ അയാൾക്ക് കഴിഞ്ഞതുമില്ല. വീടും വീട്ടാരും പഫ്സുമൊന്നുമില്ലാതെ, അവൻ കുറേ നാൾ അലഞ്ഞുനടന്നു. ഒടുവിൽ കാർത്തിക ബേക്കറിയുടെ മുന്നിൽ വന്നു കിടപ്പായി. മൂന്നാലു ദിവസത്തെ അലച്ചിലിനൊടുവിൽ അവൻ ആകെ അവശനായിരുന്നു.

പാവം നായയുടെ കിടപ്പു കണ്ട്, നാട്ടിലെ അറിയപ്പെടുന്ന മൃഗസ്നേഹിയായ, കുറച്ചുദൂരെയായി ആല നടത്തുന്ന ഉണ്ണിയമ്മ ഒരു വെജിറ്റബിൾ സമൂസ വാങ്ങി അവനു നൽകി. മടിയൻ സമൂസയൊന്ന് മണപ്പിച്ചു. വിശന്നുവലഞ്ഞ നായ അതു കപ്പിത്തിന്നും എന്ന് പ്രതീക്ഷിച്ച് നോക്കിയിരുന്ന ഉണ്ണിയമ്മയെ ഞെട്ടിച്ചുകൊണ്ട് അവൻ മുഖം ചുളിച്ച് അത് മൂക്കുകൊണ്ട് നീക്കിമാറ്റി. എന്നിട്ട് പരമപുച്ഛത്തോടെ ഉണ്ണിയമ്മയെ നോക്കി.

ഈ എക്സ്പ്രഷൻ ഉണ്ണിയമ്മയുടെ ഈഗോയ്ക്ക് വലിയ ഒരു തട്ടുകേടായിപ്പോയി. അവർ ആ ബേക്കറിയിലെ പലവിധ വിഭവങ്ങളും പരീക്ഷിച്ചുനോക്കി. വെജിറ്റേറിയൻ ഐറ്റങ്ങൾ മടിയൻ മൈൻഡ് ചെയ്യതേയില്ല. എന്നാൽ നോൺവെജ് എന്തു കിട്ടിയാലും കഴിക്കാൻ തുടങ്ങി. എന്നാലും വലിയ തൃപ്തിയൊന്നും മുഖത്തില്ല. ഷെസ്വാൻ സോസിൽ മുക്കിക്കൊടുത്ത ചിക്കൻ സ്പ്രിങ്ങ്റോളിനോടുപോലും പുച്ഛം. ഒടുവിലാണ് ഉണ്ണിയമ്മയ്ക്ക് തുറുപ്പുചീട്ട് വീണു കിട്ടിയത്...

മുട്ടപഫ്സ്!

അതു കിട്ടിയ മടിയൻ ഉണ്ണിയമ്മയെ നോക്കി കണ്ണിറുക്കി ഒരു ചിരി!

ഉണ്ണിയമ്മയും ചിരിച്ചുപോയി. എന്തായാലും അന്നു മുതൽ, ഉണ്ണിയമ്മയുടെ വക മുട്ടപഫ്സ് രണ്ടെണ്ണം മടിയന്റെ ബ്രേക്ക്ഫാസ്റ്റ് മെനുവിൽ സ്ഥാനം പിടിച്ചു. അങ്ങനെ കുറച്ചു നാളുകൾ കഴിഞ്ഞപ്പോൾ ഇതുപോലെ ആരൊക്കെയോ ലഞ്ചും ഡിന്നറുമൊക്കെ അവന് സ്പോൺസർ ചെയ്യാൻ തുടങ്ങി.

പക്ഷേ, മടിയൻ അധോലോകദാമോദരനായത് അപ്പോഴൊന്നുമല്ല. കാലാന്തരത്തിൽ മടിയൻ ചെറുന്നിയൂരിന്റെ പൊതുസ്വത്തായി മാറിക്കഴിഞ്ഞ ശേഷം, ഒരു ദിവസം സംഭവിച്ച ഒരു അവിസ്മരണീയസംഭവത്തോടെയാണ് അതു സംഭവിച്ചത്. ചെറുന്നിയൂരിൽ കുറേ അമ്പലങ്ങളും കുറച്ച് പള്ളികളും മൂന്നാല് പാർട്ടി ഓഫീസുകളും ഒരു റെഡ്സ്റ്റാറും, മൂന്ന് ട്യൂട്ടോറിയൽ കോളേജും, രണ്ട് ക്ലബ്ബും തികഞ്ഞ മതസൗഹാർദ്ദത്തോടെ ജീവിക്കുന്നുണ്ടായിരുന്നു. അതിലൊരു വെറ്ററൻ അമ്പലമായിരുന്നു 'ശ്രീ പള്ളിയിൽ കണ്ടൻ ശ്രീ ഗജക്ഷേത്രം' എന്ന ഗജനട! അവിടെ എഴുന്നെള്ളത്ത് നടന്ന ദിവസമായിരുന്നു ആ വിപ്ലവമുണ്ടായത്. ഗജനടയിൽ എഴുന്നെള്ളത്തിന് ആനയെക്കൊണ്ടു വരും. സാധാരണ ചെറുന്നിയൂരിനും പരിസരപ്രദേശത്തുമുള്ള എല്ലാ എഴുന്നെള്ളത്തുകളും ലേലത്തിനു പിടിച്ചിരിക്കുന്നത്

**പാവം നായയുടെ കിടപ്പുകണ്ട്, നാട്ടിലെ അറിയപ്പെടുന്ന മൃഗസ്നേഹിയായ ഉണ്ണിയമ്മ ഒരു വെജിറ്റബിൾ സമൂസ വാങ്ങി അവനു നൽകി. മടിയൻ സമൂസയൊന്ന് മണപ്പിച്ചു. വിശന്നുവലഞ്ഞ നായ അതു കപ്പിത്തിന്നും എന്ന് പ്രതീക്ഷിച്ച് നോക്കിയിരുന്ന ഉണ്ണിയമ്മയെ ഞെട്ടിച്ചുകൊണ്ട് അവൻ മുഖം ചുളിച്ച് അത് മൂക്കുകൊണ്ട് നീക്കിമാറ്റി.**

ബിപ്ലവ് ബി കൊമ്പനാർ എന്ന വിപ്ലവകാരിയായ ഒരാനയുടെ തനിമൂരാച്ചിയായ ഒരു പാപ്പാനാണ്. പേര് താമരാക്ഷൻ പാപ്പാൻ. ബിപ്ലവ്ജിക്ക് ഇതൊന്നും തീരെ താല്പര്യമില്ലെങ്കിലും പാപ്പാന്റെ നിർബന്ധത്തിനു വഴങ്ങി പുള്ളി എഴുന്നെള്ളാൻ പോവും. എന്നാൽ എന്തെങ്കിലും താത്വികപ്രശ്നം വന്നാൽ പുള്ളി പിണങ്ങീം പോവും. ഇത് സ്ഥിരം പണിയാണ്. ഒരു കാര്യം കൂടി നിങ്ങൾ മനസ്സിലാക്കണം... ഈ ബിപ്ലവ് ബി കൊമ്പനാർ വെറും ആനയല്ല. നല്ല വിവരവും വിദ്യാഭ്യാസവും വായനാശീലവുമുള്ള ഒരു ബുദ്ധിജീവി കൂടിയാണ് അദ്ദേഹം.

അങ്ങനെയുള്ള ഈ ബിപ്ലവാന ഈ പ്രസ്തുതസംഭവം നടക്കുന്ന ദിവസം, ഗജനട എഴുന്നെള്ളത്തിന്റെ മെയിൻ ആളായിട്ട് ചെറുന്നിയൂർമുക്കിലെ കാർക്കാവ് തോട്ടിലെ, അവശേഷിക്കുന്ന താമരത്തണ്ടിൽ പിടിച്ച് മുങ്ങിക്കിടപ്പായി.

നാട്ടാര് വിരണ്ടു.

നാട്ടുകാക്കകൾ വിരണ്ടു.

കാർത്തികബേക്കറിയിലെ കണ്ണാടിപ്പെട്ടിയിൽ പറ്റിപ്പിടിച്ചു കിടന്ന ഉണ്ടമ്പൊരികൾപോലും ഉരുണ്ടു പിരണ്ടു.

ആർക്കും ആദ്യം കാര്യമൊന്നും മനസ്സിലായില്ല. ബിപ്ലവൻ വിപ്ലവമുണ്ടാക്കുകയാണ്. ഇതെന്താ ഇങ്ങനെ? പിന്നീടാണ് ദേശത്തെ ബുദ്ധിജീവികൾക്ക് കാര്യം പിടികിട്ടിയത്. അവർ ആർച്ചിൽ എഴുതിയ വാചകത്തിൽ നോക്കി മൂക്കത്തുവിരൽ വച്ചു നില്പായി. സംഭവം സിമ്പിളായിരുന്നു.

ആർച്ചിൽ പതിച്ചിരുന്ന ബാനറിൽ, 'പള്ളിയിൽ കണ്ണൻ ശ്രീ ഗജക്ഷേത്രം' എന്നെഴുതിയപ്പോ അത് എഴുതിയ മധു

**അക്ഷരാഭ്യാസമുള്ള ആനയല്ലേ... അവൻ ആർച്ചിലെ എഴുത്ത് വായിക്കാൻ ഒരു ശ്രമം നടത്തി. പിന്നെ, ഒരു ചിന്നം വിളിയായിരുന്നു. മുകളിലിരുന്ന് നെറ്റിപ്പട്ടം പിടിച്ച പാപ്പാനും, വെഞ്ചാമരച്ചങ്ങാതിയും മുത്തുക്കുടടീമും കിടുകിടാന്ന് വിറയ്ക്കാൻ തുടങ്ങി. തോട്ടിയുമായി മുന്നിൽ നടന്ന താമരാക്ഷൻ പാപ്പാൻ തത്തോ പിത്തോ ഓടി മറഞ്ഞു.**



ത്തിക ബേക്കറിയുടെ മുന്നിലെത്തിയപ്പോഴാണ്...

ദേ മുന്നിലൊരാർച്ച്! അതു പിന്നെ, ഉത്സവമാണേല് ആർച്ച് കാണില്ലേ? സ്വാഭാവികം. ആർച്ചിൽ വലിയ അക്ഷരത്തിൽ ഉത്സവത്തിന്റെ വിവരങ്ങളൊക്കെ എഴുതിയിട്ടുമുണ്ട്. അക്ഷരാഭ്യാസമുള്ള ആനയല്ലേ... അവൻ ആർച്ചിലെ എഴുത്ത് വായിക്കാൻ ഒരു ശ്രമം നടത്തി. പിന്നെ, ഒരു ചിന്നം വിളിയായിരുന്നു.

മുകളിലിരുന്ന് നെറ്റിപ്പട്ടം പിടിച്ച പാപ്പാനും, വെഞ്ചാമരച്ചങ്ങാതിയും മുത്തുക്കുടടീമും കിടുകിടാന്ന് വിറയ്ക്കാൻ തുടങ്ങി. തോട്ടിയുമായി മുന്നിൽ നടന്ന താമരാക്ഷൻ പാപ്പാൻ തത്തോ പിത്തോ ഓടി വെള്ളിയാഴ്ച അണ്ണന് ഒരു ചെറിയ മിസ്റ്റേക്ക് പറ്റിപ്പോയി. ഒരു വള്ളി കുറഞ്ഞു പോയി. സംഭവം 'പള്ളയിൽ കണ്ണൻ' ആയിപ്പോയി...

'വിപ്ലവകാരിയും സർവ്വോപരി ബുദ്ധിജീവിയുമായ എന്നെ ബോഡി ഷെയിമിങ്ങ് ചെയ്യാൻ നോക്കുന്നോടാ ധിക്കാരികളേ...' എന്നായിരുന്നു ബിപ്ലവ് ബി കൊമ്പനാരുടെ ചിന്നംവിളിയുടെ ഗൂഗിൾ ട്രാൻസ്ലേഷൻ.

'അതിന് ഫീല് ചെയ്യേണ്ടത് ക്ഷേത്രത്തിലിരിക്കുന്ന ആ പാവം ഗജമല്ലേ, നിങ്ങളെന്തിനാപ്പോ കലിപ്പിക്കുന്നത്' എന്ന് പലരും ബിപ്ലവിനോട് പറഞ്ഞു നോക്കി... എവിടെ... ഒന്നും ഒന്നും ഏൽക്കുന്നില്ല.

എന്നു മാത്രമല്ല, സമയം കഴിയുന്തോറും അദ്ദേഹത്തിന് അരിശം കേറാൻ തുടങ്ങി. ആദ്യം വഴിയിൽ കുത്തിയിരുന്ന് 'ഇങ്ക്വിലാബ് സിന്ദാബാദ്' ന്നൊക്കെ ചിന്നം വിളിച്ചു. പിന്നെ, കവലപ്രസംഗം തുടങ്ങി. ആദ്യം പേടിച്ചുപോയ ആളുകൾക്ക് പതിയെപ്പതിയെ ബോറടിക്കുകയും, അവർ അവിടെയുമിവിടെയുമൊക്കെ കൂട്ടംകൂടി നിൽക്കാനും ചിലരൊക്കെ തറയിൽ ഇരിക്കാനും ഒക്കെത്തുടങ്ങി.

'ഗ്വാാ... ഗ്വാാ...' ന്നുള്ള ബഹളമല്ലാതെ ആളുകൾക്ക് താൻ പറയുന്നത് ഒന്നും മനസ്സിലാവുന്നില്ല എന്നു മനസ്സിലായപ്പോൾ ബിപ്ലവിന് സങ്കടവും അരിശവും കൂടി. ആ ദേഷ്യത്തിന് അവൻ അടുത്തിരുന്ന ഒരു സൈക്കിൾ ഉന്തി ദൂരേക്കിട്ടു. ആ കയ്യാങ്കളി കണ്ട ആളുകൾ ശരിക്കും പേടിച്ചു. മുകളിലെ നെറ്റിപ്പട്ട വെഞ്ചാമരമുത്തുക്കുട മൂവർസംഘം ആനയുടെ മുകളിലൂടെ പോയിരുന്ന ടെലഫോൺ കമ്പി റോപ് വേ ആക്കി, ടാർസനപ്പൂപ്പൻ കൂവുന്നതു പോലെ 'ഓാാ... ഓാാ... ഓാാ...' ന്ന് ബാക്ക് ഗ്രൗണ്ട് മ്യൂസിക്കിട്ട് രക്ഷപ്പെട്ടു. കഥകളി കാണാനിരിക്കുന്നത് പോലെ, ഇടഞ്ഞു നിൽക്കുന്ന ആനയുടെ മുന്നിൽ ചമ്മണം പടഞ്ഞിരുന്ന സീനിയർ സിറ്റിസൺസ് ചാടിയെഴുന്നേറ്റ് സീൻ വിട്ടോടി..

'ങ്ഹാ, ഈ കളി കൊള്ളാല്ലോ...' -ആനയ്ക്കും ഹരം കയറി. അവൻ അടുത്ത സൈക്കിളെടുത്ത് തൂക്കിയെറിഞ്ഞു. ആന എറിയുന്നതിനു മുമ്പുതന്നെ സൈക്കിളിൽ കയറിപ്പറ്റിയ വർക്കിച്ചേട്ടൻ കാർത്തിക ബേക്കറിയുടെ എതിർവശത്തുള്ള വക്കീലപ്പൂപ്പന്റെ വീടിന്റെ വൈക്കോൽത്തുറുവിൽ ചെന്ന് സേഫായി ലാൻഡ് ചെയ്തു. എന്നിട്ട് വൈക്കോലിന്റെ അലർജി കാരണം അവിടിരുന്ന് ചൊറിയാനും കരയാനും

തുടങ്ങി. ബിപ്ലവൻ മൂന്നാമത്തെ സൈക്കിൾ തപ്പി തെക്കുവടക്ക് നടക്കാൻ തുടങ്ങി.

‘ആന ഇടഞ്ഞു’ എന്ന് ഔദ്യോഗികമായി പ്രഖ്യാപിക്കാം എന്ന് സ്ഥലത്ത് ഹാജരുണ്ടായിരുന്ന പഞ്ചായത്ത് പ്രസിഡന്റ് ജൂലിയറ്റ് ചേച്ചി തീരുമാനിച്ച അതേ സമയത്താണ് വീണ്ടും ഒരു ചിന്നംവിളി കേട്ടത്. ഇത്തവണ അരിശംവന്ന ആനയുടെ കൊലവിളിയല്ല.. പകരം, പേടിച്ചരണ്ട ഒരു നാൽക്കാലിയുടെ രോദനമായിരുന്നു എല്ലാരും കേട്ടത്.

എല്ലാവരും നോക്കിയപ്പോ, വാലും ചുരുട്ടി ‘ഡുണുക്കോ ഡുണുക്കോ’ എന്നും പറഞ്ഞ് ബിപ്ലവ് ബി കൊമ്പനാർ കുണുകുണാന്ന് ഓടിപ്പോവുന്നു. അവനിപ്പോ സൈക്കിളും എടുത്തെറിയണ്ട, ആളിനേം വിരട്ടണ്ട. ആകെ മൊത്തം ഒരു സമാധാനത്തിന്റെ വെള്ളരി പ്രാവ് കളി..

എന്താ സംഭവമെന്ന് ആർക്കും കുറച്ചുനേരത്തേക്ക് പിടികിട്ടിയില്ല. പിന്നെയാണ് കാര്യങ്ങൾക്ക് ഒരു വ്യക്തതയുണ്ടായത്. ബിപ്ലവ് ബി കൊമ്പനാർ ഈ കൊലവിളിയും വിപ്ലവങ്ങളും കാണിച്ചു കൊണ്ടിരുന്ന സമയത്ത് നമ്മുടെ മടിയൻ അവിടെ സുഖമായി കിടന്നുറങ്ങുന്നുണ്ടായിരുന്നു. ഈ ബഹളങ്ങളൊക്കെ കേട്ടുണർന്ന അവന് സത്യം പറഞ്ഞാൽ വയറു വിശക്കുകയാണുണ്ടായത്. ബിപ്ലവ് എടുത്തെറിയാൻ ആദ്യത്തെ സൈക്കിൾ തപ്പി നോക്കുന്ന സമയത്ത്, നമ്മുടെ മടിയൻ, ഉണ്ണിയമ്മ അവനു വേണ്ടി പൊതിഞ്ഞു വച്ച മുട്ട പഫ്സ് പൊതിയഴിച്ചു തിന്നാനുള്ള ശ്രമത്തിലായിരുന്നു.

രണ്ടാമത്തെ സൈക്കിളും വർക്കിച്ചേട്ടനും ഫ്ലൈറ്റ് മോഡിൽ ആയപ്പോ മടിയൻ പൊതിയഴിച്ചു. മൂന്നാമത്തെ സൈക്കിൾ തപ്പാൻ തിരിഞ്ഞ ആന, മുട്ടപഫ്സ് തിന്നുന്ന നായയെ കാണുകയും, ‘ഇവിടൊരുത്തൻ കൊലമാസ് പെർഫോമൻസ് നടത്തുന്നതിനിടയ്ക്കാണോടാ നിന്റെ മുട്ടപഫ്സ് തീറ്റ’ എന്ന് ആക്രോശിച്ചു കൊണ്ട് അവന്റെ മുട്ടപഫ്സ് തട്ടിത്തെറിപ്പിക്കാൻ നോക്കുകയും ചെയ്തു. അപ്പോൾ, അപ്പോൾ മാത്രം, മടിയൻ വലിയ ഷോ ഒന്നും കാണിക്കാതെ, ആനയ്ക്ക് നല്ലൊരു കടി വച്ചു കൊടുക്കുകയും ചെയ്തത്രേ! തുമ്പിക്കയ്യുടെ തുഞ്ചത്തുതന്നെ കടികിട്ടിയ ബിപ്ലവന്റെ വിപ്ലവവീര്യം അപ്പത്തന്നെ ചോർന്നു പോവുകയും സ്ഥലത്തുനിന്നു സ്കൂട്ടാവുകയും ചെയ്തു.

പിന്നീട് കുറേ മണിക്കൂറുകൾക്കുശേഷം ഗജനട തോട്ടിലെ പാലത്തിനടിയിൽ വിങ്ങിവിതുമ്പി പതുങ്ങിയിരിക്കുന്ന നിലയിലാണ് ബിപ്ലവനെ പാപ്പാന്മാർക്ക് കാണാൻ കഴിഞ്ഞത്.

എന്തായാലും, ‘എനിക്ക് റാബീസിന്റെ ഇഞ്ചെക്ഷൻ തായോ.. ഇല്ലേല് എനിക്ക് പേ പിടിക്കുമേയെന്ന്...’ വലിയ വായിലേ നിലവിളിച്ച അവനേം കൊണ്ട് വിവരമില്ലാത്ത പാപ്പാന്മാര് മനുഷ്യന്മാരുടെ മെഡിക്കൽ കോളേജില് പോയെന്നും ആനയ്ക്ക് റാബീസിന്റെ ഇഞ്ചെക്ഷൻ കൊടുക്കാനുള്ള സൂചി ഇവിടില്ല എന്ന് പറഞ്ഞതിന് അവിടുത്തെ ഡ്യൂട്ടി



വര: രശ്മി രാഘവൻ

ഡോക്ടറെ ബിപ്ലവൻ ആകാശത്ത് പൊക്കിനിർത്തിയെന്നും പിന്നെ റാബീസ് വാക്സിനെന്നും പറഞ്ഞ് കാടിവെള്ളം കലക്കിക്കൊടുത്തെന്നും അത് പിന്നീട് മനസ്സിലായതിനു ശേഷം, പേ പിടിച്ചോ എന്നറിയാൻ അവൻ ഇപ്പോഴും ഇടയ്ക്കിടയ്ക്കൊക്കെ കുരച്ചുനോക്കാറുണ്ടെന്നും ഒക്കെ അവനെപ്പറ്റി കുറേ കഥകൾ കേട്ടിരുന്നു. സത്യമാണോ എന്തോ!

പക്ഷേ, തിരിച്ച് കാർത്തിക ബേക്കറിയുടെ മുന്നിലേക്ക് വന്നാൽ, ഈ കടിപിടിയ്ക്കൊക്കെശേഷവും ഒന്നും അറിയാത്തപോലെ അവിടിരുന്ന് മുട്ട പഫ്സ് കപ്പിത്തിന്നുകയായിരുന്നു നമ്മുടെ മടിയൻ എന്നത് വസ്തുതയാണ്. തന്നെ അദ്ഭുതത്തോടെ നോക്കുന്ന മനുഷ്യന്മാരെ തികഞ്ഞ പുച്ഛത്തോടെ നോക്കീട്ട്, പഫ്സിനുള്ളിലെ ഉള്ളിമസാല രസിച്ചു രുചിക്കുന്ന അവന്റെയാ ഇരിപ്പ് ഒന്നു കാണേണ്ടതു തന്നെയായിരുന്നു.

എന്തായാലും അന്നുമുതൽ, മനുഷ്യനെന്നോ, നായയെന്നോ ഭേദമില്ലാതെ, എല്ലാ ജീവജാലങ്ങളും മടിയനെ മുൻകാലപ്രാബല്യത്തോടെ ബഹുമാനിക്കുകയും, അവന്റെ ഇഷ്ടാനിഷ്ടങ്ങൾ അനുസരിച്ച്, (എന്നു വച്ചാൽ എല്ലായ്പ്പോഴും മുട്ട പഫ്സ് വാങ്ങിക്കൊടുത്ത്) അവനെ സന്തുഷ്ടനാക്കുകയും ചെയ്തു തുടങ്ങി.

കുറച്ചുദൂരെ, അമ്പിളിച്ചന്തയിൽ, ബഡായിബ്രദേഴ്സ് എന്നറിയപ്പെട്ടിരുന്ന ഗിർഗിർ ഗൗരപ്പനും, ലിയോ ദ ലാബ്രഡോറും, മടിയന്റെ പേരും പറഞ്ഞ് 'ഉണക്കമീൻ ഹഫ്ത' പോലും പിരിച്ചുതുടങ്ങി. അങ്ങനെ, ഉള്ളത് പറഞ്ഞും കൂട്ടിപ്പറഞ്ഞും, മടിയന്റെ കഥ നാടുമുഴുവൻ പാട്ടായി..

മടിയൻ അധോലോക നായയായി.

എന്തിനേറെ, മടിയന്റെ ഗഡിയെന്ന കാര്യത്താൽ, കാർത്തിക ബേക്കറിയിലെ കണ്ണാടിക്കൂട്ടിൽ മുട്ടപഫ്സിനുപോലും മുട്ടൻ വെയ്റ്റായി.

കവിത

# തണലാവണം

**ഹാജറ കെ എം**

ഒരു ചെറു കാറ്റുണ്ട് ഒരു കുടം മഴയുണ്ട്
ഒരു നൂറു കിളികൾ കൂട്ടിനുണ്ട്
ഒരായിരം വർണ പുഷ്പങ്ങളായിനി
ഈ വല്ലിയിൽ പൂത്തു നിന്നിടേണം

അറിവും വിവേകവും നേടിടേണം
എന്നും നിറയുന്ന ചിരിയായ് ഒഴുകിടണം
ചുറ്റും പരിമളം വിതറിടേണം
എന്നും തിളങ്ങുന്ന താരങ്ങളായിടേണം

സൗമ്യമായ് ഒഴുകുന്ന പുഴയാവണം
നൂറുപുണ്യങ്ങൾ ചെയ്യുന്ന സൂര്യനാവണം
വാക്കിൽ മധുരം നിറച്ചിടേണം
എന്നും നന്മതൻ വിളക്കായ് തെളിഞ്ഞിടണം

ആരും കൊതിക്കുന്ന സൗഹൃദമാവണം
എന്തും തിരുത്തുവാൻ കഴിവുള്ള കൂട്ടാവണം
നോക്കിൽ കനിവുകൾ നിറച്ചിടേണം
എന്നും നിറയുന്ന തണലായ് മാറിടേണം



വര: സചീന്ദ്രൻ കാറഡ്ക്ക

# ലിംഗഭേദങ്ങൾ

## സാബു കോട്ടുക്കൽ

നാമത്തെപ്പറ്റി മനസ്സിലാക്കിയ സ്ഥിതിക്ക് ഇനി നാമപദങ്ങളിൽ വരുന്ന ചില വ്യത്യാസങ്ങളെപ്പറ്റി ആലോചിക്കാം. ചില നാമപദങ്ങൾ താഴെ നൽകിയിട്ടുള്ളത് നോക്കൂ.

അച്ഛൻ, ചെറുക്കൻ, തള്ള, ആൺകുട്ടി, മരം, പൂവൻ, അവൻ, ജോലിക്കാരി, പുഴ, ചേട്ടത്തി, ഇത്, പണിക്കാർ, ചങ്ങാതി, ഗ്രാമീണർ, ആശാൻ, കുട്ടി, ഓട്ടം, മിടുക്കൻ, പോത്ത്, ഗുരു, പ്രേക്ഷകർ, മണൽ, ഇവൾ, ജനം, കള്ളം, പൂക്കാരി.

ആണിനെയാണോ പെണ്ണിനെയാണോ ഇതു രണ്ടുമല്ലാത്തതിനെയാണോ ആണിനെയും പെണ്ണിനെയും പൊതുവായാണോ സൂചിപ്പിക്കുന്നത് എന്നെല്ലാം വ്യക്തമാക്കാൻ ഉപയോഗിക്കുന്ന സങ്കേതമാണ് ലിംഗം. നാമപദത്തിൽ ചില വ്യത്യാസം വരുത്തിയാണ് ഇതു വ്യക്തമാക്കുന്നത്. ലിംഗം വ്യക്തമാക്കാൻ ഭാഷയിൽ പല മാർഗങ്ങളുണ്ട്. സ്ത്രീയ്ക്കും പുരുഷനും പ്രത്യേക പദങ്ങൾ ഉപയോഗിക്കുക, നാമപദങ്ങൾക്കു മുമ്പിൽ ആൺ, പെൺ എന്നീ ശബ്ദങ്ങൾ ഉപയോഗിക്കുക, പ്രത്യയങ്ങൾ ചേർക്കുക എന്നിവയാണ് പൊതുവായി സ്വീകരിക്കുന്ന രീതി. പുരുഷനെ സൂചിപ്പിക്കുന്ന നാമപദം പുല്ലിംഗം, സ്ത്രീയെ സൂചിപ്പിക്കുന്നത് സ്ത്രീലിംഗം, ജഡവസ്തുക്കളെയും ആൺപെൺ വ്യത്യാസം പ്രകടമാക്കാത്തവയെയും സൂചിപ്പിക്കുന്നത് നപുംസകലിംഗം, സ്ത്രീപുരുഷന്മാരെ ഒന്നിച്ചു സൂചിപ്പിക്കുന്നത് ഉഭയലിംഗം അഥവാ സാമാന്യ ലിംഗം. നിങ്ങൾ തയ്യാറാക്കിയ പട്ടിക ഈ വിധത്തിലുള്ളതാണോ എന്നു പരിശോധിക്കാവുന്നതാണ്.

| പുരുഷനെ സൂചിപ്പിക്കുന്നത് | സ്ത്രീയെ സൂചിപ്പിക്കുന്നത് | പുരുഷനെയും സ്ത്രീയെയും പൊതുവായി സൂചിപ്പിക്കുന്നത് | പുരുഷനും സ്ത്രീയും അല്ലാത്തതിനെ സൂചിപ്പിക്കുന്നത് |
|---|---|---|---|
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |

ഇവയെ ഏതെങ്കിലും പൊതുസ്വഭാവത്തിന്റെ അടിസ്ഥാനത്തിൽ പട്ടികപ്പെടുത്താൻ കഴിയുമോ? ഇവിടെ നൽകിയിട്ടുള്ള പട്ടികയിലെ നിർദേശമനുസരിച്ച് എഴുതിനോക്കിയാലോ?

ഈ പട്ടികപ്പെടുത്തൽ വഴി നമ്മൾ ചെയ്തത് നാമപദങ്ങളെ ലിംഗപരമായ സവിശേഷതകളുടെ അടിസ്ഥാനത്തിൽ വേർതിരിക്കുകയായിരുന്നു. നാമപദങ്ങളെ പ്രയോഗതലത്തിൽ വ്യത്യാസപ്പെടുത്തുന്നതിൽ ഒരു പ്രധാന ഘടകം ലിംഗമാണ്. ഒരു നാമപദം

# വീണ്ടെടുക്കാം ഭൂമിയെ

സീമ ശ്രീലയം

ഈ മഹാപ്രപഞ്ചത്തിലെ കോടിക്കണക്കിനു ഗാലക്സികളിലൊന്നു മാത്രമായ ആകാശഗംഗയിൽത്തന്നെയുണ്ട് കോടിക്കണക്കിനു ഗ്രഹങ്ങൾ. എന്നാൽ ഇന്നോളമുള്ള നമ്മുടെ അറിവനുസരിച്ച് ഒരേയൊരു ജീവഗ്രഹം ഭൂമി മാത്രം. സർവജീവജാലങ്ങൾക്കും വരും തലമുറകൾക്കും ഒക്കെക്കൂടി ഒരേയൊരു ഭൂമിയേ ഉള്ളൂ എന്ന ഓർമ്മപ്പെടുത്തലുമായാണ് ഓരോ വർഷവും പരിസ്ഥിതി ദിനം കടന്നുവരുന്നത്. **ഭൂമിയുടെ പുനഃസ്ഥാപനം, മരുഭൂവൽക്കരണത്തിനും വരൾച്ചയ്ക്കുമെതിരായ പ്രതിരോധം** എന്നതാണ് ഈ വർഷത്തെ ലോക പരിസ്ഥിതി ദിന സന്ദേശം.

## പ്രശ്നങ്ങൾ കടലോളം

കൃഷിഭൂമി, വനം, പുൽമേടുകൾ, സാവന്ന, പീറ്റ്ലാന്റ്, പർവതപ്രദേശങ്ങൾ എന്നിങ്ങനെ വിവിധതരം ഭൂപ്രദേശങ്ങൾ ജീവന്റെ കളിത്തൊട്ടിലാണ്. ജൈവവൈവിധ്യകലവറയായ ഈ ഭൂപ്രദേശങ്ങളും സമുദ്രങ്ങൾ, നദികൾ, തടാകങ്ങൾ തുടങ്ങിയ ജല ആവാസവ്യവസ്ഥകളും കൂടിയാണ് ഭൂമിയെ ജീവനുള്ള ഭൂമിയാക്കി മാറ്റുന്നത്. മാനവരാശിക്ക് ഈ ജീവൽപ്രദേശങ്ങൾ നൽകുന്ന സേവനങ്ങൾ അമൂല്യമാണ്.

പക്ഷേ കരയിലെയും കടലിലെയും പർവതങ്ങളിലെയുമടക്കം ഭൂമിയിലെ ആവാസവ്യവസ്ഥകളെല്ലാം നാശത്തിന്റെ വക്കിലാണിപ്പോൾ. മനുഷ്യന്റെ വിവേചനരഹിതമായ പ്രവർത്തനങ്ങളും സുസ്ഥിരമല്ലാത്ത ഉല്പാദന-ഉപഭോഗ ക്രമവും കാരണം പ്രകൃതിയുടെയും ജൈവവൈവിധ്യത്തിന്റെയും നാശം, അതിരൂക്ഷമായ മലിനീകരണം തുടങ്ങി കടലോളം പ്രശ്നങ്ങൾക്ക് നടുവിലാണിപ്പോൾ ഭൂമി. കാലാവസ്ഥാവ്യതിയാനമാകട്ടെ ഇതിനെല്ലാം ആക്കംകൂട്ടുകയും ചെയ്യുന്നു.

ചന്ദ്രനിൽ നമ്മൾ മനുഷ്യരാശിയുടെ **കാല്പാടുകൾ** പതിപ്പിച്ചു...



...പക്ഷേ ഭൂമിയിൽ നമ്മൾ എന്താണ് **ബാക്കിവയ്ക്കാൻ** പോകുന്നത്?

ഭൂമിയുടെ ആകെ വിസ്തൃതിയുടെ ഏതാണ്ട് അഞ്ചിലൊന്ന് ഇതിനകംതന്നെ നാശോന്മുഖമായിക്കഴിഞ്ഞു. ലോക ജനസംഖ്യയുടെ 40 ശതമാനത്തോളവും ഭൂനാശത്തിന്റെ പ്രത്യാഘാതങ്ങളാൽ ജീവിതം വഴിമുട്ടി നിൽക്കുന്നവരാണ്. പ്രത്യേകിച്ചും തദ്ദേശീയർ, അതിവിദൂര ഗ്രാമങ്ങളിൽ വസിക്കുന്നവർ, ചെറുകിട കർഷകർ, അതിദരിദ്രർ തുടങ്ങിയവർ. ഇതിൽത്തന്നെ സ്ത്രീകളും യുവതലമുറയും കൂടുതലായി ഇതിന്റെ കെടുതികൾക്ക് ഇരയാവുന്നു. 55 ദശലക്ഷം ജനങ്ങളാണ് പ്രതിവർഷം കൊടുംവരൾച്ചയിൽപ്പെട്ടുഴലുന്നത്. ഭൂനാശം തടഞ്ഞില്ലെങ്കിൽ ആഗോള ഭക്ഷ്യോല്പാദനം 12 ശതമാനം കുറയുകയും 2040 -ഓടെ ഭക്ഷ്യവസ്തുക്കളുടെ വില 30 ശതമാനം കണ്ട്

വ്യവസ്ഥകളുടെ പുനഃസ്ഥാപനത്തിന്റെ പ്രാധാന്യം ലോകരാജ്യങ്ങൾ തിരിച്ചറിഞ്ഞുകഴിഞ്ഞു. ഏതാണ്ട് നൂറുകോടി ഹെക്ടർ പുനഃസ്ഥാപനം അത്യാവശ്യമായതിൽ പകുതിയോളവും സബ്-സഹാറൻ ആഫ്രിക്കയിലാണ്. ബാക്കിയുള്ളതിൽ കൂടുതൽ ഏഷ്യയിലും ലാറ്റിൻ അമേരിക്കയിലും.

## ചില വിജയഗാഥകൾ

ആവാസവ്യവസ്ഥകളുടെ പുനഃസ്ഥാപനത്തിന്റെ യു എൻ ദശകത്തിന്റെ ഭാഗമായി നേപ്പാളിൽ പുൽമേടുകളും വനവും പുനഃസ്ഥാപിച്ചതിലൂടെ കടുവകളുടെ എണ്ണത്തിൽ മൂന്നിരട്ടി വർധനവുണ്ടായി. ശ്രീലങ്കയിലാണെങ്കിൽ 2005 മുതൽ പുതുതായി വച്ചുപിടിപ്പിച്ച കണ്ടൽക്കാടുകളുടെ അതിജീവനം പ്രതീക്ഷയുടെ പച്ചത്തുരുത്താണ്. ആഫ്രിക്കൻ കർഷകരാവട്ടെ 50 ലക്ഷം ഹെക്ടർ കൃഷിഭൂമി പുനഃസ്ഥാപിക്കുന്നതിൽ വിജയിച്ചുകൊണ്ടിരിക്കുന്നു. അറേബ്യൻ മരുഭൂമികളിൽപ്പോലും പച്ചപ്പുണ്ടാക്കാൻ നാമിപ്പോൾ ശ്രമിച്ചുകൊണ്ടിരിക്കുന്നു.

**ഭൂമിയുടെ പുനഃസ്ഥാപനം, മരുവൽക്കരണത്തിനും വരൾച്ചയ്ക്കും എതിരായ പ്രതിരോധം** എന്നതാണ് ഈ വർഷത്തെ ലോക പരിസ്ഥിതി ദിന സന്ദേശം.

Credit: WED / UNEP




കുതിച്ചുയരുകയും ചെയ്യുമെന്ന് യു എൻ പഠന റിപ്പോർട്ട് അടിവരയിടുന്നു.

## കാക്കാം ഭൂമിയെ

ആഗോളതാപനം, കാലാവസ്ഥാവ്യതിയാനം, പ്രകൃതിയുടെയും ജൈവവൈവിധ്യത്തിന്റെയും നാശം, അതിരൂക്ഷമായ മലിനീകരണം എന്നീ അതിഗുരുതരപ്രതിസന്ധികൾ ഈ ജീവഗ്രഹത്തിൽനിന്ന് ദശലക്ഷക്കണക്കിനു ജീവിവർഗങ്ങളെ തുടച്ചുനീക്കും എന്ന് പഠനങ്ങൾ അപായമണി മുഴക്കിക്കഴിഞ്ഞു.

പക്ഷേ നമ്മളൊന്നു കൈകോർത്താൽ ഈ പ്രതിസന്ധിയിൽനിന്ന് കരകയറാനാകും. ആവാസ

## വേണം സുസ്ഥിര കൃഷി

ആഗോളതലത്തിൽ ചുരുങ്ങിയത് 200 കോടി ജനങ്ങളെങ്കിലും അവരുടെ ജീവിതമാർഗത്തിനായി കാർഷികമേഖലയെ ആശ്രയിക്കുന്നുണ്ട്. പക്ഷേ നമ്മുടെ നിലവിലെ ഭക്ഷ്യവ്യവസ്ഥ സുസ്ഥിരമല്ല.

നമ്മുടെ ഉല്പാദനവും ഉപഭോഗവും തമ്മിലുള്ള അന്തരം വലിയൊരു പ്രശ്നമാണ്.

ലോകത്ത് ഭക്ഷ്യസുരക്ഷ യാഥാർഥ്യമാവണമെങ്കിൽ സുസ്ഥിരകൃഷി യാഥാർഥ്യമായേ തീരൂ. ആവാസവ്യവസ്ഥകളെ സംരക്ഷിച്ചുകൊണ്ടുള്ള റീജനറേറ്റീവ് കൃഷിയും ശാസ്ത്രസാങ്കേതിക മുന്നേറ്റങ്ങൾക്കൊപ്പം കൃഷിയിലെ പരമ്പരാഗത അറിവുകളും കൃഷിരീതികളും പ്രയോജനപ്പെടുത്തലും ആവശ്യമാണ്. ജനിതക എഞ്ചിനീയറിങ്ങിലൂടെ കൃഷിയും കൃഷിരീതികളും മെച്ചപ്പെടുത്താം. കീടനാശിനികളും വളങ്ങളും കൃത്യമായ തോതിൽ മാത്രം ഉപയോഗിക്കാൻ കഴിയണം. പ്രിസിഷൻ ഫാമിങ്ങിൽ നാനോ ടെക്നോളജിയിലെ മുന്നേറ്റങ്ങൾ പ്രയോജനപ്പെടുത്താം.

## പരോപകാര പ്രവണം

ഏതാണ്ട് മുന്നൂറോളം ഫലവർഗ്ഗ സ്പീഷിസ്സുകളിൽ പരാഗണം നടത്താൻ വവ്വാലുകൾ സഹായിക്കുന്നുണ്ട്. വവ്വാലുകളില്ലെങ്കിൽ മാങ്ങയോടും അവക്കാഡോ, വാഴപ്പഴം എന്നിവയോടുമൊക്കെ ബൈ പറയേണ്ടിവരും. വിത്തുവിതരണത്തിലും ഇവയ്ക്കു പങ്കുണ്ട്.

ലോകത്തിലെ 75 ശതമാനത്തോളം ഫലസസ്യങ്ങളും ധാന്യവിളകളും തേനീച്ച, മറ്റു ഷഡ്പദങ്ങൾ, വവ്വാലുകൾ, പക്ഷികൾ തുടങ്ങിയ പരാഗണകാരികളുടെ സഹായത്തോടെയാണ് നിലനിന്നുപോരുന്നത്. അതുകൊണ്ടുതന്നെ ഈ പരാഗണകാരികളെയും അവയുടെ ആവാസവ്യവസ്ഥകളെയും നാം കാത്തുസംരക്ഷിക്കേണ്ടതുണ്ട്. വീട്ടിലെയും വിദ്യാലയത്തിലെയുമൊക്കെ പൂന്തോട്ടത്തിൽ തദ്ദേശീയ പുഷ്പങ്ങൾ വളർത്തി പക്ഷികളെയും പൂമ്പാറ്റകളെയുമൊക്കെ ആകർഷിക്കാം.

## ജലമില്ലെങ്കിൽ നാമില്ല

ലോകത്തിലെ ശുദ്ധജല ആവാസവ്യവസ്ഥകൾ ശതകോടിക്കണക്കിനാളുകൾക്ക് ശുദ്ധജലവും ഭക്ഷണവും ലഭ്യമാക്കുന്നു. അതോടൊപ്പം എത്രയോ സസ്യജന്തുജാലങ്ങളുടെ ആവാസവ്യവസ്ഥ കൂടിയാണത്. ജലചക്രത്തിന്റെ സന്തുലിതാവസ്ഥ നിലനിർത്തുകയും കരഭൂമിക്ക് ഫലഭൂയിഷ്ഠതയേകുകയും ചെയ്യുന്ന ശുദ്ധജല ആവാസവ്യവസ്ഥകളുടെ പുനഃസ്ഥാപനം അനിവാര്യമാണ്. കാലാവസ്ഥവ്യതിയാനവും മലിനീകരണവും അമിത മൽസ്യബന്ധനവും അമിത ചൂഷണവും ശുദ്ധജല ആവാസവ്യവസ്ഥകളെ ശോഷിപ്പിച്ചുകൊണ്ടേയിരിക്കുന്നു. അതുകൊണ്ടുതന്നെ ജലവിഭവ മാനേജ്മെന്റിൽ നാമിനിയും കൂടുതൽ ശ്രദ്ധ പതിപ്പിക്കണം. ഓരോ തുള്ളി ജലവും അമൂല്യമാണെന്ന് എപ്പോഴും ഓർക്കാം. ചെറിയ മലിനീകരണ സാധ്യതപോലും തടഞ്ഞ് ശുദ്ധജല ആവാസവ്യവസ്ഥകളുടെ ആരോഗ്യം ഉറപ്പാക്കുകയും ജലഗുണനിലവാരം മെച്ചപ്പെടുത്തുകയും ചെയ്യേണ്ടത് നമ്മുടെ നിലനില്പിന് അത്യാവശ്യമാണ്. കണ്ടൽക്കാടുകളുടെ സംരക്ഷണവും പുനഃസ്ഥാപനവും അനിവാര്യം.



## കനിവുകൾ കടലോളം; പ്രശ്നങ്ങളും

കാലാവസ്ഥയെ നിയന്ത്രിക്കുന്നതിലൂടെ, ഹരിതഗൃഹ വാതകമായ കാർബൺ ഡൈ ഓക്സൈഡിനെ ആഗിരണം ചെയ്യുന്നതിലൂടെ, സസ്യപ്ലവകങ്ങൾ




പ്രകാശസംശ്ലേഷണ സമയത്തു പുറത്തുവിടുന്ന ഓക്സിജനിലൂടെ, ദശലക്ഷക്കണക്കിനാളുകൾക്ക് ജീവനോപാധിയാവുന്ന മൽസ്യസമ്പത്ത് അടക്കമുള്ള സമുദ്രവിഭവങ്ങളിലൂടെ ഒക്കെ സമുദ്രങ്ങൾ നമ്മെ സഹായിച്ചുകൊണ്ടേയിരിക്കുന്നു. പവിഴപ്പുറ്റുകൾപോലെ അമൂല്യമായ ജൈവവൈവിധ്യത്തിന്റെ കലവറയാണ് സമുദ്ര ആവാസവ്യവസ്ഥകൾ. പുനഃസ്ഥാപിക്കാൻ കഴിയുന്ന നല്ലൊരു ഊർജസ്രോതസ്സു കൂടിയാണ് സമുദ്രം. എന്നാൽ കാലാവസ്ഥാ വ്യതിയാനം, രൂക്ഷമായ മലിനീകരണം, ജൈവവൈവിധ്യനാശം, സമുദ്രതാപനില ഉയരൽ തുടങ്ങിയ പ്രശ്നങ്ങൾക്ക് നടുവിലാണിപ്പോൾ സമുദ്രങ്ങൾ. കടലിനും തീരത്തിനും ദോഷം വരുത്താതെയുള്ള വികസനം, പ്ലാസ്റ്റിക്കും മലിനജലവുമടക്കമുള്ള മാലിന്യങ്ങൾ കടലിലേക്ക് എത്തുന്നത് തടയൽ എന്നിവ അടിയന്തിര പ്രാധാന്യമർഹിക്കുന്നു.

## മണ്ണിനു വേണം ആരോഗ്യം

ആരോഗ്യമുള്ള ജീവിതത്തിന് ആരോഗ്യമുള്ള മണ്ണ് വേണം. ഭക്ഷ്യസുരക്ഷ, സുസ്ഥിര വികസനം, ലോകത്തിന്റെ പട്ടിണി ഇല്ലാതാക്കൽ, ആവാസവ്യൂഹത്തിന്റെ ശരിയായ പ്രവർത്തനം എന്നിവയ്ക്ക് മണ്ണിന്റെ ആരോഗ്യം ഉറപ്പുവരുത്തേണ്ടത് അത്യാവശ്യമാണ്.

ശാസ്ത്രീയമല്ലാത്ത കൃഷിരീതികൾ, കാലിമേച്ചിൽ, വനനശീകരണം എന്നിവയുടെ ഫലമായി ഓരോ അഞ്ചു സെക്കൻഡിലും ഒരു ഫുട്ബോൾ പിച്ചിന്റെ അത്രയും മണ്ണ് നഷ്ടമാവുന്നു എന്നാണു കണക്ക്. മൂന്നു സെന്റിമീറ്റർ മേൽമണ്ണ് രൂപപ്പെടുന്നത് ആയിരം വർഷം കൊണ്ടാണെന്നറിയുമ്പോൾ മനസ്സിലാവും ഇതിന്റെ പ്രാധാന്യം.

## ഹരിതമാവണം നഗരങ്ങൾ

ലോകത്തിലെ പകുതിയോളം ജനങ്ങളെയും ഉൾക്കൊള്ളുന്ന നഗരങ്ങൾ ആഗോളവിഭവങ്ങളുടെ വലിയൊരു പങ്ക് ഉപയോഗിക്കുന്നു. അതേസമയം മാലിന്യത്തിന്റെ പകുതിയോളവും ഹരിതഗൃഹ വാതകങ്ങളുടെ 60 ശതമാനത്തോളവും പുറന്തള്ളുന്നതും നഗരങ്ങളാണ്.

നഗരങ്ങൾ ഹരിതമാക്കാൻ വീഥികൾക്കിരുവശവും ചെടികൾ വളർത്താം. ഫ്ലാറ്റുകളിലും കെട്ടിടങ്ങളിലും വെർട്ടിക്കൽ ഗാർഡൻ, റൂഫ്ടോപ് ഗാർഡൻ എന്നിവയാകാം.

ഈ ഭൂമി നമുക്ക് പൂർവികസ്വത്തായി ലഭിച്ചതല്ലെന്നും വരും തലമുറകളിൽനിന്ന് കടം വാങ്ങിയതാണെന്നും സകലജീവജാലങ്ങൾക്കും അമ്മയാണ് ഭൂമിയെന്നും ഓർത്തുകൊണ്ട് ഭൂമിയമ്മയുടെ രക്ഷയ്ക്കായുള്ള പ്രവർത്തനങ്ങളിൽ നമുക്ക് കൈകോർക്കാം. അങ്ങനെ #GenerationRestoration എന്ന ആശയം നമുക്കൊരുമിച്ച് പ്രാവർത്തികമാക്കാം.

ഇളംതളിരിലേക്ക് കൂട്ടുകാരുടെ സൃഷ്ടികൾ അയക്കൂ. രചനകൾ ചെറുതായിരിക്കണം. കുഞ്ഞുകഥയോ കവിതയോ ലേഖനമോ ആകാം. തളിരിനെക്കുറിച്ചുള്ള അഭിപ്രായങ്ങളും അയക്കാം.

# മുഖമുടി



വേനൽ തെറുക്കുന്ന
മരവിച്ച കൈകളിൽ
ഇടിമിന്നൽ പിടിച്ചിട്ട്
കതീജുമ്മ പെയ്യാൻ തുടങ്ങുന്നു.

പുകച്ചൂര് തട്ടി മാറ്റി
പുറകിലെ വീട്ടിൽ
കുറെ പെണ്ണുങ്ങൾ
കുടുംബശ്രീ കൂടുന്നു.

ചുമരിലെ ഇരുണ്ട ദ്വാരത്തിലൂടെ
കരിത്തുണി മാറോടണച്ച്
അവളൊളിഞ്ഞു നോക്കുന്നു.

അവളുടെ പരന്ന തട്ടത്തിന്റെ
കുറുകിയ തുമ്പുകളിൽ
രാത്രി കൂട്ടുപിടിക്കുന്നു.
നക്ഷത്രങ്ങൾ ജനാലയിലൂടെ
സ്വപ്നം കാണുന്നു.

വെളുത്ത ദേഹത്തിലെ
കാട്ടുവള്ളികളുടെ പരപ്പിൽ
ചുവന്ന പൂക്കൾ പിറവിയെടുക്കുന്നു.
അവൾ പൊട്ടിത്തെറിക്കുന്നു.

കഴുത്തിലെ തട്ടം പറിച്ചു കളഞ്ഞ്
കവിതയെഴുതുന്നു.
പേനത്തുമ്പത്തെ മുഖംമൂടി
ആകാശത്തെ കാണുന്നു.
പറത്തിവിട്ട മുടിയിഴകൾ
കുടുംബശ്രീയെ തൊടുന്നു.

**സിജേഷ് കെ ജി**
ക്ലാസ് 10
ജി എച്ച് എസ് എസ്
കോട്ടായി, പാലക്കാട്

# വര



**ജെയ്ൻ സെനോ**
ക്ലാസ് 6
ലൂർദ് പബ്ലിക് സ്കൂൾ, കോട്ടയം

# മണ്ണെണ്ണയാകാശം

**വൈഗപ്രഭ കെ എ**
ക്ലാസ് 9,
ജി വി ജി എച്ച് എസ് എസ് ചിറ്റൂർ
പാലക്കാട്

കലാലയത്തിന്റെ ഇടനാഴിയിലൂടെ അയാൾ നഗ്നപാദനായി നടന്നു. വിപ്ലവങ്ങളുടെ പ്രതിധ്വനിക്ക് കാതോർത്തുകൊണ്ട് പ്രണയവും സൗന്ദര്യവും പിണക്കവും എഴുതിച്ചേർത്ത വരാന്തയിലൂടെ നടന്ന് അയാൾ ആൽമരത്തിന്റെ താഴേക്കു വന്നു. വാച്ചിൽ സമയം 7.30. ഇനിയും ഒരു മണിക്കൂർ... 'മണ്ണെണ്ണയാകാശം' കൂട്ടായ്മയിൽ പുതിയ സന്ദേശങ്ങൾ ഒന്നുമില്ല, ഇന്നലെ എല്ലാവരും അയച്ച വെറും രണ്ടു വാക്കുകൾ മാത്രം, 'ഞാൻ എത്താം'.

അതിരാവിലെ വീട്ടിൽനിന്ന് ഇറങ്ങുമ്പോൾ ഭാര്യ ചോദിച്ചതാണ്, 'എന്തിനാ ഇത്ര നേരത്തേ, 8.30ന് എത്തിയാൽപ്പോരേ?' 'വെറുതെ കോളേജ് ഒക്കെ ഒന്ന് കാണാലോ' എന്ന് സ്വയം വഞ്ചിക്കുന്നപോലെ പറഞ്ഞ പൊള്ളയായ വാക്കുകൾക്കിടയിൽ ഒളിച്ചിരുന്നത് പക്ഷേ വലിയൊരു പ്രതീക്ഷയാണ്. തന്നെക്കൂടാതെ മനു, ജോൺ, ജ്യോതി, സാറ ഉൾപ്പെടുന്ന അഞ്ചംഗ സംഘത്തിലെ എല്ലാവരും നേരത്തെതന്നെ എത്തും. അവരും വലിയ പ്രതീക്ഷയിലായിരിക്കും.

പക്ഷേ രാവിലെ 7.15ന് കോളേജിൽ എത്തിയപ്പോൾ ആരെയും അവിടെ കണ്ടില്ല. സെക്യൂരിറ്റി ഗേറ്റ് തുറന്നു തന്നു. ആദ്യം എത്തിനോക്കിയത് ആൽമരത്തിനിടയിൽ കൊത്തിവെച്ച ആ പേരുകൾ ഇന്നും അവശേഷിക്കുന്നുണ്ടോ എന്നായിരുന്നു. കണ്ണുകളെ വിശ്വസിക്കാനായില്ല. കാലം മായ്ക്കാത്ത മുറിവുകളായി അത് ഇന്നും അവിടെ അവശേഷിക്കുന്നു. അടിയിൽ പ്രകൃതിക്കായി മാത്രം എന്ന് എഴുതിയതും.



വര: സചീന്ദ്രൻ കാറഡുക്ക

എട്ടു മണിയായപ്പോഴേക്കും ഓരോരുത്തരായി എത്തിത്തുടങ്ങി. ഓർമ്മയിൽനിന്ന് എന്നോ വിരമിച്ചുപോയ മുഖങ്ങൾ. ചിലർ തിരകൾ പോലെ മനസ്സിലേക്ക് അലയടിച്ചു കയറി. അപ്പോഴും മനസ്സും കണ്ണും തിരഞ്ഞത് ആ നാലുപേരെ മാത്രമായിരുന്നു. പരിപാടികൾ ആരംഭിച്ചു. അപ്പോഴും അവർ വന്നില്ല. ആ 35 പേർക്കിടയിലും അയാൾ ഏകാന്തതയിൽപ്പെട്ടു. പെട്ടെന്ന് വേദിയിൽ സാറയും ജ്യോതിയും പ്രത്യക്ഷപ്പെട്ടപ്പോൾ എന്തെന്നില്ലാത്ത ആഹ്ലാദം ! പണ്ടുമുതലേ ആങ്കറിങ് മേഖല തെരഞ്ഞെടുത്തവർ. കുറച്ച് നിമിഷങ്ങൾക്കകം മനുവും ജോണും കൂടി എത്തിച്ചേർന്നപ്പോൾ യുഗങ്ങളായി തിരഞ്ഞുകൊണ്ടിരുന്ന നിധി തിരികെ കിട്ടിയപോലെ. പിന്നെ, പരിപാടികളിൽ ശ്രദ്ധ ചെലുത്താനായില്ല. ആ പഴയകാല ഓർമ്മകൾ മനസ്സിൽ വന്നു നിറഞ്ഞു. കോളേജിലെ ഏറ്റവും വലിയ പ്രകൃതിസ്നേഹികൾ ആയ അഞ്ചംഗ സംഘത്തിന് വിദ്യാർഥിക്കൂട്ടം പതിച്ചുനൽകിയ പേരുകൾ... മണ്ണെണ്ണയാകാശം, പ്രകൃതി പ്രവർത്തകർ, പ്ലാസ്റ്റിക് വിരോധികൾ, അങ്ങനെ എന്തെല്ലാം... മരങ്ങളെ സംരക്ഷിക്കാനായി, മണ്ണിടിച്ചിൽ തടയാനായി എത്ര രാത്രികൾ പകലുകളാക്കി പ്രകൃതിയുടെ മടിത്തട്ടിൽ അലഞ്ഞുനടന്നു. പിന്നീട് പലവഴിക്ക് പല ചിറകുകളും സ്വപ്നങ്ങളുമായി എല്ലാരും

പറന്നകന്നു.

'മണ്ണെണ്ണയാകാശം' എന്ന കൂട്ടായ്മ പക്ഷേ കോളേജ് റീയൂണിനുള്ള ഒഫീഷ്യൽ ഗ്രൂപ്പായി മാറി. പിന്നീട് ഇപ്പോഴാണ് ഒരു കൂടിച്ചേരൽ.

ഔപചാരിക ചടങ്ങുകൾക്കപ്പുറം ഓർമ്മകൾ അവശേഷിപ്പിച്ചുപോയ പഴയ ദിനങ്ങളെ ഓർത്തെടുക്കാൻ ആ അഞ്ചുപേർ ആൽമരത്തിന് താഴെ വീണ്ടും ഒന്നിച്ചുകൂടി. പരിചയം പുതുക്കി.

"മുരളീ, നീയെന്താ ഇപ്പോൾ ചെയ്യുന്നെ..." സാറയാണ് തിരക്കിയത്.

"പരിസ്ഥിതി പ്രവർത്തകനും സാഹിത്യകാരനുമൊക്കെയാണ്..." അഭിമാനത്തോടെ പറഞ്ഞു.

"നിന്റെ പ്രകൃതി ഇനിയും സുരക്ഷിതമായില്ലേ..." മനുവിനെ പിന്താങ്ങി കൂട്ടച്ചിരി ഉയർന്നു. സംസാരം മാറ്റാനായി അയാൾ ആൽമരത്തിനിടയിൽ അന്ന് കൊത്തിവെച്ച ആ പേരുകൾ കാണിച്ചുകൊടുത്തു. പക്ഷേ ആരുടെയും മുഖത്ത് സന്തോഷം നിറഞ്ഞില്ല. കൗതുകവും ആകാംക്ഷയും തിരയടിച്ചില്ല.

"നമുക്ക് ഒന്നുകൂടി തുടങ്ങേണ്ടേ ഇതൊക്കെ. നമ്മൾ ശരിക്കും ആലോചിക്കേണ്ടേ വീണ്ടും ഇതെല്ലാം തുടങ്ങുന്നതിനെപ്പറ്റി."

"എന്റെ പൊന്നു മുരളീ, ഇനി നീ അതിനെ കെട്ടിപ്പൊക്കല്ലേ. അല്ലെങ്കിലേ മനുഷ്യന് നേരമില്ല. ഫാക്ടറി നോക്കി നടത്താൻ തന്നെ എനിക്ക് പറ്റുന്നില്ല പിന്നല്ലേ..." ജോൺ പറഞ്ഞു.

"അല്ലെങ്കിലും ഇതൊക്കെ എങ്ങനെ നമ്മൾ ചെയ്യാനാ... സമയവും പണവും നഷ്ടം. കമ്പനിയിൽനിന്ന് കിട്ടുന്നതുകൊണ്ട് തട്ടിമുട്ടിയാണ് കുടുംബം നീങ്ങുന്നത്." ജ്യോതിയാണ് അതു പറഞ്ഞത്.

"നീ വെറുതെ ഇരിക്കുന്നതുകൊണ്ടാ നിന്റെ മനസ്സില് ഇത്തരം മണ്ടൻ ആശയങ്ങൾ. എന്റെ കമ്പനിയിൽ ഒരു വേക്കൻസി ഉണ്ട്. വേണെങ്കിൽ നിനക്ക് അത് ശരിയാക്കാം."

"ഒന്നും വേണ്ട."

ഒരു ഇടർച്ചയോടെ അയാൾ കോളേജിന് പുറത്തേക്കു നടന്നു. കെട്ടിപ്പൊക്കിയ പ്രതീക്ഷയും തകർന്നടിഞ്ഞു. അഞ്ച് താളുകൾ ഉള്ള പുസ്തകത്തിലെ നാലു താളും അറ്റുപോയി. ഒരു താൾ മാത്രം. അയാൾ കടൽക്കരയിൽ അനന്തമായ ആകാശത്തിലേക്ക് കണ്ണു പായിച്ചുകൊണ്ട് കിടന്നു.

അയാൾ ഒരു പകൽക്കിനാവ് കണ്ടു. നിലവിളിച്ചലറുന്ന പ്രകൃതി, അതിനിടയിൽ കത്തിയെരിയുന്ന മനുഷ്യർ... അതിൽ അയാളും.

കിനാവിൽനിന്ന് യാഥാർഥ്യത്തിലേക്കുള്ള ദൂരം വളരെ ചെറുതായിരുന്നു.

# വര



**ദേവപ്രിയ കെ എസ്** ക്ലാസ് 7
എസ് കെ എച്ച് എസ് എസ്
ആനന്ദപുരം തൃശ്ശൂർ



**കൃഷ്ണ ആർ നായർ,** ക്ലാസ് 12
ജി വി എച്ച് എസ് എസ് നെന്മാറ
പാലക്കാട്

THALIRU
June 2024, Volume 31, Issue No. 6, 48 Pages
Printed and Published by Palliyara Sreedharan on behalf of Kerala State Institute of Children's Literature, Thiruvananthapuram. Printed at St. Joseph's Press, Thiruvananthapuram, Kerala and Published at Kerala State Institute of Children's Literature, Sanskrit College campus, Palayam, Thiruvananthapuram -34
Editor: Palliyara Sreedharan



# വര

**സന സിദ്ര എസ്**
ക്ലാസ് 1
ശ്രീനാരായണ
പബ്ലിക് സ്കൂൾ,
കൊല്ലങ്കോട്,
പാലക്കാട്.

# സർട്ടിഫിക്കറ്റും സ്കോളർഷിപ്പ് തുകയും വിതരണം ചെയ്തു.




കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് സംഘടിപ്പിച്ച തളിര് സ്കോളർഷിപ്പ് 2023 ജില്ലാതല പരീക്ഷയിൽ വിജയികളായ കുട്ടികളുടെ സർട്ടിഫിക്കറ്റുകളും സ്കോളർഷിപ്പ് തുകയും വിതരണം ചെയ്തു.

സർട്ടിഫിക്കറ്റും സ്കോളർഷിപ്പ് തുകയും ലഭ്യമായിട്ടില്ലെങ്കിൽ ഇൻസ്റ്റിറ്റ്യൂട്ടുമായി ബന്ധപ്പെടേണ്ടതാണ്.

സർട്ടിഫിക്കറ്റ് കുട്ടിയുടെ വിലാസത്തിലേക്കാണ് അയക്കുക. സ്കോളർഷിപ്പ് തുക വിദ്യാർത്ഥി/രക്ഷിതാവിന്റെ ബാങ്ക് അക്കൗണ്ടിലേക്കാവും ലഭ്യമാവുന്നത്.

ഇൻസ്റ്റിറ്റ്യൂട്ടുമായി ബന്ധപ്പെടേണ്ട നമ്പർ 8547971483.

## തളിര് സ്കോളർഷിപ്പ് കൈപ്പറ്റി



തളിര് സ്കോളർഷിപ്പ് 2023 സംസ്ഥാനതല പരീക്ഷയിൽ മൂന്നാം റാങ്ക് നേടിയ കൊല്ലം ജില്ലയിലെ ചവറ സൗത്ത് ജി യു പി എസ്സിലെ ആറാം ക്ലാസ് വിദ്യാർത്ഥി മീനാക്ഷി എ ആർ ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പള്ളിയറ ശ്രീധരനിൽനിന്ന് സമ്മാനം കൈപ്പറ്റുന്നു. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ബിനോദ് കെ, ഓഫീസ് മാനേജർ ബി എസ് പ്രദീപ്കുമാർ എന്നിവർ സമീപം.

**THALIRU** (monthly)
Children's Magazine
Licensed to post without prepayment under no. KL/TV (N)/ WPP/11/2024-26
RNI No. 20076/1970
Regd KL/TV (N)/399/2024-2026
June 2024
Published on 01-06-2024 Vol:31, Issue: 6, ₹25

## ഓൺലൈനിൽ പണമടയ്ക്കാൻ

ഓൺലൈൻ ട്രാൻസ്ഫർ മുഖേന വരിസംഖ്യ
അടയ്ക്കുമ്പോൾ താമസം കൂടാതെ മാസിക
ലഭിക്കുന്നതിനായി ബാങ്ക് ട്രാൻസ്ഫർ വിവരങ്ങളും
മാസിക ലഭിക്കേണ്ട പൂർണ്ണവിലാസം
(പിൻകോഡും മൊബൈൽനമ്പറും ഉൾപ്പെടെ)
കാണിച്ച് ഇൻസ്റ്റിറ്റ്യൂട്ടിലേക്ക്
ഒരു കത്ത് / ഇമെയിൽ (thaliru@ksicl.org)
കൂടി അയക്കണം. **8547971483** എന്ന
നമ്പറിലേക്ക് വാട്സ്ആപ്പ് ആയും
റസീപ്റ്റും വിലാസവും അയക്കാവുന്നതാണ്.



## തളിര് മാസിക തപാലിൽ ലഭിക്കാൻ

**വാർഷികവരിസംഖ്യയായ
250 രൂപ
ബാങ്ക് ട്രാൻസ്ഫർ/
മണിയോർഡർ/ഡിഡി
ആയി അയക്കുക.**

**ACCOUNT NUMBER : 30583524448
IFS Code : SBIN0004360
BANK: SBI - SPL PBB,
THIRUVANANTHAPURAM**

വര: സുധീർ പി.വൈ